# വിശുദ്ധ ചാവറപിതാവിന്റെ
# സമ്പൂർണ്ണ കൃതികൾ

വാല്യം മൂന്ന്

# ആദ്ധ്യാത്മിക കൃതികൾ

എഡിറ്റർ: ഫാ. ഇസഡ് എം. മൂഴൂർ സി.എം.ഐ.
(കൺവീനർ, ഭാഷാപരിശോധക സമിതി)

ചാവറ സെൻട്രൽ സെക്രട്ടേറിയറ്റ്

*Malayalam*
***Visudha Chavarapithavinte Sampoorna Kruthikal***
*(Volume III Adhyatmikakruthikal)*

*Edited by* ***Fr. Z.M. Moozhoor, C.M.I***

*First Published December, 1981*
*Second Published February 1986*
*Fourth Edition 2021*

*Published by*
*Chavara Central Secretariat*
*Chavara Hills, Kakkanad*

*Design & Printed at*
*Viani Printings, Kochi -682 018*
*Ph : 0484 - 2401635*

*Price : 100/-*

*No. of Copies : 2000*

*Distribution:*
*Chavara Central Secretariat,*
*CMI Prior General's House*
*Chavara Hills, Thengode P.O.,*
*Kakkanad, Kochi - 682 030.*

# ഉള്ളടക്കം


| | |
|---|---|
| അവതാരിക | 4 |
| പ്രസാധകക്കുറിപ്പ് | 14 |
| ധ്യാനസല്ലാപങ്ങൾ ആമുഖം | 15 |
| ധ്യാനസല്ലാപങ്ങൾ | 17 |
| ധ്യാനാരംഭക്രമം | 52 |
| പരിശുദ്ധ ദൈവമാതാവിനെക്കുറിച്ചുള്ള ജപം | 53 |
| ധ്യാനക്കുറിപ്പുകൾ | 55 |
| ര. മ. യ. ദെയവവിളിമെൽ ധ്യാനം | 57 |
| ദെയവ മനൊഗുണങ്ങൾമ്മെൽ ധ്യാനം | 62 |
| ചാവുദൊഷത്തിമ്മെൽ ധ്യാനം | 66 |
| രണ്ടച്ചന്മാരുടെ വെല എന്നതിമ്മെൽ | 69 |
| ഭക്തിയില്ലാത്ത പട്ടസുഖക്കാരന്റെ മരണം | 74 |
| ചാവറയച്ചൻ ചൊല്ലിയിരുന്ന ചില പ്രാർത്ഥനകൾ | 75 |
| നാല്പതുമണി ആരാധന ആമുഖം | 87 |
| നാല്പതുമണി ആരാധന | 88 |

# അവതാരിക

ശാസ്ത്ര, സാങ്കേതിക, സാഹിത്യ, വൈജ്ഞാനിക മേഖലകളിൽ അറിവും അനുഭവങ്ങളും പുരോഗതിയും നേടിയ ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ കേരളസമൂഹത്തിന് പരിചിതനാമമാണ് വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ. വിദ്യാഭ്യാസം, സാഹിത്യം, ആദ്ധ്യാത്മികം, സാമൂഹ്യപ്രവർത്തനം എന്നീ മേഖലകളിൽ തനത് വ്യക്തിമുദ്ര, വ്യക്തതയോടെ പതിപ്പിച്ച പ്രവർത്തനങ്ങളാണ് ചാവറയച്ചന് കേരള വൈജ്ഞാനിക-സാഹിത്യചരിത്രങ്ങളിൽ ഇടം നൽകിയത്. മറഞ്ഞുകിടന്നവയെയും മറന്നുകിടന്നവയെയും പ്രകാശമാനമാക്കി, ചരിത്രങ്ങൾ ഇനിയും കൂടുതൽ ശുദ്ധതയോടും വ്യക്തതയോടുംകൂടി ഉപരിവായനക്കും പഠനത്തിനുമായി സമൂഹത്തിന് ലഭ്യമാക്കപ്പെടേണ്ടതുണ്ട് എന്ന ബോധ്യത്തിൽനിന്നുമാണ് വിശുദ്ധ ചാവറപിതാവിന്റെ സമ്പൂർണകൃതികൾ പുനഃപ്രകാശനം ചെയ്യപ്പെടുന്നത്.

1805 ഫെബ്രുവരി 10-ാം തീയതി കൈനകരി ചാവറ കുടുംബത്തിൽ ജനിച്ച കുര്യാക്കോസ് ഏലിയാസച്ചൻ 1871 ജനുവരി 3-ാം തീയതി ദൈവസന്നിധിയിലെ അമൂല്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. ഈ കാലയളവിൽ അദ്ദേഹം പ്രവർത്തിച്ച മേഖലകളും അഭിമുഖീകരിച്ച സംഭവങ്ങളും, ആവിഷ്കരിച്ച സംരംഭങ്ങളും, സി.എം.ഐ., സി.എം.സി സഭകളുടെ സ്ഥാപനവുമായി ബന്ധപ്പെട്ട അറിവുകളും നൽകുന്ന അനുദിനകുറിപ്പുകളുടെ രൂപമായ നാളാഗമങ്ങളും ഒപ്പം, അദ്ദേഹം രചിച്ച ആദ്ധ്യാത്മിക-സാഹിത്യകൃതികളും, അദ്ദേഹത്തിന്റെ കത്തുകളും ഒരുമിച്ച് ഒരു ശേഖരമെന്ന നിലയിൽ പുനഃപ്രസിദ്ധീകരിക്കുമ്പോൾ, ഒരു ഗ്രന്ഥം എന്നതിലുപരി ഉപകാരപ്രദമായ ഒരു റഫറൻസ് ശേഖരം കൂടിയായി മാറുന്നു.

ജാതീയമായ സങ്കീർണതകൾ നിലനിന്നിരുന്ന ഒരു കാലഘട്ടത്തിൽ, അവയ്ക്കെതിരെ ശബ്ദമുയർത്തുക മാത്രം ചെയ്യുക എന്നതിനെക്കാൾ, പ്രവർത്തിച്ചുതുടങ്ങാനുള്ള ആർജ്ജവം ചാവറയച്ചൻ പ്രകടമാക്കി എന്നത് ജാതിവിവേചനം, ദളിത്ജീവിതം എന്നീ മേഖലകളിൽ ചാവറയച്ചനെ സ്മരണീയനാക്കി.

ഒരു വ്യക്തിയോ സമൂഹമോ പ്രസ്ഥാനമോ പുലർത്തുന്ന ദർശനങ്ങൾ കാലാതിവർത്തിയായും, സാമൂഹികനവീകരണത്തിൽ രാസത്വരകമായും, തലമുറകളോട് സംവദിക്കുന്ന നവഭാഷയായും പ്രവർത്തിക്കുമ്പോഴാണ് അത് നവോത്ഥാനദർശനമായി പരിഗണിക്കപ്പെടുന്നത്. വിദ്യാഭ്യാസമേഖലയിൽ, അച്ചുകൂടനിർമ്മിതിയുൾപ്പെടെയുള്ള ചാവറയച്ചന്റെ ഇടപെടൽ, കാലമേറെ വൈകിയാണെങ്കിൽക്കൂടി, ഇന്ന് സമൂഹം അംഗീകരിക്കുമ്പോൾ, അവയുടെ ഉപാദാനവും ഫലവുമായി സാക്ഷ്യപ്പെടുത്തുന്ന ഇന്നത്തെ കേരള-വിദ്യാഭ്യാസ മേഖല ചരിത്രവസ്തുതകളിൽ അടിസ്ഥാനമിട്ട് വൈജ്ഞാനികമായി ഇനിയും ഉണരേണ്ടതുണ്ട്. ഋജുഭാവത്തോടെ അവതരിപ്പിക്കപ്പെടുന്ന ചരിത്രം അംഗീകരിക്കാതെ തരമില്ല.

വിശുദ്ധ ചാവറപിതാവിന്റെ സമ്പൂർണകൃതികൾ പ്രസക്തമാകുന്നത് ഇവിടെയാണ്. *നാളാഗമങ്ങൾ* എന്ന പേരിലുള്ള ആദ്യഭാഗം 1830 മുതൽ 1870 വരെയുള്ള ചരിത്രരേഖയാണ്. അതിൽ വ്യക്തിയും സമൂഹവും സഭയും പ്രാദേശികതയും മതവും ക്രയവിക്രയങ്ങളും ജീവിത ദർശനങ്ങളും സഭാസ്ഥാപനഘട്ടങ്ങളുമെല്ലാം ഉൾപ്പെടുന്നുണ്ട്. ഗതകാലത്തിലെ അനുദിന - ഓർമക്കുറിപ്പു മാത്രമല്ല, മറിച്ച് വരുംതലമുറയ്ക്കുള്ള ചരിത്രസമ്മാനം കൂടിയാണത്.

സാഹിത്യമേഖലയിലെ ചാവറയച്ചന്റെ ഇടപെടൽ പൊതുസമൂഹ ശ്രദ്ധയിലെത്തുന്നതുപോലും കഴിഞ്ഞ നാലു ദശകങ്ങൾക്കുള്ളിൽ മാത്രമാണ്. അതിനുപിന്നിൽ ഒരു ശതാബ്ദക്കാലം പലകാരണങ്ങളാൽ ചരിത്രം മറഞ്ഞുകിടന്നു എന്നത്, മലയാളത്തിലെ സാഹിത്യചരിത്രങ്ങളുടെ രചനയിൽ ചാവറയച്ചനും അദ്ദേഹത്തിന്റെ സാഹിത്യ സപര്യയും ഇടംപിടിക്കാതെ പോയതിന് ഒരു കാരണമാണ്. സാഹിതീസംഭാവനകളെ പരിഗണിച്ചും ആദരിച്ചും ചാവറയച്ചന്റെ ഛായാചിത്രം കേരള സാഹിത്യ അക്കാദമി ഹാളിൽ 2006 മെയ് നാലിന് അനാച്ഛാദനം ചെയ്തുവെന്നതും, മലയാളനാടകചരിത്രത്തിലെ ആദ്യരൂപമായി ഗണിക്കപ്പെടേണ്ട *ഇടയനാടകങ്ങൾ* കേരള സാഹിത്യ അക്കാദമി തന്നെ പ്രസാധനം ചെയ്തുവെന്നതും കാലം കാത്തുവച്ച കാവ്യനീതി. 1862-ൽ രചിക്കപ്പെട്ട ഖണ്ഡകാവ്യമായ *അനസ്താസ്യായുടെ രക്തസാക്ഷ്യം* എന്ന ചെറുകൃതി, മലയാളസാഹിത്യ

ചരിത്രങ്ങളുടെ നൂതനപതിപ്പുകളിൽ ഇനിയും രേഖപ്പെടുത്തപ്പെടാതെ പോകുന്നുവെന്നത് ഉപേക്ഷയാലുള്ള ഗൗരവമർഹിക്കുന്ന വീഴ്ചയാണ്. സാഹിത്യ-സാംസ്കാരിക മേഖലകളിൽ ചാവറയച്ചൻ നൽകിയ സംഭാവനകളെ അധികരിച്ച് പല ഗവേഷണപ്രബന്ധങ്ങളും ഇതിനോടകം പൂർത്തിയാക്കപ്പെട്ടുവെങ്കിലും, ഇനിയുമേറെ തുടർഗവേഷണസാധ്യതയുള്ള മേഖലതന്നെയാണിത്.

കേരള സുറിയാനികത്തോലിക്കാ സഭയുടെ ആദ്ധ്യാത്മികനേതൃത്വത്തിൽ ചാവറയച്ചൻ അനിഷേധ്യസാന്നിധ്യമാണ്. റോക്കോസ് ശീശ്മയിലെ ഇടപെടലും, സഭാനവീകരണത്തിനായുള്ള നിരവധി നടപടികളും, പ്രാരംഭകൻ എന്ന നിലയിലുള്ള അനേകം സംഭാവനകളും സഭയുടെ പാരമ്പര്യത്തെ ബലപ്പെടുത്തിയ ഘടകങ്ങളാണ്. കുടുംബനവീകരണത്തിനായി അദ്ദേഹം ചെയ്ത സംഭാവനകളെ മുൻനിർത്തിയാണ് *കുടുംബങ്ങളുടെ മധ്യസ്ഥൻ* എന്ന സവിശേഷസ്ഥാനം സഭയിൽ ചാവറയച്ചനു നൽകപ്പെടുന്നത്. 150 വർഷങ്ങൾക്കുമുമ്പു രചിക്കപ്പെട്ട *ഒരു നല്ല അപ്പന്റെ ചാവരുൾ* എന്ന കുടുംബചട്ടം കൂനമ്മാവിലെ ഇടവകസമൂഹത്തിൽ മാത്രമായി ഒതുങ്ങാതെ, 21-ാം നൂറ്റാണ്ടിലെ കുടുംബങ്ങൾക്കും പ്രായോഗികപാഠങ്ങൾ നൽകുന്ന ആത്മീയഗ്രന്ഥമായി നിലകൊള്ളുന്നത്, കാലാതിവർത്തിയായ കുടുംബനവോത്ഥാനദർശനം ചാവറയച്ചനിൽ രൂഢമൂലമായിരുന്നതിന് വ്യക്തമായ ഉദാഹരണമാണ്. ഇന്ന് മുപ്പത്തിയാറു രാജ്യങ്ങളിലായി അഭിമാനപൂർവം അജപാലന-സാമൂഹ്യപ്രവർത്തനങ്ങൾ നിർവഹിക്കുന്ന സി.എം.ഐ., സി.എം.സി. സഭകളുടെ പ്രാരംഭനടപടികളിലും വളർച്ചയിലും തീക്ഷ്ണതയുള്ള പങ്കാളിയായി ചാവറയച്ചൻ നിലകൊണ്ടത് സാമൂഹിക-സാമുദായിക നവീകരണത്തിന് ഉപയുക്തമാകുന്ന കാല-ദേശാതിവർത്തിയായ ആധ്യാത്മികദർശനങ്ങളും സഭാനേതൃത്വപാടവവും അദ്ദേഹത്തിനുണ്ടായിരുന്നതിനാലാണ്.

നവതലമുറകളെപ്പോലും വിസ്മയിപ്പിക്കുംവിധം സാമൂഹ്യ-സാംസ്കാരികമേഖലയിൽ പ്രവർത്തിക്കുവാൻ, അന്നത്തെ ഏറെ പരിമിതമായ സാഹചര്യത്തിലും ചാവറയച്ചന് കഴിഞ്ഞുവെന്നത് നിസ്സാരകാര്യമല്ല. ജാതീയമായ വേർതിരിവുകൾകൊണ്ട് പൊതുപ്രവർത്തനവും സാമൂഹ്യസേവനവുമൊന്നും അത്രതന്നെ സുഗമമല്ലാതിരുന്ന അക്കാലത്ത് പൊതുവിദ്യാലയം, ഉച്ചക്കഞ്ഞി, പിടിയരി,

ദളിത്ജീവിതനവീകരണം എന്നിങ്ങനെയുള്ള മേഖലകളിൽ, ആശയം കൊണ്ടല്ല സാന്നിധ്യംകൊണ്ടുതന്നെ ഇറങ്ങി പ്രവർത്തിക്കുന്നതിൽ ചാവറയച്ചൻ പുലർത്തിയ സവിശേഷവൈഭവമാണ് കേരളനവോത്ഥാനചരിത്രത്തിൽ ചാവറയച്ചന് സ്ഥാനം നൽകിയത്.

സമ്പൂർണകൃതികൾ എന്നത് ഇപ്രകാരമുള്ള ചരിത്രത്തിന്റെയും സംസ്കാരത്തിന്റെയും സാഹിത്യകൃതികളുടെയും ശേഖരമാണ്. സഭാസ്നേഹികൾക്കും ചരിത്രാന്വേഷകർക്കും സാഹിത്യപഠിതാക്കൾക്കും ഇത് മൂല്യവത്തായ ഗ്രന്ഥമാണ്. ചാവറയച്ചനെക്കുറിച്ച് കൃത്യതയുള്ള അറിവുനേടി, വ്യക്തതയുള്ള അഭിപ്രായങ്ങളും ധാരണകളും രൂപീകരിക്കുവാൻ ഈ കൃതി വായനക്കാരെ സഹായിക്കും. സമ്പൂർണകൃതികളുടെ ആദ്യപതിപ്പ് പുറത്തിറങ്ങുന്നത് 1981-ലാണ്. ഭാഷയിൽ കാലം വരുത്തിയ ഭേദങ്ങളെ ഉൾക്കൊണ്ടുകൊണ്ട്, ഇന്നത്തെ വായനക്കാർക്ക് പരിചിതമാംവിധം അവയെ അവതരിപ്പിക്കുവാൻ പ്രസാധകസമിതി ഏറെ അധ്വാനിച്ചിട്ടുണ്ട്. ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ എന്ന ആത്മീയ- സാമൂഹ്യ നവോത്ഥാനനായകനിലൂടെ അവതരിപ്പിക്കപ്പെട്ട ചരിത്രവും സാഹിത്യവും ഇന്നത്തെ വായനക്കാർക്ക് ഒരുമിച്ച് ലഭ്യമാകുന്നു എന്നതിനാൽ, ഈ പുനഃപ്രസാധനം കൂടുതൽ സ്വീകാര്യവും അർത്ഥവത്തുമാണ്. വായിച്ച്, അറിഞ്ഞ്, സ്നേഹിച്ച് സഭയിലും സമൂഹത്തിലും ഓജസ്സുള്ള സാന്നിധ്യമായി നിലകൊള്ളുവാൻ പുതുതലമുറയെ ഇത് സഹായിക്കട്ടെ.

സമ്പൂർണകൃതികളുടെ ഈ നവപ്രസാധനം അനുവാചകർക്ക് ഉപകാരപ്രദവും, ആത്മീയാനുഭവ സ്രോതസ്സുമായിരിക്കട്ടെ എന്ന ആശംസയോടെ ഈ ഗ്രന്ഥം കൈരളിക്ക് സമർപ്പിക്കുന്നു.

**ഫാ. തോമസ് ചാത്തംപറമ്പിൽ സി.എം.ഐ.**
പ്രിയോർ ജനറാൾ

പൊതുശ്രേഷ്ഠഭവനം
ചാവറ ഹിൽസ്, കാക്കനാട്
08-09-2021

# പഴയ പതിപ്പിന്റെ അവതാരിക

ലോകചരിത്രമെന്നത് ഇക്കാണായ വിശാലവിശ്വത്തിന്റെ ചരിത്രമല്ല, പ്രത്യുത, വ്യക്തിയുടെ അഥവാ വ്യക്തികളുടെ ചരിത്രമാണ്. മനുഷ്യൻ എന്ന പ്രതിഭാസമില്ലാത്ത ലോകം ലോകമല്ല; അതിനു ചരിത്രവുമില്ല. ഭൂത ഭാവി വർത്തമാനങ്ങളെ സ്വന്തം ജീവിതാനുഭവങ്ങളുടെ അനശ്വര ചൈതന്യംകൊണ്ട് പ്രഭാപൂർണ്ണമാക്കുന്ന വ്യക്തികളുടെ ചരിത്രം തന്നെയാണ്, വികസ്വരവും നിത്യവിസ്മയവുമായ പ്രപഞ്ചത്തിന്റെ ചരിത്രം. മറ്റൊരുവാക്കിൽ, ജനിച്ചും വളർന്നും പ്രകൃതിയുടെ ഒഴുക്കിനൊത്തു നീങ്ങുന്ന ശരാശരി മനുഷ്യന്റെ സങ്കല്പങ്ങളേയും മാനദണ്ഡങ്ങളേയും അതിജീവിക്കുകയും, അവയ്ക്കുപരി ഉത്തുംഗമായി നിലകൊള്ളുകയും ചെയ്യുന്ന സമുൽകൃഷ്ട വ്യക്തിത്വത്തിന്റെ ഉടമകളാണ് വിശ്വചരിത്രത്തിന്റെ വിധാതാക്കൾ. കാലത്തിൽ കാലൂന്നി അവർ ജീവിച്ചാലും അവരുടെ കാഴ്ചപ്പാടും ജീവിതലക്ഷ്യവും കാലാതീതമായിരുന്നതിനാൽ അവർ ചിരംഞ്ജീവികളായിത്തീരുന്നു.

കാലഘട്ടത്തെ അതിജീവിക്കുകയും, സ്വന്തം വ്യക്തിത്വത്തിന്റെ വശ്യശക്തികൊണ്ട് ത്രികാലങ്ങളെ പ്രകാശമാനമാക്കുകയും ചെയ്ത ഞങ്ങളുടെ സഭാസ്ഥാപകനായ ദൈവദാസൻ ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ ചരിത്രം കേരള ക്രൈസ്തവസമൂഹത്തിന്റെ ഒരു കാലഘട്ടത്തിന്റെ മുഴുവനും ചരിത്രമാണ്. സാമൂഹിക സാംസ്കാരിക രംഗത്താകട്ടെ, സർവ്വോപരി ആദ്ധ്യാത്മികരംഗത്താകട്ടെ ക്രാന്തദർശിയും മനുഷ്യസ്നേഹിയും, പുണ്യപുരുഷനും ആയ ചാവറയച്ചന്റെ സമുജ്ജ്വലവ്യക്തിത്വം മനസ്സിലാക്കുക കേരളചരിത്രം പഠിക്കുന്നവർക്കൊക്കെ ഒഴിച്ചുനിർത്താനാവാത്ത ഒന്നത്രേ.

ചേന്നങ്കരി ഇടവകാതിർത്തിയിലെ കൈനകരി ചാവറ കുടുംബത്തിൽ ക്രിസ്തുവർഷം 1805 ഫെബ്രുവരി 10-ാം തീയതി കുര്യാക്കോസ് ഏലിയാസച്ചൻ ജനിച്ചു. നാട്ടുനടപ്പനുസരിച്ചുള്ള വിദ്യാഭ്യാസം നിർവ്വഹിച്ചശേഷം 1815-ൽ പള്ളിപ്പുറം സെമിനാരിയിൽ ചേർന്ന് വൈദികപഠനം ആരംഭിച്ചു. അക്കാലയളവിൽ മാതാപിതാക്കളും ഏകസഹോദരനും മരണമടഞ്ഞു. സഹോദരപുത്രിയുടെ സംരക്ഷണമടക്കം കുടുംബകാര്യങ്ങൾ നിർവ്വഹിക്കേണ്ട ചുമതല അദ്ദേഹത്തിനുണ്ടെന്നറിയിച്ച് ബന്ധുജനങ്ങൾ പള്ളിപ്പുറത്തെത്തി. സെമിനാരി

വിട്ട് വീട്ടിലെത്തുവാൻ അവർ അദ്ദേഹത്തെ നിർബന്ധിച്ചു. പക്ഷെ, നിശ്ചയദാർഢ്യത്തോടെ വൈദികജീവിതത്തിനു സ്വയം അർപ്പിച്ച അദ്ദേഹം ആ നിർബന്ധത്തിനു വഴങ്ങിയില്ല. കുര്യാക്കോസച്ചൻ വൈദികപഠനം തുടർന്നു. 1829-ൽ പൗരോഹിത്യം സ്വീകരിച്ചു. കുറേനാൾ ചേന്നങ്കരിയിലും പുളിങ്കുന്നിലും താമസിച്ചു. പാലയ്ക്കൽ തോമ്മാ മല്പാന്റെയും പോരൂക്കര തോമ്മാ മല്പാന്റെയും സഹകരണത്തോടുകൂടി സി.എം.ഐ സഭയുടെ സ്ഥാപനത്തിനുവേണ്ടി ചാവറയച്ചൻ അക്ഷീണം പരിശ്രമിച്ചു. 1831-ൽ മാന്നാനം കേന്ദ്രമാക്കി സി. എം. ഐ സഭയ്ക്ക് അടിസ്ഥാനമിട്ടു. 1841-ൽ പാലയ്ക്കൽ തോമ്മാ മല്പാനും 1846-ൽ പോരൂക്കര തോമ്മാ മല്പാനും ദിവംഗതരായതോടുകൂടി സന്ന്യാസ സമൂഹത്തിന്റെ നേതൃത്വം ചാവറയച്ചന് ഏറ്റെടുക്കേണ്ടി വന്നു.

1855 മുതൽ 1871 വരെ പ്രിയോർ ജനറാളായി ചാവറയച്ചൻ സി.എം.ഐ സഭയെ സ്തുത്യർഹമായവിധം ഭരിച്ചു. 1861-ൽ സുറിയാനി കത്തോലിക്കരുടെ വികാരി ജനറാളായി അദ്ദേഹം നിയമിക്കപ്പെട്ടു.

1861-63 കാലഘട്ടം കേരളസഭയെ സംബന്ധിച്ചിടത്തോളം ഒരു കൊടുങ്കാറ്റിലൂടെ കടന്നുപോരലായിരുന്നു. സഭയെ ഉലച്ച ശീശ്മകൊടുങ്കാറ്റിനെ തടയുവാനും സുപന്ഥാവിലൂടെ സഭയെ നയിക്കുവാനും ചാവറയച്ചന്റെ സുശക്തമായ നേതൃത്വത്തിനു കഴിഞ്ഞു. 1864 മുതൽ ചാവറയച്ചന്റെ പ്രവർത്തനകേന്ദ്രം കൂനമ്മാവ് ആയിരുന്നു. 1871 ജനുവരി 3-ാം തീയതി അദ്ദേഹത്തിന്റെ പാവനാത്മാവ് നിത്യസമ്മാനം സ്വീകരിക്കുവാൻ ഇഹലോകവാസം വെടിഞ്ഞു. ഇപ്പോൾ അദ്ദേഹത്തിന്റെ നാമകരണനടപടികൾ ത്വരിതമായി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

ചാവറയച്ചന്റെ സമുന്നത വ്യക്തിത്വത്തിന്റെ മധുരദീപ്തമായ ഘടകം അദ്ദേഹം സാക്ഷാൽ ദൈവത്തിന്റെ മനുഷ്യനായിരുന്നു എന്നതാണ്. ദൈവപരിപാലനയിൽ അടിയുറച്ച വിശ്വാസം, സംഭവബഹുലമായ ആ ജീവിതത്തിന്റെ ഓരോ സ്പന്ദനത്തിലും ദർശിക്കാമായിരുന്നു. ദൈവം സ്നേഹനിധിയായ നല്ല പിതാവാണ്, അദ്ദേഹത്തിന്. സ്നേഹവാത്സല്യങ്ങൾ കരകവിഞ്ഞൊഴുകുന്ന ആ പിതാവിനെ 'എന്റെ പ്രിയ അപ്പാ', എന്ന് ഒരു പിഞ്ചുപൈതലിനെപ്പോലെ വിളിക്കുവാൻ ഭക്തിയാൽ തരളിതഹൃദയനായ ദൈവത്തിന്റെ ആ മനുഷ്യന് കഴിഞ്ഞു. അനുപമമായ ദൈവസ്നേഹത്തെ സ്വാർത്ഥത തീണ്ടാത്ത

മാതൃസ്നേഹത്തോടും അദ്ദേഹം തുലനപ്പെടുത്തുന്നുണ്ട്. ഉറങ്ങിക്കിടക്കുന്ന ശിശുവിനെ ഉണർത്തി, ആവശ്യപ്പെടാതെതന്നെ സ്തന്യം ദാനം ചെയ്യുന്ന അമ്മയെപ്പോലെ, നമ്മുടെ ആവശ്യങ്ങൾ നാം കാണുന്നതിനുമുമ്പുതന്നെ കണ്ട് നമുക്ക് നന്മകൾ ചൊരിയുന്ന ദൈവത്തെ ചാവറയച്ചൻ കാണിച്ചുതരുന്നു. ദൈവപരിപാലന ദൈവത്തിൽ വിശ്വസിക്കുന്ന ആർക്കും അനുഭവവേദ്യമാക്കുന്ന ലളിതസുഭഗവും ശാലീനവും ആയ കല്പന! തത്ത്വശാസ്ത്രത്തിന്റെ നിഗൂഢമേഖലകൾക്കോ, ശാസ്ത്ര മേഖലയിലെ പരീക്ഷണങ്ങൾക്കോ അഭിഗമ്യമല്ലാത്ത പ്രമേയം ചാവറയച്ചന് അനുദിനജീവിതാനുഭവത്തിന്റെ ഉൾക്കാമ്പായിരുന്നു.

സഹജരെ മറന്നുള്ള ഒരു ദൈവാഭിമുഖ്യമായിരുന്നില്ല ചാവറയച്ചന്റേത്. അദ്ദേഹത്തിന്റെ ഈശ്വരോന്മുഖതയുടെ മുഖം പരോന്മുഖതയായിരുന്നു. സന്ന്യാസസഭാസ്ഥാപനത്തിന്റെ തന്നെ ലക്ഷ്യം ദ്വിമുഖമായിരുന്നു. “സ്വന്തം വിശുദ്ധിയും സഹോദരങ്ങളുടെ നന്മയും.” സ്വന്തം ദൈവവിളിയെക്കുറിച്ചു ചിന്തിക്കുന്നവേളയിൽ ഈ വസ്തുത വ്യക്തമാക്കുന്നുണ്ട്. ദൈവം നൽകിയിട്ടുള്ള അപരിമിതമായ ദാനങ്ങൾ തന്റെ സഹോദരന്മാർക്കായും ആണെന്ന് അദ്ദേഹം ചിന്തിക്കുന്നു. ഇതു വെളിവാക്കുന്ന നിരവധി സംഭവങ്ങൾ അദ്ദേഹത്തിന്റെ നാളാഗമക്കുറിപ്പുകളിൽ ഉൾക്കൊള്ളുന്നുണ്ട്. ദൈവത്തിന്റെ സമാധാനദായകരായ മനുഷ്യർ മറ്റുള്ളവർക്കും അതേ സമാധാനം നൽകുന്നു. അവ്ദീശോ മെത്രാന്റെ മാനസാന്തര സമയത്തെ ദൈവദാസന്റെ സമീപനം ഇതിനുദാഹരണമാണ്.

അധികാരത്തോടുള്ള വിധേയത്വം തികഞ്ഞ ക്രൈസ്തവ വീക്ഷണത്തോടും ലക്ഷ്യബോധത്തോടുംകൂടി ചാവറയച്ചൻ പുലർത്തുന്നുണ്ട്. സഭാശ്രേഷ്ഠന്മാരെയും രാഷ്ട്രീയാധികാരികളെയും ദൈവത്തിന്റെ പ്രതിനിധികളായി കാണാനും അവരെ ബഹുമാനിക്കാനും അദ്ദേഹം ഉത്സുകനായിരുന്നു. സഭാസേവനമായിരുന്നു അദ്ദേഹത്തിന്റെ ജീവിതത്തിലെ ഒരു മുഖ്യമൂലം.

ചില ചരിത്രവസ്തുതകൾ കലവറയില്ലാതെ ചാവറയച്ചൻ എഴുതുന്നത് സവിശേഷശ്രദ്ധയാകർഷിക്കുന്നുണ്ട്. ഏതാനും ചിലർക്ക് മാനക്ഷയത്തിന് കാരണമായെങ്കിലും മറ്റു പലരുടെയും നന്മയെ ഓർത്തു മാത്രമാണ് അദ്ദേഹം അത് പ്രതിപാദിക്കുന്നത്. സത്യത്തോടുള്ള ആഭിമുഖ്യവും സഹജരുടെ നന്മയും ചാവറയച്ചന്റെ ചിന്തയിൽ ഒളിതൂ

കിയ പ്രകാശരേണുക്കളാണ്. ദൈവത്തിന്റെ മനുഷ്യനെന്ന നിലയിൽ ദൈവദാസന് എല്ലാ മനുഷ്യരിലും ദൈവത്തെ കാണുവാനും ആത്മ തുല്യം സനേഹിക്കുവാനും കഴിഞ്ഞു.

ദൈവസ്നേഹം സഹജസ്നേഹത്തിലൂടെ പ്രകാശിതമാക്കണ മെന്നും അതിനുള്ള ഉപാധികൾ സഹജരുടെ സാമൂഹ്യവും സാംസ്കാ രികവുമായ മണ്ഡലങ്ങളിൽ സേവനമർപ്പിക്കുകയുമാണെന്ന് ചാവറ യച്ചൻ വിശ്വസിച്ചിരുന്നു. പരസ്നേഹപ്രവൃത്തി ചെയ്യാൻ കഴിയാത്ത ദിവസം വ്യർത്ഥതയുടെയും നഷ്ടബോധത്തിന്റെയും പ്രതീകമാ ണെന്ന് അദ്ദേഹം വ്യക്തമാക്കിയിരുന്നു.

കേരളത്തിൽ കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾക്ക് അടിസ്ഥാന മിട്ടത് പണ്ഡിതനും ദിർഘവീക്ഷണചതുരനും സ്ഥിരോത്സാഹിയു മായിരുന്ന ചാവറയച്ചൻതന്നെയാണ്. മാന്നാനത്ത് 1846-ൽ ഒരു പ്രസ്സ് സ്ഥാപിച്ചുകൊണ്ട് അതിന് അദ്ദേഹം തുടക്കം കുറിച്ചു. അന്നു തുടങ്ങിയ മുദ്രണാലയപ്രേഷിതത്വം സഭാംഗങ്ങൾ അഭംഗുരം തുടർന്നുപോരുന്നു. ദീപിക, കർമ്മെലകുസുമം, കുടുംബദീപം തുടങ്ങിയ പത്രമാസികകളി ലൂടെയും കേരളത്തിന്റെ വിവിധഭാഗങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരി ക്കുന്ന സഭവക അച്ചടിശാലകളിൽനിന്നും പ്രസിദ്ധീകൃതമാകുന്ന സൽഗ്രന്ഥങ്ങളിലൂടെയും ചാവറയച്ചൻ സമാരംഭിച്ച സമ്പർക്കമാധ്യമ പ്രവർത്തനങ്ങൾ വികസ്വരമായിക്കൊണ്ടിരിക്കുന്നു.

വിദ്യാഭ്യാസരംഗത്ത് ദൈവദാസൻ അനുഷ്ഠിച്ച ധീരമായ നേതൃ ത്വത്തിന്റെ ഗുണഫലങ്ങളാണ് കേരളജനത ഇന്നാസ്വദിക്കുന്നതും അനുഭവിക്കുന്നതും. പൊതുവിദ്യാഭ്യാസരംഗത്തും മതവിദ്യാഭ്യാസ രംഗത്തും അദ്ദേഹം ഒരേപോലെ ശ്രദ്ധ പതിച്ചു. ഒന്നേകാൽ ശതാ ബ്ദത്തിനു മുൻപ് മാന്നാനത്ത് ഒരു സംസ്കൃത വിദ്യാലയം സ്ഥാപിച്ച ആ ക്രാന്തദർശി, എല്ലാ പള്ളികളോടനുബന്ധിച്ചും പള്ളിക്കൂടങ്ങൾ തുടങ്ങണമെന്ന് നിർബന്ധപൂർവം ആവശ്യപ്പെടുകയുണ്ടായി. തന്റെ നിർദ്ദേശം പാലിക്കാത്ത ഇടവക ദേവാലയങ്ങൾ അടച്ചിടുമെന്നു പോലും കല്പിച്ചത് വൈജ്ഞാനിക മണ്ഡലത്തിൽ ഒരു വിപ്ളവം സൃഷ്ടിക്കുന്നതിനുള്ള വിത്തുപാകലായിരുന്നു.

ആതുരസേവനം ചാവറയച്ചന്റെ ജീവിതത്തിലെ അഭിന്നഭാഗ മായിരുന്നു. കൈനകരിയിൽ അദ്ദേഹം കൊളുത്തിവച്ച ദീപത്തിന്റെ ചിനപ്പുകൾ ആണ് ഇന്നു കേരളത്തിൽ ഉടനീളം സാന്ത്വനപ്രകാശമരുളി നില്ക്കുന്ന ആതുരസേവനത്തിന്റെ ദീപശിഖകൾ. 'ഞാൻ നിങ്ങളെ

സ്നേഹിച്ചതുപോലെ നിങ്ങളും എല്ലാവരെയും സ്നേഹിക്കുവിൻ' എന്ന ക്രിസ്തുവിന്റെ ദിവ്യവചനം എന്നും ചാവറയച്ചന്റെ സ്മൃതിപഥത്തിൽ ഉണ്ടായിരുന്നു.

ഭാഷകളിൽ പാണ്ഡിത്യം നേടിയ വിശാരദൻ, പ്രസംഗകൻ, സാഹിത്യകാരൻ, മുദ്രണാലയ പ്രേഷിതത്വത്തിന്റെ പ്രണേതാവ്, ഭരണനിപുണൻ തുടങ്ങിയ ഒട്ടേറെ സവിശേഷപദങ്ങൾകൊണ്ട് അദ്ദേഹത്തെ ബഹുമാനിക്കാൻ കഴിയും. എന്നാൽ ഇവയ്ക്കെല്ലാം ഉപരി, ചാവറയച്ചന്റെ വ്യക്തിത്വം പ്രഫുല്ലമാക്കുന്ന വിലപ്പെട്ട ബഹുമതി അദ്ദേഹം ദൈവാനുഭൂതിയുറ്റ ദൈവത്തിന്റെ മനുഷ്യനായിരുന്നു എന്നതാണ്. ദൈവത്തിന്റെ മനുഷ്യനായി, ദൈവത്തിലേക്കു മനുഷ്യരെ നയിച്ച ആധ്യാത്മിക മനുഷ്യനായി അദ്ദേഹത്തെ മനസ്സിലാക്കാത്തിടത്തോളം കാലം ചാവറയച്ചന്റെ ഉത്കൃഷ്ടമായ വ്യക്തിത്വം നാം മനസ്സിലാക്കി എന്നു പറയാനാവില്ല. ആദ്യന്തം അദ്ദേഹം ദൈവത്തിന്റെ മനുഷ്യനായിരുന്നു. ദൈവത്തെ സഹജർക്കു പ്രദാനം ചെയ്ത പുണ്യപുരുഷനായിരുന്നു. വിരിഞ്ഞു വികസിച്ച അദ്ദേഹത്തിന്റെ ദൈവികമായ വ്യക്തിത്വം എല്ലാവരുടേയും ശ്രദ്ധയും ബഹുമാനവും പിടിച്ചുപറ്റി.

ജീവിതവും പ്രവർത്തനങ്ങളുംവഴി വിലപ്പെട്ട സേവനങ്ങൾ കേരളത്തിനും കേരളീയർക്കും നല്കിയ ദൈവദാസൻ ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ സമ്പൂർണ്ണ കൃതികൾ സി.എം.ഐ. സഭയുടെ 150-ാം വർഷ ജൂബിലി ആഘോഷാവസരത്തിൽ പ്രകാശനം ചെയ്യാനായത് സമസ്തകേരളീയരുടെയും ഭാഗ്യമായിക്കരുതാം.

മൂന്നു ഭാഗങ്ങളായി സമ്പൂർണ്ണകൃതികൾ സമാഹരിക്കണമെന്നാണ് നേരത്തെ തീരുമാനിച്ചിരുന്നത്. സി.എം.ഐ. സഭാ സ്ഥാപനം, പ്രാരംഭപ്രവർത്തനങ്ങൾ, കേരളസഭാസേവനത്തിലെ പല സുപ്രധാനസംഭവങ്ങൾ തുടങ്ങിയവയുടെ ഈടുറ്റ രേഖകളായ നാളാഗമങ്ങളും ചാവറയച്ചന്റെ കത്തുകളും ഒന്നും രണ്ടും ഭാഗങ്ങളായും ദൈവദാസന്റെ മുദ്രിതകൃതികൾ മൂന്നാം ഭാഗമായും പ്രസിദ്ധീകരിക്കുമെന്ന് നിശ്ചയിച്ചിരുന്നുവെങ്കിലും മുദ്രിതകൃതികളിൽ കാവ്യകൃതികളും ഗദ്യകൃതികളും ഉൾപ്പെടുന്നതുകൊണ്ട് അവയെ രണ്ടായി വിഭജിക്കുന്നത് കൂടുതൽ നന്നായിരിക്കുമെന്ന് പലരും അഭിപ്രായപ്പെട്ടു. ഗദ്യകൃതികളിൽത്തന്നെ ചില ഭാഗങ്ങൾ നേരത്തേ പ്രസിദ്ധീകരിച്ചിരുന്നവയല്ല. അവയെല്ലാം ചേർത്ത് ആദ്ധ്യാത്മികകൃതികൾ എന്നപേരിലും കാവ്യ

കൃതികൾ എല്ലാം സമാഹരിച്ച് സാഹിത്യകൃതികൾ എന്ന പേരിലും പ്രസിദ്ധപ്പെടുത്തുകയാണ്.

ആദ്ധ്യാത്മികരംഗത്ത് ചാവറയച്ചനുള്ള ശ്രേഷ്ഠവ്യക്തിത്വവും മാഹാത്മ്യവും ഈ കൃതികളിലെല്ലാം തെളിഞ്ഞു നിൽക്കുന്നു. ധ്യാന സല്ലാപങ്ങൾ മാനസികപ്രാർത്ഥനയുടെ നിറകുടമാണ്. ആദ്ധ്യാത്മി കാചാര്യൻ എന്നതോടൊപ്പം സർഗധനനായ കവി കൂടിയായിരുന്നു ചാവറയച്ചനെന്ന് പദ്യകൃതികളിലൂടെ കടന്നുപോകുന്ന ഏതൊരാൾ ക്കും ബോധ്യമാവാതിരിക്കുകയില്ല. ആത്മീയതയുടെ ഈ ദിവ്യസ്രോ തസ്സിൽ നിന്നു ആവോളം പാനം ചെയ്യുവാൻ അനുവാചകർക്കെല്ലാം ഇടയാകട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട് ഈ ഗ്രന്ഥം ഞാൻ സഹൃദയ സമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

**ഫാ. തോമസ് അനിസീറ്റസ് ഐക്കര സി.എം.ഐ**
പ്രിയോർ ജനറാൾ

പ്രിയോർ ജനറാൾ ഭവനം,
എറണാകുളം, 11–5–1981.

# പ്രസാധകക്കുറിപ്പ്

സി.എം.ഐ സഭാസ്ഥാപനത്തിന്റെ 150-ാം വർഷത്തിൽ ദൈവ ദാസനായ ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ സമ്പൂർണ്ണകൃതി കൾ പുന:പ്രകാശനം ചെയ്യണമെന്നകാര്യം സി.എം.ഐ സഭയുടെ ഉന്നതാധികാരകമ്മിറ്റി തീരുമാനിക്കുകയുണ്ടായി. നാളാഗമം, കത്തു കൾ, ഗദ്യകൃതികൾ, പദ്യകൃതികൾ എന്നിവ വിവിധ വാല്യങ്ങളായി പ്രസിദ്ധീകരിക്കുന്നതിന് പ്രത്യേകം കമ്മിറ്റികൾ നിശ്ചയിക്കുകയും ചെയ്തു. ഫാ. ഇസഡ്.എം. മൂഴൂർ കൺവീനറും ഫാ. ജെ.റ്റി. മുട്ടത്ത്, ഫാ. കാസ്മിർ എന്നിവർ കമ്മിറ്റിയംഗങ്ങളായുമുള്ള ഒരു സമിതിയാണ് ഗദ്യകൃതികളും പദ്യകൃതികളും പുന:പ്രകാശനം ചെയ്യുന്നതിന് നിയു ക്തമായത്. മേല്പറഞ്ഞവരോടൊപ്പം അനുഗൃഹീതസാഹിത്യകാരന്മാ രായ പ്രൊഫ. മാത്യു ഉലകംതറ, വർഗീസ് കാഞ്ഞിരത്തുങ്കൽ, ഫാ. ഡൊമിഷ്യൻ മാണിക്കത്താൻ എന്നിവരും സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഓരോ പുസ്തകങ്ങളെക്കുറിച്ചുമുള്ള ലഘുവിവര ണങ്ങൾ തയ്യാറാക്കിയത് ഡോ. ലൂക്കോസ് വിത്തുവട്ടിക്കലാണ്. ചെത്തിപ്പുഴ ആശ്രമത്തിൽ വിശ്രമിക്കുന്ന ബ. പ്ലാസിഡച്ചനെ പദ്യകൃ തികൾ വായിച്ചു കേൾപ്പിക്കുകയും അദ്ദേഹത്തിന്റെ ഉൽക്കൃഷ്ടമായ അഭിപ്രായങ്ങൾ പുരസ്കരിച്ച് ചില തിരുത്തലുകൾ വരുത്തുകയുമു ണ്ടായി.

പഴയ മലയാളത്തിൽ ദീർഘാക്ഷരങ്ങൾ ഉണ്ടായിരുന്നില്ല, പകരം ഹ്രസ്വമാണ് ഉപയോഗിച്ചിരുന്നത്. പുതിയ പതിപ്പ് ദീർഘാക്ഷരം വേണ്ടിടത്ത് ദീർഘാക്ഷരം ചേർത്തും പ്രസാധകരുടെ അനവധാനത കൊണ്ടു ഭവിച്ച അക്ഷരപ്പിഴകൾ, വൃത്തഭംഗം എന്നിവ തിരുത്തിയും ആണ് തയ്യാറാക്കിയിട്ടുള്ളത്. ഗദ്യകൃതികളിൽ ധ്യാനസല്ലാപം ഒഴി ച്ചുള്ള ലഘുധ്യാനങ്ങൾ മുൻപു പ്രസിദ്ധീകരിച്ചവയല്ല. അവ പ്രസി ദ്ധീകരണത്തിനായി പകർത്തിയെഴുതിയേൽപ്പിച്ചത് ബ. ആൻസലം അച്ചനാണ്. അവയിൽ കാര്യമായ ഭേദഗതികൾ വരുത്തിയിട്ടില്ല.

കൺവീനർ.

# ധ്യാനസല്ലാപങ്ങൾ

## ആമുഖം

### കൈയെഴുത്തുപ്രതി

നമുക്ക് ലഭിച്ചിരിക്കുന്ന കൈയെഴുത്തുപ്രതിക്ക് 60 പേജുകളുണ്ട് (17x13cm). ചാവറയച്ചന്റെ സ്വന്തം കൈപ്പടയിലുള്ള മൂലപ്രതിതന്നെ യാണിത്. ഗ്രന്ഥകാരൻ ഈ കൃതിക്ക് പ്രത്യേക പേരൊന്നും കൊടു ക്കുന്നില്ല. ധ്യാനസല്ലാപങ്ങൾ എന്നപേര് 1939-ൽ ഈ കൃതി ആദ്യം പ്രസിദ്ധീകരിക്കുമ്പോൾ പ്രസാധകൻ ഉള്ളടക്കം വിലയിരുത്തി കൊടു ത്തിട്ടുള്ളതാണ്.

### എഴുതിയ കാലം

കൃതിയുടെ ഉള്ളടക്കത്തിൽ നിന്നും ഇതെഴുതിയ കാലം നമുക്ക് അനുമാനിക്കാവുന്നതാണ്. ഉദാഹരണത്തിന് ഒരുഭാഗത്ത് അദ്ദേഹം ഇങ്ങനെ എഴുതുന്നു. ഈ 68-ാം കാലം തിരുസ്സഭയുടെ വിജയത്തിന്റെ കൊല്ലമായി ഗണിക്കപ്പെടുന്നു. അതായത് 1868-ൽ ഈ കൃതിയുടെ പ്രധാന ഭാഗം എഴുതി.

### ഉള്ളടക്കം

ഈ കൃതി ഗ്രന്ഥകാരന്റെ ആദ്ധ്യാത്മികജീവിതത്തിലെ ഡയറി ക്കുറിപ്പുകളാണ്. ഈശോയോടും തന്റെ അമ്മയായ മറിയത്തോടും ത്രേസ്യാപുണ്യവതിയോടും മറ്റും ഗ്രന്ഥകാരൻ ചെയ്യുന്ന സ്നേഹ സംഭാഷണമാണ് ഈ കൃതിയുടെ ഓരോ പേജും.

ദൈവത്തെ, 'അപ്പാ' 'എന്റെ അപ്പാ', എന്നിങ്ങനെ ചാവറയച്ചൻ, തന്റെ ഈ കൃതിയിൽ സംബോധന ചെയ്യുന്നത് പ്രത്യേകം ശ്രദ്ധേയ മാണ്.

# ധ്യാനസല്ലാപങ്ങൾ

ഉയരപ്പെട്ട പുണ്യത്തിനും വലിയ ധ്യാനത്തിനും എനിക്കു യോഗ്യ തയില്ല. അതെന്ത്യേ, മഹാപാപി. ഇതിനാൽ ആത്മം അശുദ്ധമായി, തെളിവില്ലാത്തതായി, വെടിപ്പ്, അടക്കം ഈ പുണ്യങ്ങളില്ലായ്കയാൽ ധ്യാനാരൂപി കിട്ടുവാനും പുണ്യസാംഗോപാംഗത്തിന് യോഗ്യനല്ല എന്ന നിരൂപണം; അമ്മയുടെ വചനംപോലെ നിഗളം എന്ന് തിരിയു കയും ചെയ്യും. അതെന്ത്യേ, എന്നാൽ ദൈവം ചെയ്യിച്ചതൊക്കെയും എന്റെ വശമേ, ഇത്രടം നീ വന്നത് എങ്ങനെ, വീട്ടിൽ നിന്നാരുവി ളിച്ചു? പട്ടത്തിന് എങ്ങനെ കേറി, കൊവേന്തയിൽ എങ്ങനെ കൂടി, സഭ എങ്ങനെ കിട്ടി, പ്രിയോരെന്നാരു വിളിച്ചു, ഇവിടെ എങ്ങനെ വന്നു? ഇതൊന്നിന് നിന്നെ കൊള്ളാമോ? ഇല്ലയില്ല, നിശ്ചയം. അപ്പഴോ തിരുമനസ്സു നടക്കും, നടത്തും. ഇതിന് തിരുമനസ്സില്ലെന്ന് പറഞ്ഞോ? വിരുന്നിന്റെ കുപ്പായമില്ലാതെ മേശയ്ക്കിരുന്ന ഭിക്ഷക്കാ രനെ എന്ത്യേ കാലും കയ്യും കെട്ടി ഇരുട്ടിലിട്ടു? ഇവന് രാജവിരു ന്നിനു കൂടുവാൻതക്ക കുപ്പായമുണ്ടോ? ആയത് നിരുപിച്ചോ, പെരുവ ഴിയിൽ നിന്നിരുന്നതല്ല പിന്നെയോ വിളിച്ചുവരുത്തിയവരോട് കുപ്പാ യമില്ലല്ലോ എന്നവൻ ഒരുവചനം പറഞ്ഞെങ്കിൽ അപ്പോൾ കിട്ടിയേ നെ, അതിനെയും കൊടുപ്പാൻ ഇല്ലാത്തയാളല്ല വിളിച്ചത്. ഇതിനാൽ എങ്ങനെയിരുന്നാലും മതി എന്നവൻ നിരൂപിച്ചതിനാൽ തള്ളി. ആയ് തിൻവണ്ണം ഇത്രടം നിന്നെവരുത്തിച്ച ആളിനോടു നീയും ചോദിച്ചാൽ നിനക്കും ഈ വരം കിട്ടും നിശ്ചയം.

## ദൈവത്തിനു സ്തുതി. ശുദ്ധ ദേവമാതാവിനു കൊണ്ടാട്ടം[1]

എത്രയും വലിയ അയോഗ്യനെങ്കിലും ഞാനും ശുദ്ധ അമ്മത്രേ സ്യായുടെ മകൻ ആകുവാൻ ദൈവം തിരുമനസ്സായി. കർമ്മെലെ അമ്മ ചേർത്തു. അമ്മത്രേസ്യാ തന്റെ മക്കളുടെ കൂട്ടത്തിൽ എന്നെയും ചേർത്തുവല്ലോ. ഇതിനെക്കുറിച്ച് അമ്മയോട് മക്കൾ ചോദിച്ചാൽ പ്രിയ മുള്ള തള്ള അവരുടെ കയ്യിൽ ഇല്ലാത്തതായാലും ചോദിച്ചാൽ കിട്ടു ന്നത് എങ്കിൽ മക്കൾക്കു വാങ്ങിച്ചുകൊടുക്കും എന്ന് വരുമ്പോൾ മാംസ തള്ളമാരെക്കാൾ അധികമായിട്ട് തന്റെ മക്കളെ സ്നേഹിക്കുന്ന ഈ അമ്മത്രേസ്യ താൻ എല്ലാവരെ അധികമായിട്ടു പഠിപ്പിച്ചിരിക്കയാൽ

---

*1. കൊണ്ടാട്ടം-വന്ദനം*

ധ്യാനത്തിന്റെ ഗുരുനാഥ എന്നുള്ള നാമവും ധരിച്ച്, ശേഷംപേരെ പഠിപ്പിപ്പാനായിട്ടു ഉൾക്കോട്ട എന്ന് പേരുവിളിച്ച ഏഴുകോട്ടയായിട്ടു വിഭാഗിച്ച ഈ ഏഴു സ്ഥാനപദവികളായിട്ടും അതിൽ കരേറുവാനുള്ള വഴികളും എഴുതിയുണ്ടാക്കിയിരിക്കുന്നു[1] എന്നുള്ളതുതന്നെ ഇത് തന്റെ മക്കളെ പഠിപ്പിപ്പാനായിരിക്കുന്നു, എന്നതിനാൽ ഞാൻ ഒരധിക അപേക്ഷ ഈ അമ്മയോടു അപേക്ഷിക്കുന്നു. ഈ എഴുതിയിരിക്കുന്ന പേച്ച്[2] ഇനിക്കറിവാൻ വഹിയായ്കയാൽ ഒന്നുകിൽ ഈ പേച്ചിനെ പഠിപ്പിക്കണം അല്ലെങ്കിൽ അതിനെ വായിക്കാതെ എന്റെ ഹൃദയത്തിൽ ചൊല്ലിത്തന്ന് പഠിപ്പിക്കണം.

## 1-ാമത് ധ്യാനം

ധ്യാനം എന്നത് ദൈവത്തോടുള്ള സംസാരമാകുന്നു. സ്നേഹത്താൽ ദൈവത്തോടു ചേർന്നു തന്നോടൊന്നിച്ചിരുന്ന്, സ്നേഹിതന്മാരോട് ഒന്നിച്ചുള്ള സംഭാഷണം എന്നപോലെ ആത്മമണവാളനായ ഈശോമ്ശിഹായോടൊന്നിച്ചിരുന്ന് സംസാരിക്കയത്രേ, ഇതിന്റെ പ്രവൃത്തി. ഇതിനാൽ നിന്റെ തണുപ്പിന്റെ കാലമെന്ന് നീ പേരുവിളിച്ചിരുന്ന തുടക്കകാലങ്ങളിൽ ലോകസംസാരത്തിൽ മുഴുകിയിരിക്കയാൽ ദൈവത്തോടു സംസാരിപ്പാനായിട്ടു ധ്യാനിക്കുന്നത് ഒരധികമായ തുനിവാകുന്നു[3] എന്നും നിരൂപിച്ച് ധ്യാനത്തിൽ നിന്നും അകന്നിരുന്നു എന്നും നിന്റെ ചരിത്രത്തിൽ ഞാൻ വായിച്ചുകണ്ടു. എന്നതിനാൽ എന്റെ അമ്മെ ഇത് ശരിതന്നെ, അതെന്ത്യേ, ധ്യാനം ദൈവത്തോടൊന്നിച്ചിരുന്നുള്ള സംസാരമാകുന്നുവെന്ന് വരുമ്പോൾ ഒരു സ്നേഹിതനോടുള്ള സംസാരംപോലെ ആകുന്നു. എന്നാൽ സ്നേഹിതന്മാരുതമ്മിൽ ഒന്നിച്ചിരുന്നാൽ വേർതിരിയുംവരെയും നാവ് അടങ്ങാതെ സംസാരിക്കും. ഇതു കണ്ടുവരുന്ന കാര്യംതന്നെ. ഇതിനിടയിൽ അവർക്കു സംസാരത്തിന് വകയില്ലാഞ്ഞിട്ടു മിണ്ടടങ്ങിയിരുന്നുവെന്നും വരികയില്ല. അപ്പഴോ, സ്നേഹമുണ്ടെങ്കിൽ അയാളിനോടു സംസാരിപ്പാൻ വകയുണ്ടാകും; ഈ സംസാരം ഒരുത്തൻ പഠിപ്പിക്കയും വേണ്ട. പേച്ചറിയാത്തവരും തമ്മിൽ സ്നേഹമുണ്ടായാൽ തമ്മിൽ പറയുകയും തിരിയുകയും ചെയ്യു

1. *അമ്മത്രേസ്യ രചിച്ച Interior Castle (ആഭ്യന്തരഹർമ്യം) എന്ന മിസ്റ്റിക്ക് കവിതാഗ്രന്ഥത്തെയാണ് പരാമർശിക്കുന്നത്.*
2. *പേച്ച്-ഭാഷണം*
3. *തുനിവ്-ഉദ്യമം*

ന്നു. ഒരു പേച്ചറിയുന്ന മറ്റവനോടു സംസാരിക്കുന്നതിനെക്കായിലും പേച്ചറിയാത്ത സ്നേഹിതനോടു സംസാരിപ്പാനത്രെയിഷ്ടം. ഒന്നും ഉരിയാടാതെ ഇരിക്കുന്നു എങ്കിലും സ്നേഹിതന്റെ ചേരെയിരിക്കുന്നത് തന്നെ തൃപ്തിയാകയും ചെയ്യും, എന്ന് വരുമ്പോൾ എന്റെ അമ്മേ ഞാനും ഈശോമിശിഹായെ പട്ടാങ്ങയായിട്ടു സ്നേഹിക്കുന്നുയെങ്കിൽ ഇനിക്കു ധ്യാനത്താൽ തന്നോടു സംസാരിപ്പാൻ വകയുണ്ടാകും. അല്ലെങ്കിൽ സംസാരിപ്പാൻ പാടില്ലെങ്കിലും അരികെയിരിക്കുന്നതിനാൽ തൃപ്തിയായിരിക്കുമല്ലോ. ആയതിനാൽ ഈ സ്നേഹം ഇനിക്കുമുണ്ടാകുമെങ്കിൽ നിനക്കു ചൊല്ലിത്തരുവാനുള്ള ബുദ്ധിമുട്ടു കുറഞ്ഞിരിക്കും. അതെന്ത്യെ, വേഗം ഞാൻ പഠിക്കും ഈ സംസാരം. ആയതിനാൽ ഈ സ്നേഹം ഇനിക്കു തരുവിക്കണം. അപ്പോൾ ധ്യാനവും പഠിക്കും. അതെങ്ങനെയെന്നാൽ സ്നേഹിതനോടു സംസാരിപ്പാൻ ഒരുത്തരേയും പഠിപ്പിക്കേണ്ട. പിന്നയോ ആ സ്നേഹം തന്നെ പഠിപ്പിക്കുകയും ചെയ്യുമല്ലൊ എന്നതിനാൽ ഈ സ്നേഹത്താൽ സംസാരിപ്പാൻ പഠിക്കുകയും ചെയ്യും, അപ്പഴൊ, അമ്മേ! നിന്റെ പക്കലില്ലാത്തതായാലും മകനായ ഞാൻ ചോദിച്ചാൽ ഉള്ളടത്ത് നിന്ന് ചോദിച്ചു മേടിച്ചെങ്കിലും തരുവാൻ ഞെരുങ്ങുന്ന നിന്റെ ഉപവി, നിന്നിൽ ധാരാളമായി ഉണ്ടായിരിക്കുന്ന ഈ ഗുണം ചോദിച്ചപേക്ഷിക്കുന്ന അഗതിയായ മകന് തരാതെയിരിക്കുമോ; നിന്റെ മേലുള്ള ഈ പ്രിയത്തെ പ്രതി നിന്റെ മക്കൾക്കു സമ്മാനിപ്പാൻ സന്തോഷമായിരിക്കുന്ന നിന്റെ പ്രിയ മണവാളനോടു ഈ അഗതിയായ മകന്റെ അപേക്ഷപ്രകാരം കേൾപ്പിച്ചാൽ മണവാളനിൽ നിന്നകന്നിരുന്ന കാലത്തിൽ ചോദിക്കുന്നതൊക്കെയും തന്നിരുന്ന മണവാളൻ ഇപ്പോൾ വിവാഹം കഴിഞ്ഞ് മണവറയിൽ ഒന്നിച്ചിരിക്കുന്ന ഈ സമയം യാചിക്കുന്നത് കിട്ടുമോ എന്നിനിക്കു സംശയിപ്പാനുണ്ടോ? അന്യർക്കുവേണ്ടി പലതും അപേക്ഷിച്ച് സഹായിക്കുന്ന നീ പാപിയെങ്കിലും മകന്റെ സ്വാതന്ത്ര്യമുള്ള ഞാൻ അപേക്ഷിച്ചാൽ നീ കൂട്ടാക്കാതെയിരിക്കും എന്നെനിക്കു വിചാരിക്കാമോ? ആയതും ഒരുനാളും വഹിയായല്ലോ. ആയതിനാൽ അമ്മേ! ഞാൻ അപേക്ഷിക്കുന്നു. എന്നെ നീ പഠിപ്പിക്ക.

## 1-ാം പങ്കായിട്ട്

ധ്യാനിപ്പാൻ, ദൈവസ്നേഹത്താൽ ദൈവത്തോടു ചേർന്നിരിക്കേണ്ടതിന്നാവശ്യം ആയിരിക്കയിൽ, പാപം ഉള്ള ഹൃദയത്തോടു ദൈവം ചേരാത്തതാകയാൽ, പാപപ്പൊറുതി അപേക്ഷിക്കുന്നതിനായിട്ടു ഈ

ഒന്നാമത്തെ ദിവസത്തിൽ ഈ എന്റെ രക്ഷിതാവായിരിക്കുന്നതിന്റെ പ്രിയ മണവാളൻ ഈശോമ്ശിഹായുടെ പക്കൽ ഞാൻ അണവാൻ ആവശ്യമായിരിക്കയാൽ എന്റെ അമ്മേ! നീ കൂടെയിനിക്ക് സഹായവും തുണയുമായിരിപ്പാൻ ആയി മുൻകൂട്ടി നിന്റെ പ്രിയ മണവാളന്റെ മുറിയിൽ നീ കടന്ന് തന്റെ കരുണയുടെ തൃക്കണ്ണുകളെ എന്റെമേൽ തിരിപ്പിക്കേണമേ! ഇതിനായിട്ടു പാപികളുടെ സങ്കേതവും അനുഗ്രഹങ്ങളുടെ അമ്മയുമായിരിക്കുന്ന ദേവമാതാവിന്റെയും നിന്റേയും നിന്റെ മക്കളായ ഞങ്ങൾ ഒക്കയുടേയും മദ്ധ്യസ്ഥനായ മാർ യൗസേപ്പിതാവിന്റെയും തുണയും സഹായവും നീ പ്രാർത്ഥിക്കേണമേ! ഞാൻ ഇതാ എന്റെ പാപത്തിന്മേൽ മനസ്താപപ്പെട്ടുകൊണ്ട് ആയ്തിന്റെ മുഴുവനായ പൊറുതിയും സമാധാനവും കിട്ടുവാനുള്ള ആഗ്രഹത്തോടുകൂടെ എന്റെ അപ്പന്റെ തിരുമുമ്പിൽ വരുന്നു. ധ്യാനമുറിയിൽ ഇതാ എന്റെ മനോഗുണ അപ്പൻ ഈശോമിശിഹാ അനുഗ്രഹത്തിന്റെ സിംഹാസനത്തിൽ എഴുന്നള്ളിയിരിക്കുന്നു. തന്റെ വലത്തു ഭാഗത്തിൽ മനോഗുണത്തിന്റെ അമ്മയും ഇടത്തുഭാഗത്തിൽ നമ്മുടെ മദ്ധ്യസ്ഥനായ യൗസേപ്പുപിതാവും എഴുന്നള്ളിയിരിക്കുന്നു. നമ്മുടെ അമ്മത്രേസ്യാ തന്റെ മക്കൾക്കുവേണ്ടിയും പ്രത്യേകം പാപിയായ എനിക്കുവേണ്ടിയും അനുഗ്രഹം അപേക്ഷിപ്പാനുമായിട്ട് ഇവരുടെ അരികിൽ മുട്ടുകുത്തി നില്ക്കുന്നു. എന്നാൽ എന്റെ പാപപ്പെരുപ്പത്തിനു തക്ക തേറ്റം എനിക്കില്ലായ്കയാലും എല്ലായ്പ്പോഴും എന്നെ തുണച്ചു വരുന്ന മറിയമഗ്ദലയിത്തമ്മ, എജീപ്തമറിയം, മർഗ്ഗരീത്തകൊർത്തോൻ എന്ന ഈ അമ്മമാരുടെ തേറ്റവും[1] പ്രായശ്ചിത്തങ്ങളും എനിക്കുള്ളതായി ഞാൻ അപേക്ഷിച്ചും കൊണ്ട് ഇതാ എന്റെ അപ്പന്റെ പക്കലോട്ടു ഞാൻ പുറപ്പെടുന്നു. ആ! എത്ര നാളായി ഞാൻ എന്റെ അപ്പന്റെ തിരുമുഖം കണ്ടിട്ട്. ആ എളിയ മകനെപ്പോലെ എന്റെ അപ്പൻ എനിക്കു തന്നിരുന്ന സമ്പത്തുകളൊക്കെയും ധൂളിച്ചു[2] കളഞ്ഞ് അധർമക്കാരന് വേലചെയ്ത് അവന്റെ പോർക്കുകളെ മേയിച്ചു നടക്കുന്നു. ഇതിന്റെ തീൻകൂടെയും തൃപ്തിയായി കിട്ടാതെ പഞ്ഞത്താൽ മെലിഞ്ഞു. എന്റെ അപ്പൻ തന്നിരുന്ന ആ നല്ല വസ്ത്രങ്ങളൊക്കെയും കളഞ്ഞ് നാണം മറപ്പാൻ കൂടെയും പാടില്ലായ്കയാൽ കില്ലത്തുണിയും[3] ധരിച്ചിരിക്കുന്നു;

---

*1. തേറ്റം-മനസ്താപം (പശ്ചാത്താപം). 2. ധൂളിച്ച്-ധൂർത്തടിച്ച് (പൊടിയാക്കി). പോർക്ക് - പന്നി. ധൂർത്തപുത്രന്റെ ഉപമയാണ് ഇവിടെ സൂചിപ്പിക്കുന്നത്. 3. കില്ലത്തുണി - കീറപ്പഴന്തുണി.*

എങ്കിലും ഈ വേഷത്തോടുകൂടെത്തന്നെ ഞാൻ ചെല്ലട്ടെ. അതെ ന്തിന്യ, ഇനി താമസിച്ചാൽ ചത്തുപോകുമല്ലോ. ഇതിനാൽ എന്റെ കാട്ടു വടിയും തൊപ്പിപ്പാളയും ഞാൻ എടുത്തുകൊണ്ടിതാ നടക്കുന്നു.

ഓ, എന്റെ ആത്മാവേ! എത്രയോ വേലക്കാർ നിന്റെ അപ്പന്റെ തിരുമുൻപിൽ സംപൂർത്തിയാൽ തെളിഞ്ഞു നടക്കുന്നു. അവരെ ഓർക്കുമ്പോൾ നീ എന്തിന്യ ക്ലേശിക്കുന്നു. ഈ അപ്പൻ എത്രയും അനുഗ്രഹമുള്ളവനാകയാൽ ഈ നിന്റെ നന്ദികേടുകളൊക്കെയും മറന്നുകളയും. മുൻപിലത്തെ നിന്റെ പുത്രസ്ഥാനത്തിൽ വെയ്ക്കയും ചെയ്യും. ആ! നീ നോക്കുക, നിന്റെ അപ്പന്റെ അരമനയും മറ്റു മാളികകളും പൊക്കമുള്ള മതിലുകളും കാണുന്നില്ലയോ? ഈ പുറത്തുള്ള അലങ്കാരങ്ങളും മഹിമകളും ഈവണ്ണമായിരിക്കുമ്പോൾ അകത്തുള്ള മഹിമസന്തോഷങ്ങൾ എന്തായിരിക്കും! ആ! നേരുതന്നെ എന്റെ ആത്മാവേ! ഇത്രവലിയ മതിൽക്കുപുറത്ത് കിടന്ന് ഞാൻ നിലവിളിച്ചാൽ ആരു കേൾക്കും. ഈ വലിയ പൂട്ടും വാതിലും ആരു തുറന്നു തരും? ഇങ്ങനെ വാച്ചവരും തുറന്നു തന്നാൽ ഈ ഉപേക്ഷിക്കപ്പെട്ടവനായ നീ വന്നിരിക്കുന്നു എന്നു ആരവിടെ അറിവിക്കും? ഇങ്ങനെ അറിവിച്ചാലും കോപിച്ചുകൊള്ളുന്നതല്ലാതെ എന്നെ നോക്കുമോ? അങ്ങേ അരികിലോട്ടു അനുവാദം കൂടാതെ നിനക്കടുക്കാമോ? നിന്റെ ഈ ഭാഷയും[1] കോലവും കാൺകയും നിന്റെ ദുർമണം വീശുകയും ചെയ്യുമ്പോൾ ശുശ്രൂഷികൾ കൂടെയും അറച്ചുപേക്ഷിപ്പാൻ യോഗ്യമായിരിക്കയിൽ ഈ മഹാവലിപ്പത്തിൻ തിരുമുൻപിൽ എങ്ങനെ നീ അടുത്ത് പൊറുതി അപേക്ഷിക്കും! ആ! ഇതൊക്കെയും നേരുതന്നെ. എന്നാലും എന്റെ അപ്പൻ എത്രയും അനുഗ്രഹം ഉള്ളവനും പട്ടാങ്ങയായ ഉപവിയും, താൻ സ്നേഹം എന്നത്രെ തന്റെ നാമവും ആകുന്നു. ഇതിനാലെ നാം ഭയപ്പെടുകയും വേണ്ട.

ഇതാ നീ സൂക്ഷിച്ചു എഴുന്നേൽക്കുക, ഇതാ ഒരു ഇളക്കം കാണുന്നില്ലയോ! ഓ ഹൊ! ഇതാ വാതിലുകളെ ധാരാളമായി തുറക്കുന്നു. അയ്യോ! ഇതാ എന്റെ അപ്പൻതന്നെ എഴുന്നെള്ളി വരുന്നു. അയ്യോ! ഞാൻ ഈ വേഷത്തോടെ എന്തു ചെയ്യേണ്ടു. ഇപ്പോൾ എന്റെ അപ്പൻ വന്നു എന്നെ പിടിച്ച് തഴുകും. അയ്യോ! ഇതു വേണ്ട, എന്നെ തൊടുവാൻ യോഗ്യമുള്ളവൻ ഞാൻ അല്ലല്ലോ. ഇതിനാല ഞാൻ തന്റെ തൃപ്പാദത്തുങ്കൽ സാഷ്ടാംഗം വീഴട്ടെ.

---

1. *ഭാഷ – പ്രകൃതം (Form)*

അയ്യോ! എന്റെ അപ്പാ ആകാശത്തിലും നിന്റെ തിരുമുമ്പിലും ഞാൻ പിഴച്ചു ഇനി നിന്റെ മകൻ എന്ന ഈ മഹിമപ്പേരിനു അടിയൻ യോഗ്യനല്ല. നിന്റെ വേലക്കാരിൽ ഒരുത്തനായിട്ട് കൈക്കൊണ്ടാൽ ഇനിക്കു എത്രയോ ഭാഗ്യം, എത്രയോ മഹിമ. എന്നാലും എന്റെ അപ്പാ, ഈ പേരുകൊണ്ടല്ലാതെ നിന്നെ ഇനിക്കു വിളിപ്പാൻ എന്റെ ഹൃദയം സമ്മതിക്കുന്നില്ല. നീയും ഈവണ്ണം കല്പിച്ചിരിക്കുന്നുവല്ലോ. ആയ്തിനാൽ മനോഗുണമുള്ള എന്റെ അപ്പാ, എന്റെ ദുഷ്ടതയാലും നന്ദിഹീനതയാലും നിന്നോടു ഞാൻ ചെയ്ത കുറ്റങ്ങളൊക്കെയും എന്നോടു നീ പൊറുക്കേണമെ!

## തേറ്റപ്രകരണം

ആ പ്രിയമുള്ള അപ്പാ! നീ എഴുന്നെള്ളിയിരിക്കുന്ന ഈ കസേരയുടെ പുറകിൽ അടിയൻ മുട്ടുകുത്തിയിരിക്കയാൽ ഇനിക്കുവേണ്ടി ആണികളാൽ കിഴിയ്ക്കപ്പെട്ട,[1] വരളാതെ[2] വച്ചിരിക്കുന്ന ഈ തൃപ്പാദങ്ങളെ ഞാൻ പിടിച്ചിരിക്കയാൽ എന്റെ അമ്മ മഗ്ദലേത്തായോടു നീ കല്പിച്ചപോലെയും അമ്മ എ. മറിയത്തിന്നു പള്ളിവാതിൽ തുറന്നപോലെയും, മറിയ കൊർത്തോനായോട് കുരിശിൽ നിന്റെ രൂപത്തിൽ വാ തുറന്ന് അരുളിചെയ്തതിൻവണ്ണവും ഇന്നടിയനോട് അരുളിചെയ്യാതെ, ഈ തൃപ്പാദച്ചുവട്ടിൽനിന്നടിയൻ വാങ്ങുകയില്ല. പിതാവു യാക്കോബ്, മാലാഖായോട് ചൊല്ലിയതിൻവണ്ണം ഞാനും ഈ പാദം വിടുകയില്ല. ആ, എന്റെ അമ്മമാരെ! നിങ്ങൾ എനിക്കുവേണ്ടി അപേക്ഷിപ്പിൻ. ആ, എന്റെ അമ്മ. ശു. ഈശോയുടെ ത്രേസ്യായെ! നിന്റെ പ്രാർത്ഥനാമുറിയിൽ നീ ദർശിച്ച രൂപത്തിൻമുൻപിൽ നീ പ്രാർത്ഥിച്ചതിനെ ഓർത്ത് ഇനിക്കായിക്കൊണ്ട് നീയും അപേക്ഷിച്ച് ആ മനോഗുണം തരുവിക്കേണമെ! എത്രയും ശുദ്ധമുള്ള വ്യാകുലമാതാവെ! നിന്റെ ഏറ്റിക്കപ്പെട്ട[3] വ്യാകുലത്തിനു കാരണമായ എന്റെ പാപങ്ങൾക്കു പൊറുതി ഇനിക്കുവേണ്ടി നീ അപേക്ഷിച്ചു തരുവിക്കണമേ! അയ്യോ! എത്ര ഊഴം നീ എന്നോടു ക്ഷമിച്ചു. എന്റെ അമ്മയുടെ കയ്യിൽനിന്ന് പൈതൽ പ്രായത്തിൽതന്നെ നീ എന്നെ കൈക്കൊണ്ടല്ലോ. തെറ്റുകളെ കണ്ടാറെ വീണ്ടും ലോകത്തിൽനിന്ന് എന്നെ വലിച്ചല്ലോ. ആയതിനാലെയും ഞാൻ ദുഷ്ടതയിൽനിന്ന് വാങ്ങു[4]ന്നില്ലെന്ന് കണ്ടാറെ,

*1. കിഴിയ്ക്കപ്പെട്ട – തുളയ്ക്കപ്പെട്ട.* *2. വരളാതെ – ഉണങ്ങാതെ.*

*3. ഏറ്റിക്കപ്പെട്ട – വർദ്ധിച്ച.* *4. വാങ്ങുക – പിന്മാറുക*

ആകമാനം നിന്റെ ഉത്തരീയകൂട്ടത്തിന് നീ ചേർത്തുവല്ലോ. ഇനിയും ഞാൻ മുഴുവനായിട്ടു നിന്റെ മക്കൾക്കടുത്ത ജീവിതം തുടങ്ങിയില്ലെങ്കിൽ എത്രയോ നിർഭാഗ്യക്കാരനായിപ്പോകും. ആയതിനാൽ മനോഗുണമുള്ള അമ്മേ, ഇനി നാളെയെന്ന് ഞാൻ പറയാതെ ഇപ്പോൾ തന്നെ മുഴുവനും നിനക്കുള്ളവനാകുവാൻ എന്റെ ശക്തിയൊക്കെയോടുകൂടെ ഉറച്ചു. ഈ നിന്റെ പുത്രന്റെ തൃപ്പാദം പിടിച്ചിരിക്കയാൽ ഇനിക്കായിക്കൊണ്ടു നിന്റെ ദയയുള്ള അപേക്ഷയെ അണച്ച് എന്റെ പാപങ്ങൾ ഒക്കെയിൽനിന്നുള്ള മുഴുവനായ പൊറുതിയും വെറുപ്പും ഇനിക്കു തരുവിച്ചു മേലാൽ പുണ്യസാംഗോപാംഗ[1]ത്തിൽ നിലനിൽപ്പും തരുവിക്കേണമെ.

ആ എന്റെ അനുഗ്രഹമുള്ള അപ്പാ! ഞാൻ എന്റെ കണ്ണുകളെ പൊക്കി നിന്റെ തിരുമുഖത്തിൽ സൂക്ഷിപ്പാൻ വശമാകുന്നില്ലല്ലോ. കർത്താവേ! നിന്റെ തിരുത്തലയെ ഞാൻ നോക്കുന്നു എങ്കിൽ ഇതിൽ വച്ചു തറച്ചിരിക്കുന്ന മുള്ളുകൾ എങ്ങനെയോ നിന്റെ തലയെ തുളച്ചു കടക്കുന്നു. ഇതൊക്കെയും എന്റെ നിഗളം മുതലായ നിരൂപണ[2]കളാൽ എത്രയോ ഊഴം നിന്റെ തിരുശിരസ്സിനെ ഞാൻ നൊമ്പരപ്പെടുത്തി. അയ്യോ! ഈ മുൾക്കെട്ടിനെ എന്റെ തലയിൽ നീ വയ്ക്കേണമെ. ഇനി മരണപര്യന്തം എപ്പോഴും ഇതിനെ ഞാൻ ഓർത്തു ദുഃഖിപ്പാനും, ഓർമ്മയാലെതന്നെ നിനക്കിഷ്ടമില്ലാത്ത യാതൊരു വിചാരവും എന്റെ തലയിൽ കേറാതിരിക്കട്ടെ.

അയ്യോ! എന്റെ അപ്പാ, നിന്റെ തിരുമുഖം എത്രയും അഴകുള്ളത് സൃഷ്ടിക്കപ്പെട്ട സകല മുഖങ്ങളിൽ അഴകുള്ളതും മനുഷ്യമക്കളിൽ അഴകുള്ളവനെ എന്ന് എന്റെ പിതാവ് ദാവീദ് പാടുന്നതിനെയും ഞങ്ങൾ കേൾക്കുന്നു. ദുഃഖമുള്ളവർ, ഈ തിരുമുഖം കണ്ടാൽ സന്തോഷമായി പകരപ്പെടുമെന്നും ആയതു പലർക്കും സംഭവിച്ചിരിക്കുന്നു എന്നും ഞാൻ അറിഞ്ഞും വിശ്വസിച്ചും ഇരിക്കുന്നു. ആകിലും എന്റെ മനോഗുണമുള്ള നല്ല അപ്പാ! ഈ മുഖം ഇനിക്കിപ്പോൾ എത്രയും ദുഃഖിപ്പിക്കുന്നതായിരിക്കുന്നുവല്ലോ. എങ്കിലും കർത്താവേ! നീയിപ്പോൾ ഇതിനെ പകർത്തിയിട്ടില്ലല്ലോ. എന്നാൽ ഈ മുഖം അരിശമുഖമായിട്ടു[3] പകരുന്ന നേരത്തിൽ ഞാൻ ഭയന്ന് നോക്കാതിരുന്നാലും നിന്റെ നരകചമ്മട്ടികളായ ദുഷ്ടർ എന്നെക്കണ്ടു പരിഹസിച്ചു നോക്കി

---

*1. സാംഗോപാംഗം - പരിപൂർണ്ണത.*

*2. നിരൂപണം - വിചാരം.*

*3. അരിശമുഖം - കോപഭാവം കലർന്ന മുഖം.*

നില്ക്കുമല്ലോ. എന്നാൽ ഇപ്പോൾ ഈ തിരുമുഖത്തു നോക്കുവാൻ ഞാൻ കുറെ ലജ്ജിച്ചു ദുഃഖിക്കുന്നുവെങ്കിലും നീയിനിക്കു കരുത്ത മുഖമായി കാണിക്കുമെന്ന് ഞാൻ ശരണപ്പെട്ടിരിക്കുന്നു. എന്നതിനാൽ അപ്പാ എന്റെ കണ്ണു പൊക്കട്ടെ. ഞാൻ എന്റെ നന്ദിയില്ലാത്ത കണ്ണിനെ, എന്നെ പാർത്തു വിളിക്കുന്ന മനോഗുണമുള്ള മുഖത്തോട്ടുയർത്തട്ടെ. എന്റെ പോളകളേ, നിങ്ങൾ നീങ്ങുവിൻ എന്റെ മിഴികളിൽ തുടിച്ചു നിൽക്കുന്ന വെള്ളങ്ങളേ നിങ്ങളെ ഉരുവാക്കിയ മണ്ണിലോട്ടു വീഴുവിൻ.

ആ! അയ്യോ! എന്റെ അപ്പന്റെ മുഖത്തെ ഇങ്ങനെ വിരൂപമാക്കിയത് ഞാൻ തന്നെയല്ലയോ, ഓ! ദുഷ്ടശരീരമേ, നിന്റെ സൃഷ്ടിതാവിന്റെ തിരുമുഖത്തെ ഇങ്ങനെയാക്കുവാൻ തക്ക ധൈര്യം നിനക്കുണ്ടായത് അതിശയിപ്പാൻ തക്കതുതന്നെ. നിനക്കയ്യോ സൗന്ദര്യമായിട്ടു മറ്റുചില മുഖങ്ങളിന്മേൽ തോന്നിയിരുന്നതിനാൽ ഇതാ, ഈ തിരുമുഖം സൂക്ഷിപ്പാൻ പാടില്ലാത്തവണ്ണം തന്റെ തലമുടികളാലും പിണർത്തുപറ്റിയിരിക്കുന്ന ചോരയാലും നീ കാണിക്കുന്ന മറ്റു ചുംബനങ്ങളാൽ ദുഷ്ടസേവകരുടെ നാവു വഴിയായിട്ടു നീ കാ-കാ-തു-തു എന്ന അശുദ്ധ ഉമിനീരുകളാലും അയ്യോ പഴന്തുണികളാൽ കൂടെയും മൂടിയിരുന്നു എന്ന ഈ തിരുമുഖത്തിന്റെ രൂപം മുഴുവനും കാണ്മാനാഗ്രഹമുണ്ടെങ്കിൽ ഈ തിരുത്തലമുടിയെ പതുക്കെ ഇളക്കി നീക്കി ആ പിണർത്തിരിക്കുന്ന ചോരകണങ്ങളേയും വടിച്ചു നീക്കുക. ആ! കർത്താവെ! നിന്റെ കവളിന്മേൽ പതിഞ്ഞിരിക്കുന്ന ഈ വിരലുകളുടെ ഭാഷയും അതിനു ചുറ്റുമുള്ള പച്ചച്ചുള്ള കരുവാളിപ്പും എന്തായിരിക്കുന്നു. അയ്യോ! ഇത് മറ്റേതുമല്ല പിന്നെയോ, ചിലരു പറയുംവണ്ണം കാലും കയ്യും ഇളക്കുവാൻ വശമില്ലാതെ, 30-ൽ ചില്വാനം സംവത്സരം ശ്ലേമ്മോന്റെ മോണ്ടള[1]ത്തിൽ തളർന്നു കിടന്നു എന്നവനെ കണ്ടുതാൻ അനുഗ്രഹിച്ച് നിന്റെ കട്ടിലുമെടുത്തുകൊണ്ടു പോകയെന്നും കല്പിച്ചു സ്വസ്ഥമാക്കി എഴുന്നേല്പിച്ചു. ഇപ്പോൾ നീ സ്വസ്ഥതയായി, ഇനി വീണ്ടും നീ പിഴക്കണ്ടാ എന്നും കല്പിച്ചയച്ചു എന്നവൻ വീണ്ടും പോയി മേല്പട്ടക്കാരന്റെ സേവകനായി നില്ക്കയിൽ കർത്താവിനെ കെട്ടിക്കൊണ്ടുചെന്നു നിർത്തി ചോദിച്ചപ്പോൾ താൻ ഉത്തരിച്ച വചനം മേല്പട്ടസുഖത്തിന് അപമാനമായി എന്നവന്നു തോന്നിയതിനാൽ ഇങ്ങനെയോ മേല്പട്ടക്കാരനോടുത്തിരിക്കുന്നത് എന്നും പറഞ്ഞുകൊണ്ട് അവൻ അടിച്ച

*1. മോണ്ടളം - ദേവാലയ പൂമുഖം. കർത്താവീശോ തളർവാതരോഗിയെ സൗഖ്യമാക്കിയ സംഭവം അനുസ്മരിക്കുന്നു.*

മുറിവിന്റെ പാടത്രെ. ഓ! എന്റെ സ്നേഹിതയായ ശരീരമേ, ഇതു വലിയ അക്രമമായി നിനക്കും തോന്നുന്നല്ലോ. എന്നാൽ അവനല്ല ഈ അടി അടിച്ചത്. അതിന്നു കർത്താവിത്ര സങ്കടവും തോന്നുകയില്ല. പിന്നെയോ, നിന്റെ അടിയുടെ അത്രെ ഈ കുഴിഞ്ഞു കാണുന്ന കാഴ്ച. അതെങ്ങനെയെന്നാൽ, തളർന്ന കൈ സ്വസ്ഥാന[1]മാക്കിയതിൽ അതു രണ്ടുകൊണ്ടും അവൻ അടിച്ചില്ല. പിന്നെയോ, ഒന്നുകൊണ്ട് ഒരടി അവൻ അടിച്ചു. എന്നാൽ നിനക്കു നേർമ്മയുള്ള രണ്ടു കൈകളും തന്ന് ആയ്ത് തളരാതെ കാർത്തതെന്ത്യെ, ഈവണ്ണമുള്ള അക്ഷരങ്ങൾ മുതലായി എഴുതുവാനും മറ്റു വേല ചെയ്വാനും നിനക്കുണ്ടാക്കിത്തന്നതിൽ നിയും, താനും അറിഞ്ഞിരിക്കുന്ന എണ്ണമില്ലാത്ത കുറ്റങ്ങൾ ഈ നിന്റെ രണ്ടു കൈകൾകൊണ്ടും ചെയ്തതിനാൽ ഇവര് ഒരു കയ്യാലും മറ്റും ഗദ്സേമ്മനിൽവച്ചു തന്നെ പിടിച്ച നേരം മുതൽ പലരുടെ കൈകളാലും പല ഊഴവും തന്നെ അടിപ്പാനായിട്ടു അവരുടെ കൈകൾക്കു ശക്തികൊടുത്തു. പലപ്പോഴും ഈ കണങ്ങളിൽ അടിപ്പിച്ചത് നിന്റെ കൈ തന്നെ. ആയതിൻവണ്ണം തന്റെ തിരുക്കണ്ണുകളെ നിനയ്ക്കുക. ഇതാ തലയിൽ നിന്നിറങ്ങിയിരിക്കുന്ന മുള്ളുകളുടെ മുനകളാലും പലേ ഊഴവും തലയിൽ അടിച്ചതിൽ അത്രെ, കണ്ണുകളും ചോരനിറമായി കാണുന്നില്ലയോ, അയ്യോ! ഇത് എന്തു? നിനക്ക് കണ്ണു തന്നതു തന്നെയിതിന്നവകാശം. നിന്നെക്കുരുടനാക്കിയിരുന്നെങ്കിൽ തന്റെ കണ്ണുകൾക്കു സങ്കടം വരാഞ്ഞേനേ എന്നാൽ നിന്നോടുള്ള സ്നേഹത്തെപ്രതി സൂക്ഷമുള്ള രണ്ടു കണ്ണുകൾ നിനക്കു തന്നു. ഈ കണ്ണുകൾകൊണ്ടു മേല്പോട്ടു നോക്കി തന്റെ സൃഷ്ടികളുടെ മഹിമയെ കണ്ടുകൊണ്ടുതന്നെ അറിഞ്ഞു ബഹുമാനിപ്പാനുള്ളതിനുപകരം നിന്റെ കണ്ണുകൾകൊണ്ടു വ്യർത്ഥമായതും എണ്ണമില്ലാത്ത വിലക്കപ്പെട്ട കാഴ്ചകൾക്കു ഈ നിന്റെ കണ്ണുകളെ തുറന്നതിനാൽ അത്രെ ഈവണ്ണം തന്റെ കണ്ണുകൾ ചോര നിറമായി പകർന്നിരിക്കുന്നത്. ആ എന്റെ മനോഗുണമുള്ള അപ്പാ, ഈ നിന്റെ മാണിക്യമുള്ള തിരുക്കണ്ണുകളുടെയും ഈ തിരുമുഖത്തിന്റെയും ഈ ഭാഷകളെ മാറ്റി അനുഗ്രഹമുള്ള ഈ നിന്റെ തിരുമുഖത്തിന്റെ സൗന്ദര്യത്തെ എന്നിനിക്കു കാണ്മാനിടയാകും. ആ എന്റെ മകനെ, നിന്റെ ഭാഷ മാറുമ്പോൾ ഈ മുഖഭാഷയും നിന്റെ കണ്ണിൽ മാറ്റപ്പെടുകയും ചെയ്യാം എന്ന്

1. സ്വസ്ഥാനം - സ്വസ്ഥത

എന്നോടു നീ അരുളിച്ചെയ്യുന്നതിനാൽ കർത്താവെ, ഇന്നുമുതൽ എന്റെ ഇഷ്ടമൊക്കെയും ഞാൻ ഉപേക്ഷിച്ച് എന്നെ നിനക്കു മുഴുവനും ഞാൻ കയ്യാളിക്കുന്നു. നിന്റെ തിരുമനസ്സല്ലാതെ മറ്റൊന്നും ഞാൻ ആഗ്രഹിക്കുന്നില്ല. അയ്യോ, ഇനി എന്റെ കണ്ണുകളെ താഴ്ത്തി എന്റെ അപ്പന്റെ തിരുദേഹത്തെ ഒന്നു സൂക്ഷിക്കട്ടെ. ആ, എന്റെ രക്ഷിതാവെ! നിന്റെ മാതാവിനോടു നീ അരുളിചെയ്ത വാക്യം ഇതു തന്നെയോ? അതായതു നിന്റെ മകനെന്നുള്ള ഭാഷയൊക്കയും പകർന്നു പോകുമെന്നതയ്യോ നേരുതന്നെ; ആ കർത്താവെ ഇത് എന്റെ ധൈര്യമില്ലാത്ത ഹൃദയത്തിനു കാണ്മാനും സൂക്ഷിപ്പാനും പാടില്ലാത്ത കാഴ്ചതന്നെ. ഓ! നിന്റെ തിരുമുതുകും പുറവും ഞാൻ ദർശിപ്പാൻ നീ തന്നെ ഇനിക്കു ധൈര്യം തന്നില്ലെങ്കിൽ ഇതിനെ നിന്നു സൂക്ഷിപ്പാൻ വശമാകയില്ല. ഇതല്ലാതെയും ഈ മാംസങ്ങൾ ഒക്കെ ചിതറി തൂങ്ങി വെളുത്ത അസ്ഥികളും ഞരമ്പുകളും കാൺമാൻ തക്കവണ്ണമുള്ള പലതരമായ വടികളാലും മുൾപരമ്പു[1]കളാലും ആളുകൾ മാറിയുള്ള അടികളാലും ഈ നിന്റെ ദേഹത്തിലുള്ള മാംസങ്ങളെ പറിച്ചു നീക്കിയതിനുള്ള കാരണക്കാരൻ ഞാൻതന്നെ എന്നുള്ള വിചാരത്തോടുകൂടെ ഈ ദേഹത്തെ എങ്ങനെ ഞാൻ ദർശിക്കുന്നു. ആ പ്രിയമുള്ള കർത്താവെ! ഈ പുഴുവിനെപ്രതി നീ സഹിച്ചതെങ്ങനെ നീ ഇതിനെ ഇനിക്കുവേണ്ടി സഹിച്ചു എന്ന് അറിഞ്ഞിരുന്നുംകൊണ്ടു പിന്നെയും നിന്നെ ഞാൻ ഉപേക്ഷിച്ചതെങ്ങിനെ. ഇതിനെ ഞാൻ സൂക്ഷിച്ചുനോക്കിയാൽ ഇനി എങ്കിലും നിന്നെ ഞാൻ സ്നേഹിക്കാതിരിക്കുന്നതെങ്ങനെ. ഇത്ര നീ എന്നെ സ്നേഹിച്ചപ്പോൾ നിന്നെയല്ലാതെ മറ്റൊന്നിന്റെമേൽ സ്നേഹം തോന്നുന്നതെങ്ങനെ. ആ കർത്താവെ, നിന്നെ ഞാൻ ഉപദ്രവിച്ചതിൻ വണ്ണമെങ്കിലും നിന്നെ സ്നേഹിപ്പാൻ മനോഗുണം തരണമെ. കർത്താവെ! പാപപ്പൊറുതിയ്ക്കു പരി:വേദത്തിൽ കല്പിച്ച ബലിപൂജയുടെ ആട്ടിൻചോര മുഴുവനും പാളയത്തിന്റെ അകത്തു ചിന്തി മാംസം ശരിക്കു പുറത്തു പുറപ്പെടുത്തി ദഹിപ്പിക്കണമെന്നുള്ള പ്രമാണംപോലെ ഗാഗുൽത്തായിൽ നിന്നെ പൂജിക്കും മുൻപിൽ നിന്റെ നഗരിയായ എന്റെ ഉള്ളിൽ ഈ നിന്റെ ചോരയൊക്കയും ചിന്തുവാൻ തിരുമനസ്സായല്ലോ. ലോകത്തിൽ പറയുംവണ്ണം രക്തപ്രിയനെന്ന് പറയുന്ന പുലി, മാംസത്തേക്കാൾ ചോരകുടിപ്പാൻ ഇച്ഛിക്കയാൽ

1. *മുൾപരമ്പ് - മുൾവടി*

പിടിച്ചതിന്റെ ശേഷം കൊല്ലും മുമ്പിൽ ചോര ഒക്കയും വലിച്ചു കുടിക്കുംവണ്ണം അയ്യോ, പാപത്തിന്മേലുള്ള എന്റെ ദാഹം തീർപ്പാനായി ഗദ്സേമ്മനിൽ തുടങ്ങി നിന്റെ ചോര ഞാൻ കുടിച്ചു തുടങ്ങിയാറെയും തൃപ്തി വരാതെ രക്തഞരമ്പുകളിലുള്ള ചോര തീർന്നിട്ടു മാംസത്തിന്റെ ഇടകളിൽ ശേഷിച്ചിരുന്ന ചോരയും കുടിപ്പാനായി ഞാൻ നിന്റെ മാംസം ചീന്തി പൊളിച്ചുവല്ലൊ. ആ, അപ്പാ! ഇതുകൊണ്ടും ഞാൻ  മതിയായവനല്ലല്ലോ. നീ എന്റെമേൽ വച്ച സ്നേഹത്തിന്നു മതിയായില്ലല്ലൊ. ആ മല്ലനെപ്പോലെ വഴിനടപ്പാൻ പാടും എന്നെഴുതിയിരുന്നതിൻവണ്ണം മാംസം ഇല്ലാതെ പൊങ്ങിയിരിക്കുന്ന നിന്റെ തോളിന്മേൽ എന്റെ പാപചുമടുകൾ കെട്ടിവെച്ചിരിക്കുന്ന ഭാരമായ കുരിശിനെ തെളിവോടെ എടുത്തുവച്ചുകൊണ്ടു നടന്നുവല്ലൊ. ആ, എന്റെ പിതാവെ, ഇതിന്റെ പിറകെ ഞാനുംകൂടി വരുന്നതിനു എനിക്കു മഹാ സംകടംതന്നെ. അതെ ഉണ്ട്. ഈ നിന്റെ മണവാളത്തിന്റെ ദിവസത്തിൽ നിന്റെ അമ്മ വച്ചു ചൂടിയിരിക്കുന്ന മുടിയോടുകൂടിയുള്ള പുറപ്പാടിനെക്കാൾ സെഹിയോന്റെ പെൺപൈതങ്ങളെ വിളിക്കുന്നു എന്ന ദൈവവാക്യം പോലെ ഈ കല്യാണപന്തലായ ഗാഗുൽത്തായിൽനിന്നു പുറപ്പെട്ടു നടന്നു എന്ന ഈ പുറപ്പാട്ടിൽ നീ ചമഞ്ഞിരുന്ന മണവാളവസ്ത്രവും നിന്റെ കഴുത്തിലിട്ടിരിക്കുന്നു. കനമേറിയ സ്വർണ്ണമാലകളും അരയിൽ കെട്ടിയിരിക്കുന്ന പൊൻപീത്തയും ശിരസ്സിൽ ചൂടിയിരിക്കുന്ന എത്രയും വിലതീരാത്ത വൈരമുടിയും കൈയിൽ എടുത്തിരിക്കുന്ന നിന്റെ രാജചെങ്കോലും നിന്റെ തോഴുമ്മ[1] ക്കാരായി മുൻപും പിൻപും നടക്കുന്ന ജനക്കൂട്ടവും ഇരുപുറവും കൂടെ നടപ്പാനായി ചമയിച്ചു നടത്തിയിരുന്ന രണ്ടു കൂട്ടുതോണ്മക്കാരും മുമ്പിൽ കൊട്ടി അറിയിക്കുന്ന വാദ്യഘോഷവും കല്യാണസംഗതിയെ പാടി കേൾപ്പിക്കുന്നു. എന്നയിടക്കിടക്കുള്ള പാട്ടുവായനയും, ഈ നിന്റെ യാത്ര കണ്ടു അനുവാദം തരുവാനായിട്ടു നിന്റെ പ്രിയമുള്ള അമ്മയുടെ കൂടിക്കാഴ്ചയും നടപ്പിന്റെ ക്ഷീണം തീർപ്പാനായിട്ടു കൂടെക്കൂടെ നിന്നെ കുടിപ്പിക്കുന്ന മധുരവെള്ളങ്ങളും ഇതൊക്കെയും ഞാൻ നിരൂപിച്ചു കാണാൻ പാടില്ല. എന്നാൽ എന്നെയും നിന്റെ മണവാട്ടികളുടെ കൂട്ടത്തിൽ ചേർപ്പാനായിട്ടത്രെ ഇത്ര വലിയ ദുഃഖഘോഷങ്ങൾ കഴിക്കുന്നത് എന്നുള്ള വിചാരം മാത്രം ഇനിക്കു മതിയല്ലൊ - ആയ്തുകൊണ്ടു കർത്താവെ, ഇനി ഞാൻ തൂങ്ങപ്പെട്ട നിന്റെ കുരിശിനെ തഴുകി

*1. തോഴുമ്മ - അകമ്പടി*

നില്ക്കുന്ന മഗ്ദലയിത്തമ്മയെ എന്റെ പേർക്കവിടെ നിറുത്തിക്കൊണ്ടു വലത്തുഭാഗത്തുള്ള കള്ളന്റെ കുരിശിൽ ഞാൻ കരേറി അദ്ദേഹത്തിന്റെ എരിവുള്ള സ്വരത്തോടെ ഞാനും അപേക്ഷിക്കുന്നു. കർത്താവെ അയാളോടു കല്പിച്ചപോലെ നിന്റെയിഷ്ടപ്രസാദമെന്ന പറുദീസായിൽ ഇപ്പോൾതന്നെ നീ എന്നോടുകൂടെ ആയിരിക്കും എന്നുള്ള തിരുവചനം എന്റെ ഉള്ളിൽ കേൾപ്പിച്ച നിന്റെ ദൈവേഷ്ടപ്രസാദം എന്നിൽ നിലനിറുത്തി പാപങ്ങൾ ഒക്കെയും പൊറുത്തരുളണമെ ആമ്മേൻ.

# എളിമയ്ക്കടുത്ത പ്രകരണം

*ധ്യാനാസ്തപ്പാടു കഴിച്ച് സർവ്വേശ്വരന്റെ തിരുമുമ്പിൽ കുമ്പിട്ടു ഹൃദയക്കണ്ണാൽ തന്നെ ദർശിച്ചാരാധന ചെയ്തപേക്ഷിക്കേണ്ടും വിധം.*

ഓ അറുതിയില്ലാത്ത മഹിമ ശോഭനം നിറയപ്പെട്ടിരിക്കുന്ന പരമ പരാപരവസ്തുവായിരിക്കുന്ന സർവ്വേശ്വരാ, നിന്നെക്കണ്ട ഒരുത്തനും ജീവിക്കുന്നില്ല എന്ന് നീതന്നെ അരുളിച്ചെയ്യുന്നു എന്നു ഞാൻ കേൾക്കുന്നതിൻവണ്ണം തന്നെ നിന്റെ മഹിമയുടെ വലിപ്പത്തേയും ഞാൻ കാണുന്നുവല്ലോ. നിന്റെ സ്ഥാനപതിയായ ദൈവദൂതരിറങ്ങിയ സീനൈ മലയിൽ ഉണ്ടായ പ്രകാരത്താൽ മലയുടെ അടിവാരത്തിൽനിന്ന് മേല്പോട്ടു കരേറുവാൻ ആ മഹാജനങ്ങളിൽ ഒരുത്തനും ധൈര്യമുണ്ടായില്ലല്ലൊ. മഹാപിതാവായ മൂശനിവ്യാ നിന്റെ സ്നേഹധൈര്യത്തിലുറച്ച് കരേറി മേഘത്തിനുള്ളിൽ പുക്കാറെ,[1] ഏഴുദിവസം ഭ്രമിച്ചു ഒന്നും കാണ്മാനും ബോധിപ്പാനും വശമില്ലാത്തതിൻവണ്ണം നിർജ്ജീവനായി പാർത്തുവല്ലൊ. എന്നാൽ ഈ ഭയം ഒരു വിധമായി അടങ്ങിയതിൻശേഷം മേഘത്തിനിടയിൽ മറച്ചു കൊണ്ടു ശേഷമുള്ള മുപ്പത്തിമൂന്നു ദിവസവും സ്വരത്താൽ ദൈവ കല്പനകളെ കേൾപ്പിക്കയും മറവിൽ ദർശിച്ച ദേവാലയ പണികളെ കാണിക്കയും ചെയ്തതല്ലാതെ, ഈ നിന്റെ സ്ഥാനപതിയുടെ മുഖദർശനം കൂടെയും കാട്ടായ്കയാൽ ഈ പിതാവു സാദ്ധ്യപ്പെട്ടപേക്ഷിച്ചാറെ, നിന്റെ മുഖം എന്റെ കൈയാൽ മറച്ചുകൊണ്ടു ഞാൻ കടപ്പാനായി തിരിയുമ്പോൾ എന്റെ കൈ നീക്കിക്കൊണ്ടു നിന്റെ കണ്ണിനെ തുറക്കുമ്പോൾ എന്റെ പുറം നിന്നെ കാണിക്കാം. ഇതല്ലാതെ മുഖം നീ ദർശിച്ചാൽ നീ മരിച്ചുപോകുമെന്നും കല്പിച്ച പ്രകാരം ആ കടപ്പിന്റെ ക്ഷണമാത്രയിൽ ഈ ദിവ്യപുറം ദർശിക്കയാൽ ഈ മഹാത്മാവിൻ മുഖരൂപം ഉച്ചയിൽ ആദിത്യനെപ്പോലെ പ്രകാശമായതിനാൽ മലയിൽനിന്നു വന്നാറെ മരിക്കുംവരെയും അദ്ദേഹത്തിൻ മുഖത്തു നോക്കുവാൻ മറ്റു മനുഷ്യർക്കു പാടില്ലായ്കയാൽ മുഖത്തിനു മൂടുപടം ഇട്ടു സംസാരിച്ചുവല്ലൊ... ആ, സർവ്വേശ്വരാ നീ പ്രമാണം കൊടുപ്പാൻ ദൈവദൂതനെ

*1. പുക്കാറെ - പ്രവേശിച്ചപ്പോൾ, ബോധിപ്പാൻ - മനസ്സിലാക്കുവാൻ.*

യാത്രയാക്കിയെന്നും നടുസ്ഥാനിയായ മാലാഖയാൽ മാർഗ്ഗംകൊടുത്തു എന്നും ശുദ്ധ. പുസ്തകം[1] സാക്ഷിക്കുന്നല്ലോ. ഇതു തമ്പുരാൻ എന്നു വിശ്വസിച്ചേനെ, അപ്പഴൊ, ഈ ദൈവത്തിന്റെ പുറകു കണ്ടാറെ ഈവണ്ണമുള്ള ഭാഗ്യം ഉണ്ടായിയെന്നു വരുമ്പോൾ സകലനന്മ മഹിമ ശക്തി ശോഭനഗുണതേജസ് ഇവ മുതലായ ഗുണപൂർണ്ണാദിയായ സർവ്വേശ്വരാ, ഞാൻ ഈ ധ്യാനമുറി എന്ന മലയിൽ കരേറുവാൻ ഭയപ്പെട്ടുനിന്ന ഇസ്രായേൽ ജനത്തെപ്പോലെ ഈ വാതിൽ കടക്കാതെ, ഭയപ്പെട്ടു നിൽപ്പാൻ തന്നെ ന്യായം. ഇങ്ങനെയിരിക്കയിൽ ആ മലയിൽ ഇറങ്ങിയ മാലാഖായെ അല്ല പിന്നെയോ അദ്ദേഹത്തെ സൃഷ്ടിച്ച ഉടയവനായ നിന്നെത്തന്നെ, കർത്താവെ, ഈ പ്രാർത്ഥനമുറിയിൽ എന്നെ കാണിപ്പാനായി എഴുന്നെള്ളിയിരിക്കയിൽ മഹാപാപിയായ ഞാൻ എങ്ങനെ ഭയം കൂടാതെ ഇതിൽ കരേറും? എന്നാൽ ഇസ്രായേൽ ജനം ഈ മല മുഴുവനും എരിഞ്ഞു കത്തുന്നു എന്നും ഇടികൾ വെട്ടുന്ന സ്വരത്തിൽ ഘോരത്താൽ കല്ലുകൾ തകർന്നു പോകുന്നതിനേയും, മേഘം ഇറങ്ങി മലയെ മൂടിയിരിക്കുന്നതിനേയും കാഹളക്കൊമ്പിന്റെ സ്വരം ഊതുന്നതും മലവരെ ആ സ്വരം ശക്തിപ്പെടുന്നതിനേയും ഇതൊക്കെയും കണ്ട് അതിന്നടുത്താൽ അവരും മരിച്ചുപോകും എന്നും ഭയപ്പെടുകയാൽ മലയ്ക്കണെവാൻ അവരു ഭയപ്പെട്ടു. ആ! എന്റെ അനുഗ്രഹം നിറഞ്ഞ പിതാവേ! ഇവരു മലയുടെ പുറമെ എരിയുന്ന വർഗ്ഗത്തിനടുത്ത തീയെ അവരു കണ്ടു. ഞാൻ ഈ മുറിയിൽ സൂക്ഷിക്കുന്നപ്പോൾ പാപത്തിന്മേലുള്ള നിന്റെ അത്യന്ത വെറുപ്പാൽ അറുതിയില്ലാത്ത നിന്റെ നീതിയാൽ ദുഷ്ടരുടെമേൽ ക്രൂരമായി കരിഞ്ഞു കത്തുന്നു എന്ന നിന്റെ കോപാഗ്നിയുടെ കഠോരം ഇത്രയും കാണുന്നപ്പോൾ ഇതിനെ അതിന്റെ ശക്തിക്കു തക്കവണ്ണം താൻ കാട്ടുമ്പോൾ ഈ തീയുടെ എരിവിനെ സൂക്ഷിപ്പാൻ ആരുവശമാകും.

ആ! മനോഗുണമുള്ള കർത്താവേ! ഭേദംവരാത്ത നിന്റെ തിരുവാക്കുകളടങ്ങിയ പുസ്തകത്തിൽ ചൊല്ലുംവണ്ണം കോപാഗ്നിയെ ഭയപ്പെടുവാൻ യാതൊരവകാശവുമില്ലാത്ത നിന്റെ ഭൃത്യരായ മുഖ്യസ്വരൂപികൾ താഴപ്പെട്ടവരുടെമേൽ നീ അരിശപ്പെടുന്നപ്പോൾ, തിരുമുഖത്തിൽ നിന്ന് പുറപ്പെടുന്ന കോപാഗ്നിയെക്കണ്ടിവരു വിറച്ചു നടുങ്ങുന്നു. നരകത്തിന്റെ എത്രയും കാഠിന്യമായ അഗ്നിയിൽ എരിഞ്ഞു കത്തിയിരി

*1. ശുദ്ധ. പുസ്തകം - വിശുദ്ധ വേദപുസ്തകം (ബൈബിൾ).*

ക്കുന്ന പാപാത്മാക്കൾ ഈ നിന്റെ കോപാഗ്നി എരിയുന്ന തിരുമുഖം സൂക്ഷിക്കുന്നതിനെക്കായിൽ നരകാഗ്നിയിൽ പതിക്കപ്പെടുന്നതെത്രയോ ആശ്വാസം എന്നു കാണിപ്പാനായി നരകത്തിൽ കുതിച്ചു ചാടുവാൻ ആഗ്രഹിക്കുന്നു. ഇതിനു സാധിക്കായ്കയാൽ അവരെ മൂടുവാൻ മലകളെയും കുന്നുകളേയും വിളിക്കുന്നു എന്ന ആ ദിവസം ആരു ക്ഷമിക്കും, എന്ന ആ ദിവസം അരിശത്തിന്റെ ദിവസമെന്നും, ഇങ്ങനെ തന്റെ ശുദ്ധമാക്കപ്പെട്ടവരുടെ വായാൽ ഭയപ്പെടുത്തുന്നു എന്ന നിന്റെ കോപാഗ്നി എരിവാനും എരിയിപ്പാനുമുള്ള അവകാശമായ പാപങ്ങൾ നിറയപ്പെട്ടിരിക്കുന്ന ഞാൻ ഈ നിന്റെ സന്നിധിയെ നോക്കുമ്പോൾ ഈ അഗ്നിജ്വാലയിൽ ഈ മുറി നിറയപ്പെട്ടിരിക്കുന്ന നിന്റെ മുൻപിൽ എങ്ങനെ ഞാൻ അണയുന്നു എന്നാൽ കരുണയുള്ള പിതാവായിട്ടല്ലാതെ നീതികർത്തനാ[1]യിട്ടല്ല, ഇപ്പോൾ നീ എഴുന്നെള്ളിയിരിക്കുന്നതു എന്നു ഞാൻ അറിയുന്നു. അപ്പഴൊ! കർത്താവെ! നിന്റെ മഹിമയും വലിപ്പവും നീതിയും ഉയരപ്പെട്ടതാകുന്നു എങ്കിലും ഇതൊക്കെയിലും നിന്റെ അനുഗ്രഹവും ദയയും വലുതായിരിക്കയാലും നിന്റെ അരുളപ്പാടിൻപ്രകാരം നീതിയുടെ കാലവും ഗുണത്തിന്റെ കാലവുമുണ്ടല്ലൊ എന്നു വരുമ്പോൾ ഈ മനോഗുണകാലത്തിൻ മനോഗുണത്തിനായി വിളിക്കുമ്പോഴും ഞാൻ ഭയപ്പെട്ടു നിന്റെ പക്കലണയാഞ്ഞാൽ ഇതിനാൽതന്നെ നിന്റെ മനോഗുണം നീതിയായിട്ടു തീരുവാൻ ഞാൻ തന്നെ കാരണമാകുമല്ലോ. അയ്യോ, എത്രയോ വലിയ നിർഭാഗ്യം. എന്നതിനാൽ എന്റെ ആത്മാവെ! തന്റെ പക്കൽ നീ അണഞ്ഞുകൊണ്ടു തന്റെ അനുഗ്രഹത്തിനെ നീ സ്തുതിക്കുക. ആ എന്റെ ആത്മാവേ! നീ അറിഞ്ഞിരിക്കുംവണ്ണം ഈ മാലാഖാ ഇറങ്ങിയിരുന്ന മണ്ണിന്റെ മലയിൽ കരേറുവാൻ അഹറോൻ മുതലായ സകല ഇസ്രായേൽ ജനങ്ങളും ഭയപ്പെടുവാൻ തക്കവണ്ണമുള്ള പ്രഭയും സ്വരങ്ങളും ഉണ്ടായല്ലൊ. എന്നാൽ ഇപ്പോൾ നീ ആ മൺമലയിലല്ല, പിന്നെയോ തന്റെ ദൈവമഹത്വത്താൽ ഉയരപ്പെട്ട മദുബഹാ എന്ന മലയിൽ നീ കരേറി, ആ മലയിൽ ഒരു മാലാഖായിറങ്ങി. നീ നില്ക്കുന്ന ഈ മലയിൽ ദൈവദൂതന്മാരാൽ ചൂഴപ്പെട്ടുകൊണ്ടു അവരുടേയും നിന്റെയും സൃഷ്ടിതാവായ സർവ്വേശ്വരൻ തന്നെ എഴന്നെള്ളിയിരുന്നുകൊണ്ടു ഒരു മേഘത്തിന്റെ മറവുകൂടാതെ നിന്നെ നോക്കി പ്രിയത്താൽ എന്റെ

*1. നീതികർത്തൻ - നീതി നിർവ്വഹിക്കുന്നവൻ.*

മകനെ നീ വരിക, എന്ത്യെ നിന്റെ പ്രിയമുള്ള അപ്പനായ എന്റെ പക്കൽ അടുത്തു വരാതിരിക്കുന്നു. നീ ഭയപ്പെടേണ്ട. എന്നെ വിട്ട് നീ അകന്നു പോയ നാഴിക മുതൽ എന്റെ ഹൃദയം ക്ലേശിച്ചിരിക്കുന്നു. നിന്നെക്കണ്ടെത്തുവാൻ എന്റെ സിംഹാസനത്തിൽ നിന്നിറങ്ങി, നീ ഭയപ്പെടായ്വാൻ നിന്നെപ്പോലെ ആ സൃഷ്ടിയുടെ മകനായി ഞാൻ പിറന്നു. ആ മകനെ, എന്റെ എളിമയെ നീ നോക്കുക. നീ പിറന്നപ്പോൾ നിന്റെ അമ്മയ്ക്കും നിനക്കും ഒരു നല്ല വീടും കുടിലും പായും തലയിണയും നിനക്കും നിന്റെ അമ്മയ്ക്കും സഹായം ചെയ്വാനുള്ള സഹായക്കാരും വേലക്കാരും ഉണ്ടായിരുന്നല്ലൊ. ഞാൻ നിനക്കുവേണ്ടി പൈതലായി പിറന്നപ്പോൾ ഇനിക്കും എന്റെ പാവപ്പെട്ട അമ്മയ്ക്കും ഒരു പഴയ മൃഗക്കൂടു മാത്രമുണ്ടായി, ആയ്തും കാറ്റിനും കുളിരിനും ഒരു പുതയും കൂടാതെ ഞടുങ്ങി വിറച്ചുകൊണ്ട് കട്ടിൽ മെത്തയ്ക്കു പകരം കല്ലും, പായ്തലയിണയ്ക്കു പകരം കടം വാങ്ങിയ വൈക്കോലും; ഇങ്ങനെ ഞാൻ പിറന്നു. വീണ്ടും നിന്നെ അന്വേഷിച്ചു കാട്ടിലും മേട്ടിലും കടലിലും മലയിലും ഞാൻ ചുറ്റി നടന്നു. നിന്നെ ഞാൻ സ്നേഹിക്കുന്നതിനാലെ നിന്നെ എന്റെ അരമനയിൽ കൊണ്ടുപോയി സന്തോഷിപ്പിപ്പാനും ആയിട്ടത്രെ നിന്നെ അന്വേഷിക്കുന്നതെന്നും നിന്നെ കീഴടക്കി വേല എടുപ്പിച്ചു വന്ന നിന്റെ ശത്രുക്കൾ അറിഞ്ഞതിനാൽ അവരെന്നെ പിടിച്ച് അടിച്ചു മുറിച്ച് പ്രാണഹാനി വരുത്തിയാറെയും ആ ക്ഷതങ്ങളും ക്ഷതജ[1] കളുംകൊണ്ടു തന്നെ നിന്റെ കേടുകൾക്കു തക്ക ഔഷധമുണ്ടാക്കി, നിന്റെ രോഗവും പൊറുപ്പിച്ചു നിന്നെ മെഴുപ്പിപ്പാനായിട്ടു എന്റെ മധുരരക്തം കൊണ്ടു എത്രയും രുചിയുള്ള യാവനയും പാനവുമാക്കി നിന്നെ തീറ്റി വളർത്തുന്നു. ഇതൊക്കെയും കണ്ടാറെയും ഇനിയും നീ എന്റെ പക്കൽ അണവാൻ ഭയപ്പെടുന്നോ?

ആ, എന്റെ പ്രിയമുള്ള അപ്പാ! ഇതുതന്നെ ഞാൻ വിചാരിച്ചു ഭയന്നു ലജ്ജിച്ചു നിന്റെ തൃപ്പാദത്തുങ്കൽ അണവാൻ ശങ്കിക്കുന്നു: അതെന്ത്യെ, ഈവണ്ണം ഈ പുഴുവായ എന്നെ സ്നേഹിച്ച എന്റെ കർത്താവെ! ഇതൊക്കെയും എന്നെപ്രതി നീ ചെയ്താറെയും അയ്യോ ഞാൻ നിന്നോടു കാട്ടിയ നന്ദി എന്ത്? ശ്ലീഹായുടെ വചനത്തിൻവണ്ണം ഉപവി ഇതാകുന്നു. ഇതായത് തമ്പുരാനെ നാം സ്നേഹിച്ചതു കൊണ്ടല്ല, പിന്നെയോ താൻ, തമ്പുരാൻ നമ്മെ സ്നേഹിച്ചു എന്നത്. ആ മനോഗു

*1. ക്ഷതജം – രക്തം (മുറിപ്പാടിൽനിന്നു വരുന്നത്).*

ണമെ! ആ സ്നേഹമെ! ആ അനുഗ്രഹമെ! ആ ക്ഷമയുടെ ആഴമെ! ശത്രുക്കൾ നാം ആയിരുന്നപ്പോൾ ഈവണ്ണം നമ്മെ സ്നേഹിച്ചു നമുക്കുവേണ്ടി മരിച്ചു. അപ്പഴൊ, സ്നേഹിപ്പാനായി തന്റെ പക്കൽ നാം ചെല്ലുന്നുയെങ്കിൽ നമ്മെ സ്നേഹിക്കായ്‌വാൻ തനിക്കു വശമുണ്ടാമൊ! അയ്യോ! ഇതൊക്കെയും ഞാൻ അറിഞ്ഞിരുന്നു എങ്കിലും തന്നോടു ഞാൻ നന്ദികേടുചെയ്തു. ആ എന്റെ മനോഗുണമുള്ള പിതാവെ! നിന്റെ സ്നേഹത്തെ ഞാൻ കണ്ടാറെയും അതിനെക്കായിൽ മണ്ണും പുഴുവും ഞാൻ വലുതായി സ്നേഹിച്ചു. ആ മനോഗുണമെ! നന്ദിയില്ലാത്ത മകനായ എന്നെ അന്വേഷിച്ച് ഉച്ചയിലും, പാതിരാവിലും, മഞ്ഞിലും പനിയിലും, വെയിലിലും, കാട്ടിലും, മേട്ടിലും, കരയിലും, കടലിലും ചുറ്റിത്തിരിഞ്ഞു നടന്ന് എന്നെ തേടിയ രക്ഷിതാവിന്റെ തൃക്കാലുകളേ, എന്റെ കാലുകളിൽ പിശാചു കെട്ടിയ വള്ളികളെ പൊട്ടിപ്പാനായിട്ടു കയറുകളാൽ വരിഞ്ഞു കെട്ടപ്പെട്ട തൃക്കാലുകളേ, എന്റെ പിടലിയിൽ ഞാൻ കെട്ടി വച്ച പാപച്ചുമടുകളെ എന്നിൽ നിന്നിറക്കുവാനായി ഭാരപ്പെട്ട കുരിശുമരത്തിനെ മാംസമില്ലാതെ ചതഞ്ഞിരുന്ന തിരുത്തോളിന്മേൽ കരേറ്റിക്കൊണ്ടു ഗാഗുൽത്താമലയിലുള്ള കൂർത്തുമൂർച്ചിച്ച കടുത്ത പാറകളിൽ ചവുട്ടി നടന്നു നിന്റെ തിരുപ്പാദങ്ങളേയും ഞാൻ കണ്ടിരുന്നാറെയും നിനക്കു വിരോധമായി എന്റെ കാലുകളെ ഞാനിളക്കിയതെങ്ങനെ! പാപത്തിനായി എന്റെ കാലുകളെ ഇളക്കായ്‌വാൻ വേണ്ടി ഇളകാത്തവണ്ണം പെരിയ ആണികളാൽ നിന്റെ തിരുക്കാലുകളെ തറച്ചിരിക്കുന്നതു ഞാൻ കണ്ടാറെയും വീണ്ടും എന്റെ കാലുകളെ ഞാൻ ഇളക്കിയതെങ്ങനെ? ഇതിനാലെ ഞാൻ സങ്കടപ്പെട്ടു പൊറുതി അപേക്ഷിച്ചുകൊണ്ട് ഇനി എന്റെ കാലുകളാൽ നിന്നെ സങ്കടപ്പെടുത്താതെ എന്റെ കാലുകളുടെ ഇളക്കങ്ങളൊക്കയും നിന്റെ തൃക്കാലുകളുടെ നൊൻപരത്തോടും ഇളക്കങ്ങളോടും ചേർത്തു നിനക്കു ഞാൻ കാഴ്ച വയ്ക്കുന്നു.

ആ, കർത്താവെ! എന്റെ കണ്ണുകളെ കുറെ പൊക്കി നിന്റെ തിരുവയറും തിരുമേനിയും ഞാൻ നോക്കുന്നപ്പോൾ ഇത് എന്റെ അതിദുഃഖത്തിനു കാരണമാക്കുന്നല്ലോ! ഇതാ നിന്റെ തിരുമുട്ടുകൾ കനമേറിയ എന്റെ പാപച്ചുമടു ചുമന്നുകൊണ്ട് ഗാഗുൽത്തായിലുള്ള നിന്റെ കേറ്റത്തിൽ പലപ്പോഴും മുട്ടുകുത്തി കമിഴ്ന്നു വീണതിനാൽ നേർമ്മയുള്ള നിന്റെ കാൽമുട്ടിലുള്ള തിരുചർമ്മങ്ങൾ പൊട്ടി മലർന്ന് രക്തം ദുഷിച്ച് പച്ചനിറമായി നട്ടെല്ലുകൾ കാണപ്പെടുന്നു. അയ്യോ! എന്റെ പ്രതി

ജ്ഞകളെ തവറി[1] വീണ്ടും വീണ്ടും പല ഊഴങ്ങൾ ഞാൻ പാപക്കുഴിയിൽ വീണതിനാലെ ആ കേടുകളെ തീർപ്പാനായിട്ടല്ലൊ വീഴ്ചകളുടെ സങ്കടവും നീ അനുഭവിക്കേണ്ടിവന്നു. ആ നിന്റെ തിരുവയറ് മുള്ളെല്ലിൽ[2] പറ്റി പശി[3] ദാഹത്താലൊട്ടിയിരുന്നാലും കഠിനസേവകരുടെ കാഠിന്യ അടികളാൽ മുറിവില്ലാത്തയിടമില്ലാത്തവണ്ണം ചതഞ്ഞും പൊളിഞ്ഞും ചുളുങ്ങിയും ഇരിക്കുന്ന തിരുമാംസം രക്തക്കറയില്ലാത്തയിടം ഈ ദേഹത്തിൽ കാൺമാനില്ലാത്തവണ്ണം സർവ്വാംഗം രക്തക്കറയാൽ നിറഞ്ഞിരിക്കുന്ന തിരുമേനിയെ സൂക്ഷിക്കുമ്പോൾ തലേനാൾ നിന്റെ തിരുമാതാവിനോടു നീ അരുളിയപോൽ നിന്റെ മകനെന്നുള്ള ഭാഷയൊന്നും കണ്ടറിവാൻ വഹിയാത്തവണ്ണം പകരപ്പെടുമെന്നുള്ള തിരുവചനംപോൽ സർവ്വാംഗം നിറഞ്ഞിരിക്കുന്ന ക്ഷതങ്ങളും ക്ഷതജങ്ങളും ഞാൻ ഓർക്കുമ്പോൾ ഓ! എന്റെ അപ്പന്നു ഞാൻ കൊടുത്ത സമ്മാനമിതല്ലൊ എന്ന് എന്റെ ശങ്കിൽ കൊള്ളുന്നയിടികൾ എന്റെ ശങ്കിനെ പൊളിക്കാതിരിക്കുന്നതെങ്ങനെ? ആ ഇതിങ്ങനെ ആകുന്നുവെങ്കിലും ഞാൻ തന്നെ ചെയ്തുപോയി. നിന്റെ തിരുമനസ്സുപോലെ എന്നെ ശിക്ഷിക്ക. ആ നാറുന്ന എന്റെ ശരീരത്തിൻമേൽ സ്നേഹിച്ചതിനാൽ ഇതൊക്കെയും നിനക്കു ഞാൻ വരുത്തി.

ആ എന്റെ കണ്ണുകളേ, നിങ്ങൾ കുറെക്കൂടെ പൊക്കി ഈ നിന്റെ സൃഷ്ടിതാവിന്റെ തിരുമുഖം സൂക്ഷിക്ക. ഈ തിരുമുഖം ആകാശത്തിലുള്ള മാലാഖമാരെ തെളിയിക്കുന്നതും ദു:ഖമുള്ള ആളുകൾ ഈ തിരുമുഖത്തിൽ നോക്കിയാൽ അവരുടെ ദു:ഖം തെളിവിൽ പകർത്തുന്നതും ഇതിനാൽ തന്റെ ജീവിതത്തിൽ ബഹുദൂരമായ റോമ്മാ എമ്പ്രദോരന്മാരുടെ ചെവിയിൽ ഈ തിരുമുഖവടിവിനെ സ്തുതിച്ചതിനാൽ ഈ ഛായ സമർത്ഥന്മാരായ ചിത്രകാരെക്കൊണ്ട് എഴുതിച്ചു അവരുടെ കോവിലകത്തു സ്ഥാപിച്ചിരുന്നു. ഈ വണ്ണം സൗന്ദര്യമുള്ള തിരുമുഖം ഇപ്പോൾ എങ്ങനെ പകരപ്പെട്ടിരിക്കുന്നു! ഈ തിരുക്കവിളിൽപ്പെട്ട അടിയാൽ രക്തം ദുഷിപ്പിച്ചു കരുവാളിച്ചു ആ വിരലുകളുടെ ഭാഷയിൽ തടിച്ചും സേവകരുടെ അശുദ്ധ ഉമിനീരുകളാൽ കറ നിറഞ്ഞും തലയിൽ പതിഞ്ഞ മുൾമുനകളാൽ തുറന്ന മുറിവിൽ നിന്ന് ഒഴുകിവടിഞ്ഞു

*1. തവറി - പിഴച്ച് (ലംഘിച്ച്). 3. പശി - വിശപ്പ്.*

*2. മുള്ളെല്ല് - നട്ടെല്ല്.*

പിണർത്ത രക്തങ്ങളാലുള്ള ശ്ലേഷ്മ[1] രക്തം വടിഞ്ഞുറഞ്ഞിരുന്ന നാസികകളിൽനിന്നും തൂങ്ങുന്ന രക്തത്തുള്ളികളും തിരുത്താടി രോമങ്ങളെ പറിച്ചതിനോടുകൂടി ചുളയോടമിയപ്പെട്ട മുറിവുകളും നക്ഷത്രത്തെക്കാൾ ശോഭിച്ചു വിളങ്ങുന്ന തിരുനയനങ്ങൾ തലയിൽപ്പെട്ട അടികളാൽ രക്തനിറമായി കറുത്തതും വെളുത്തതും ഇരുനിറം കാണാതെ രണ്ടും കലങ്ങി രക്തമായി പകരപ്പെട്ടും തിരുപ്പോളകളിൽ രക്തം പിണർത്ത് തൂങ്ങി തുറപ്പാൻ പാടില്ലാത്തവണ്ണം അടയപ്പെടുന്നു. തൊണ്ടിപ്പഴംപോൽ ശോഭയുള്ള തിരുച്ചുണ്ടുകൾ കരിഞ്ഞ നിറമായിട്ടും ഈ വണ്ണം സൗന്ദര്യമുള്ള എൻെറ കർത്താവിന്റെ തിരുമുഖം എന്റെ പാപങ്ങളാൽ ഈ വണ്ണം പകരപ്പെട്ടിരിക്കുന്നതിനെ ഞാൻ കാണുന്നു. അയ്യോ! ഇനിക്കതി സംകടത്തിന്ന കാരണമാക്കുന്നുവല്ലൊ. പൂർവ്വകാലത്തിൽ ഒരു മകന്റെ കുറ്റത്തിനാൽ ഇരുകണ്ണുകളും കുത്തുവാൻ രാജനീതി വിധിച്ചതിനാൽ മകനോടുള്ള സ്നേഹത്താൽ അപ്പന്റെ ഒരു കണ്ണും മകന്റെ ഒരു കണ്ണും ഇങ്ങനെ അപേക്ഷിക്കയാൽ പിതാവിന്റെ അപേക്ഷപ്രകാരം മകനെപ്രതി കുത്തപ്പെട്ട ഒരു കൺകുരുടനായി ജീവിച്ചു.

ആ പ്രിയം നിറഞ്ഞ പിതാവായ മാർ യൗസേപ്പു പുണ്യവാളാ! ശുദ്ധപള്ളിയുടെ ജയസന്തോഷമെന്നും പാർത്തിരിക്കുന്ന ഈ 68-ാം കാലവും നിന്റെ തിരുമാസത്തിൽ കടശിയും ആയ ഈ ദിവസത്തിൽ എന്റെ ദുർഗുണങ്ങളുടെ കടശിയും എന്റെ ആത്മശത്രുക്കളോടുള്ള ജയസന്തോഷവും ഇനിക്കു എൻെറ പിതാവായ നീ നിന്റെ പുത്രനെ ബോധിപ്പിച്ചു തരുവിക്കുമെന്നും ഞാൻ ശരണപ്പെട്ടുകൊണ്ട് ഈ ചുരുങ്ങിയ അപേക്ഷകൾ നിന്റെ തൃപ്പാദത്തുങ്കൽ ഞാൻ അണയ്ക്കുന്നു.

കരുണയുള്ള പിതാവെ! ശു. അമലോത്ഭവ മാതാവിനെ നിന്റെ മുഷ്ക്കര[2]ത്തിലും പരിപാലനയിലും അവരുടെ 14 തിരുവയസ്സു പ്രായത്തിൽ നീ കൈക്കൊണ്ടാറെ 45 വയസ്സുവരെയും ഈ പരി. കന്യാസ്ത്രി എന്ന ദേവമാതാവിനെ സൂക്ഷിച്ചു പരിപാലിച്ചു നടത്തി വന്നതിൽ ഒരു വിനാഴിക എങ്കിലും ഒരല്പസംഗതിയിൽ എങ്കിലും ഈ മഹാരാജസ്ത്രീക്കു മുഷിച്ചിലും ഇഷ്ടക്കേടും തോന്നിച്ചില്ല. എന്നുതന്നെയല്ല പിന്നെയോ എപ്പഴും എല്ലാത്തിലും ഈ അമ്മയെ അധികമായിട്ടു

*1. ശ്ലേഷ്മം - കഫം പോലെയുള്ള നിണനീര്.*

*2. മുഷ്ക്കരത്വം - ശക്തി.*

തെളിയിക്കയും തൃപ്തി വരുത്തുകയും ചെയ്തതെന്നിയെ എല്ലാപ്പഴും ഈ അമ്മ കടക്കാരത്തി എന്നതുപോലെ നിർബന്ധപ്പെട്ട് നിന്റെ സഹായങ്ങളും ശുശ്രൂഷകളും കൈക്കൊണ്ടുവരികയും എത്രയും വലിയ ആശാര[1]ത്തോടും കീഴ്വഴക്കത്തോടും ഈ മഹാത്മാവിന്റെ ഭാര്യ എന്നു വിളിക്കപ്പെടുവാൻ തക്ക യോഗ്യത ഇനിക്കില്ല എന്നുള്ള വിചാരത്തോടുകൂടെ ഈ അമ്മ വ്യാപരിച്ചുവന്നു എന്നും വിചാരിപ്പാൻ ന്യായമായി തോന്നുന്നു. അതെങ്ങിനെ എന്നാൽ മാലാഖായുടെ അറിയിപ്പാൽ താൻ ദൈവകുമാരനെ ഗർഭംധരിച്ചു എന്ന വിവരം അറിവിപ്പാൻ തനിക്കു മനസ്സുണ്ടായി എങ്കിലും ചോദിക്കാതെ ഒന്നും അങ്ങോട്ടു കടന്നു പറവാൻ തന്റെ അചാരം അനുവദിച്ചില്ല. എന്നാൽ ഈ വിവരം അറിയായ്കയാൽ ഗർഭം കാണുന്നു എന്നതു തന്റെ പ്രിയ ഭർത്താവിന്റെ ഹൃദയം എത്രയും വലിയ ദു:ഖത്താൽ പൊടിയുന്നു എന്നും വിവരം അറിഞ്ഞാൽ ഈ ദു:ഖമൊക്കെയും തീർന്ന് സന്തോഷമുണ്ടാകുമെന്നും താൻ അറിഞ്ഞിരിക്കയും ഈ പട്ടാങ്ങ അറിയായ്കയാൽ ദു:ഖത്തിന്റെ ഏറ്റിപ്പാലും[2] കുറ്റത്തിന്റെ ഭയത്താലും തനിക്കു ഏക തുണയായിരിക്കുന്ന ഈ പുണ്യവാൻ തന്നെ വിട്ടുപിരിഞ്ഞു പോകുവാൻ നിശ്ചയിച്ചു എന്നും ഇങ്ങനെ പിരിഞ്ഞുപോയാൽ തനിക്കും ദൈവപുത്രനും ഭൂലോകത്തിൽ മറ്റു തുണയില്ലെന്നും ഇതൊക്കെയും ഈ അമ്മ നിരൂപിച്ച് താനും അധികമായിട്ടു ദു:ഖിക്കുന്നു എങ്കിലും ചോദിക്കാതെ പറയുന്നതു തന്റെ ആചാരത്തിനു ശരിയല്ലെന്നു നിരൂപിച്ചു ചോദിപ്പാൻ ഇടവരുവാൻ തക്കവണ്ണം സ്നേഹത്താൽ തന്റെ പക്കൽ അണഞ്ഞു ശുശ്രൂഷ ചെയ്യുകയും ഒരു മഹാക്ലേശംപോലെയിരിക്കുന്നതിനു കാരണമെന്തെന്നും തങ്ങളുടെ തുണയാൽമാത്രം ജീവിക്കുന്നു. എന്നാൽ നീക്കുവാൻ കഴിയുന്നതായിരുന്നാൽ ദുഃഖകാരണം അറിവിച്ചാൽ വശംപോലെ നീക്കുവാൻ ഉത്സാഹിക്കാമെന്നും ഇങ്ങനെയും എളിമയോടെ അറിവിച്ചതല്ലാതെ, ചോദിക്കാതെ പറവാൻ തുനിഞ്ഞില്ല. ഈ അമ്മ ഈ വണ്ണം ബഹുമാനിച്ചു വന്നാറെയും ഈ അമ്മയുടെ പതിവ്രതത്തിന്മേൽ തനിക്കു യാതൊരു സംശയവും തോന്നീട്ടുമില്ല എന്നതിനാൽ ഇതിന്റെ രഹസ്യമറിയായ്കയാൽമാത്രം താൻ ദുഃഖിച്ചു വന്നു എന്ന് കാണിക്കയും ചെയ്തു. ഈവണ്ണം ഈ ശു. അമ്മയ്ക്കു യാതൊരു വചനത്താൽ

---

*1. ആശാരം – ആചാരം (വണക്കം).*

*2. ഏറ്റിപ്പ് – ആധിക്യം.*

കൂടെയും ഒരു ക്ലേശത്തിന്നിടകൊടുക്കാതെ എല്ലാപ്പൊഴും ഈ അമ്മയെ തെളിയിച്ചും സന്തോഷിപ്പിച്ചും തന്റെ ആയുസ്സു മുഴുവനും കഴിച്ചു വരികയും ചെയ്തുവല്ലൊ. ആയതിൻവണ്ണം തന്നെ തന്റെ ദിവ്യപുത്രനും കർത്താവുമായ ഈശോമിശിഹായെ 30 വയസ്സുവരെയും വളർത്തി സൂക്ഷിച്ചു പാലിച്ചു തീറ്റി കാത്തുവന്നതിൽ യാതൊരു സമയത്തിൽ എങ്കിലും ഈ പൈതൽ ഒരു സുഖക്കേടു തന്റെമേൽ തോന്നുവാനിടവരാതെ എല്ലാത്തിലും ഈ ദൈവ പൈതലിനു ഇഷ്ടമാകുംവണ്ണം തന്നോടുകൂടെ വ്യാപരിച്ചു വരികയും ചെയ്തതുമെന്നിയെ[1] തായുടെ[2] വളർത്തുമകൻ എന്നുള്ള മഹിമയുള്ള അടിമക്കടുത്തവണ്ണം നടക്കാതെ എന്റെ ഏറിയ പാപങ്ങളാൽ ഈ അമ്മയെ ഞാൻ സങ്കടപ്പെടുത്തിയെങ്കിലും തന്റെ അമ്മ ഞാനെന്നുള്ള വിശേഷ ജ്ഞാപകത്താൽ ഇതുവരെയും ഞാൻ നടന്നില്ലെങ്കിലും അപ്രകാരംതന്നെ ഈ അമ്മ എന്നെ കാത്തുരക്ഷിച്ച് പിശാചിൻ കൊലപ്പല്ലുകളിൽ നിന്ന് എന്നെ പറിച്ചെടുത്തു കാത്തുവരുന്നു എന്ന് ഈ അനുഗ്രഹത്തിന്റെ അമ്മയെ എനിക്കു കാണ്മാനുള്ള ദിവസം സമീപിച്ചിരിക്കുന്നു എന്നും 9 മാസവും ഈ കന്നി ശു. അമലോത്ഭവ അമ്മയുടെ നിർമ്മല ഉദരത്തിൽ കുടിയിരുന്നു എന്ന എന്റെ രക്ഷക്കായി കഠിനമരണം കൈക്കൊണ്ടു എന്ന ഈ കർത്താവിന്റെ പാപിയായ അടിയന്റെ ഹൃദയത്തിൽ നാലൊൻപതു മാസമല്ല പിന്നെയൊ വത്സരം എഴുന്നെള്ളിയിരുപ്പാൻ തിരുമനസായി എന്ന എന്റെ രക്ഷിതാവിൻ തിരുമുഖം കാൺമാനുള്ള ദിവസം അണഞ്ഞു എന്നും എന്റെ പരിഹാര മദ്ധ്യസ്ഥകളായ മറിയം എജി, കൊർത്തോന എന്ന അമ്മമാർ അവരുടെ പ്രായശ്ചിത്തം കണ്ണുനീരുകൾ എപ്പോഴും എനിക്കായിട്ടു ദിവ്യതുലാസിൽ വെപ്പാനായി കാത്തിരിക്കുന്നയിവരുടെ ദയയുള്ള കൈകളെ കാണ്മാനും എന്റെ പാപപ്പൊറുതിക്കായി എപ്പഴും വിശേഷമായി നട്ടുച്ചനേരത്തിലും ഗാഗുൽത്തായിൽ നാട്ടിയിരിക്കുന്ന കുരിശിൻ ചുവട്ടിൽ പിടിച്ചുകൊണ്ട്, നിൽക്കുന്ന ഈ അമ്മ മഗ്ദലനായോടുകൂടെ ഞാനും നിത്യവും ഈ കുരിശിൻ ചുവട്ടിൽ കെട്ടിപ്പിടിച്ചിരിക്കയാൽ ഈ അമ്മ എനിക്കായി അണച്ചുവരുന്ന അപേക്ഷകളുടെ ഫലവും ഈ അമ്മയേയും എന്റെ കണ്ണുകൾ കാണ്മാൻ സമയമടുക്കുന്നു എന്നും ഈ കടശിയായി എല്ലാറ്റിനും മുദ്രയായിട്ടു എന്റെ

*1. ചെയ്തതുമെന്നിയേ – ചെയ്തതുകൂടാതെ*

*2. തായുടെ – മാതാവിന്റെ*

പിതാവെ നിന്റെ പ്രിയ മക്കളായ ഞങ്ങളുടെ അമ്മ ത്രേസ്യാ തന്റെ എളയ മകനായിട്ടു എന്നെ കൈക്കൊണ്ടിരിക്കയാൽ ഈ അമ്മയേയും തന്റെ മക്കളായ എന്റെ പ്രിയ ശ്രേഷ്ഠസഹോദര സഹോദരികൾ ഈവണ്ണമുള്ള കൂടപ്പിറപ്പുകൾ എന്റെ വരവിനെ പാർത്തിരിക്കുന്നു എന്നതിനെയും ഇങ്ങനെ എണ്ണമില്ലാത്ത കൂട്ടങ്ങളുടെ ഓർമ്മ എത്രയും എന്നെ സന്തോഷിപ്പിക്കുന്നു. എന്നാൽ ഇതിനെക്കായിലും അധിക മായി എന്നെ ഭയപ്പെടുത്തുന്നു എന്ന ഓർമ്മയും പലതാകുന്നുവല്ലൊ.

ആ ദയയുള്ള പിതാവേ! എന്റെ ഭയത്തെയും ബലക്ഷയത്തേയും നീക്കുവാനായിട്ടു എന്നെത്തന്നെ ഞാൻ സന്തോഷിപ്പിച്ചു എഴുതി യെന്ന ഈ വാചകത്താൽതന്നെ ഇതായിപ്പോൾ എന്നെ ചഞ്ചലിപ്പിച്ചു ഭയപ്പെടുത്തുന്നു. ആ എന്റെ പിതാവേ, ഇതു നികള[1] ഭയത്താലുണ്ടാ കുന്ന വിൺ അർച്ചം[2] തന്നെ എന്നും ഞാനറിയുന്നു. അതെന്ത്യെ മരണം എന്നുള്ളയി അക്ഷരംതന്നെ ഏവരേയും ഭയപ്പെടുത്തുന്നു എന്നുവരുമ്പോൾ ഓരാരുത്തരെ ഭയപ്പെടുത്തുന്നു എന്ന മുഖാന്തരങ്ങ ളിൽ[3] മിക്കതും എന്നെ ഭയപ്പെടുത്തുകയും ചെയ്തു. അതായത് ദീന നൊൻപരങ്ങളുടെ കടശ്ശി മൂന്നക്ഷരത്തിൽ അടങ്ങിയിരിക്കുന്നു. എ ന്നാൽ സംകടങ്ങളും നൊൻപരങ്ങളും ക്ഷമിപ്പാൻ എത്രയും വശ ഹീനൻ അടിയൻ എന്നും എന്റെ പിതാവേ! നീ ബോധിച്ചിരിക്കുന്നു. ഒരു ചെറിയ പനി, ഒരു തലനോവു, വയറുനോവു മുതലായ അല്പമായ ദീനങ്ങളും നൊൻപരങ്ങളും സഹിപ്പാനും മുള്ളുകൊള്ളുന്ന ദണ്ഡം കൂടെയും മുഖം ചുളിക്കാതെയും സ്വരം പുറപ്പെടുത്താതെയും ക്ഷമ യോടെ സഹിപ്പാനും അടിയനു വശമില്ലല്ലൊ. എന്നാൽ വർഗ്ഗത്തി നടുത്ത ധൈര്യത്താൽ ചില ലോകയിഷ്ടന്മാരും വാശിക്കാരും അവ രുടെ മാംസം പറിച്ചാലും മുഖപ്പകർച്ച കൂടാതെ ക്ഷമിക്കുന്നു. എന്നാൽ ഈവണ്ണമുള്ള ധൈര്യങ്ങളിൽ എത്രയും കുറയപ്പെട്ടവനായിരിക്കയാൽ ആ നേരത്തിലുണ്ടാകുന്ന സംകടങ്ങളിൽ ക്ഷമകേടു കാട്ടുമെന്നും ഭയപ്പെടുന്നു. അപ്രകാരംതന്നെ ഈ ലോകത്തെ വിട്ടുപിരിയുന്നതിൽ ഇപ്പോൾ സംകടം തോന്നുന്നില്ലെങ്കിലും പ്രവർത്തിക്കടുക്കുമ്പോൾ ശേഷംപേരെ വിട്ടു പിരിവാറായി എന്നു കാണുമ്പോൾ ഇതിനാലെയും ഞാൻ കലങ്ങപ്പെടുമെന്നു ഭയപ്പെടുന്നു. ഇതുമെന്നിയെ, എന്റെ ആത്മ ശത്രുക്കളായ പിശാചുക്കൾ എന്നോർക്കുമ്പോൾതന്നെ ഞാൻ ഭയപ്പെ

---

*1. നികളം - നിഗളം (അഹന്ത). 2. വിൺ അച്ചം - മൂഢഭക്തി, (വ്യർത്ഥമായ അർച്ചന).*
*3. മുഖാന്തരം - കാരണം (മറ്റു മുഖം).*

ടുന്നു എന്നു വരുമ്പോൾ ആ നേരത്തിൽ അവരുടെ മുഴുവൻ ശക്തിയോ ടുകൂടെ എന്നോടു യുദ്ധം ചെയ്‌വാൻ തയ്യാറായിരിക്കുന്ന ഈ ദുഷ്ടാ രൂപികൾ അവരുടെ കൂർമ്മയുള്ള ഉപദേശങ്ങളാൽ എന്നെ ഭയപ്പെടു ത്തിയും കലക്കിയും വിശേഷമായി ശരണക്കേടു വരുത്തുവാൻ തക്ക വണ്ണം എന്റെ ബാല്യകാലത്തിന്റെ ജീവിതത്തിനേയും പാവങ്ങളേയും ജ്ഞാപകപ്പെടുത്തിക്കൊണ്ടു ഭയപ്പെടുത്തുവാനിരിക്കുന്നു എന്ന ഈ വലിയ ഭയവും. ഇതിൽ എല്ലായിലും വലുതായിട്ടുള്ള പട്ടാങ്ങയുള്ള ഭയമായിരിക്കുന്ന സർവ്വേശ്വരൻ തമ്പുരാന്റെ എത്രയും നുണുനുണു ക്കമുള്ള[1] നീതിയാൽ വിധിപ്പാനിരിക്കുന്ന നീതി ആസനത്തിൻ സന്നദ്ധി യേയും[2] പാപത്തിനുള്ള ഭയങ്കര കഷ്ടത്തേയും ആയതിന്മേൽ സർ വ്വേശ്വരനുള്ള വെറുപ്പും മുഴുവനായി ഞാൻ കാണുമ്പോൾ അയ്യയ്യോ! ദയയുള്ള പിതാവെ! നിന്റെ വിശേഷാനുഗ്രഹത്താൽ നീ എന്റെ കണ്ണിനു പ്രത്യക്ഷമായി നിന്നുകൊണ്ട് എന്നെ ധൈര്യപ്പെടുത്തി തുണ ച്ചില്ലെങ്കിൽ ആ ദുഷ്ടശത്രുക്കൾ എന്നെ വിഴുങ്ങുവാൻ നരകത്തിന ടുത്ത വാ പിളർക്കയും ചെയ്യും.

ആ എന്റെ അനുഗ്രഹമുള്ള പിതാവെ! ഇപ്പോൾതന്നെ പാപ കഷ്ടവും ദൈവനീതിയും ശാസ്ത്രമുറയാൽതന്നെയും അറിയാത്ത വനായ ഞാൻ എന്റെ കുറയപ്പെട്ട അറിവിനും ബോധത്തിനും തക്ക വണ്ണം ഉറ്റുവിചാരിക്കുന്നു എങ്കിൽ ഞടുങ്ങി വിറയ്ക്കുമെങ്കിൽ ആയ തിനുള്ള മറവു നീങ്ങി ഞാൻ കാണുമ്പോൾ, അയ്യൊ, എത്ര ഭയങ്കരമായി ഞാൻ ഭ്രമിക്കും. ഈ ഭ്രമത്താൽ നീ തന്നെ എന്നെ ദൈവാനുഗ്രഹ ത്തിന്മേൽ ശരണപ്പെടുത്തിയില്ലെങ്കിൽ ആ ശരണം എന്റെ ഉള്ളിൽ കടപ്പാൻ ശക്തിപ്പെടുകയില്ല നിശ്ചയം. ഞങ്ങളുടെ പിതാവു പത്രോ സുശ്ലീഹാ ചൊല്ലുന്ന ഈ തിരുവാക്യം പുണ്യവാൻ ഒരുപ്രകാരം ജീവി ക്കുന്നെങ്കിൽ ദുഷ്ടനും പാപിയും എവിടെ കണ്ടെത്തപ്പെടും എന്നും ശുദ്ധമുള്ളവനാകുന്നു എന്നതിനാൽ ഇനിക്കണയുവാനും ശുദ്ധമുള്ളവ നാകണമെന്നും അശുദ്ധമുള്ളവരിൽ യാതൊരുത്തനും എന്റെ തിരുമുൻ പിൽ അണഞ്ഞുകൂടാ എന്നും ഇങ്ങനെ പഴയതും പുതിയതുമായ തിരുപുസ്തകങ്ങൾ നിറച്ച് ഈ തന്റെ ശുദ്ധതയിന്മേൽ വിളിച്ചറിയി ക്കുന്ന ദൈവത്തിന്റെ തൃക്കൈകളിൽ വീഴുന്നതു വലിയ ഭയമാകുന്നു

---

*1. നുണുനുണുക്കമുള്ള - സൂഷ്മതയുള്ള (ഏറ്റവും ചെറിയ അംശത്തെപ്പോലും കണക്കിലെടുത്തുള്ള).*

*2. നീതി ആസനത്തിൻ സന്നദ്ധി - നീതിപീഠത്തിന്റെ സാമീപ്യം.*

എന്നും മാർഗ്ഗമില്ലാത്ത പുറജാതിക്കാരെ അവരുടെ ഹൃദയത്തിൽ നീതിപ്രകാരം വ്യാപരിയ്ക്കായ്കയാൽ നീതിയോടുകൂടെ എന്നന്നേയ്ക്കുമുള്ള തീയ്ക്കുവിധിച്ചു ശിക്ഷിക്കുന്നെങ്കിൽ നമ്മുടെ കർത്താവിന്റെ തിരുവായാൽതന്നെ അറിവിക്കയും കേൾക്കയും കാൺകയും ചെയ്തവരാൽ പ്രത്യക്ഷങ്ങളാൽ സാക്ഷിപ്പെടുത്തിക്കൊണ്ട് അറിയിച്ചതിനെ കേട്ടുവിശ്വസിച്ചു എന്നവൻ അതിൻവണ്ണം നടന്നില്ലെങ്കിൽ എന്തു ശിക്ഷയിൽ ഉൾപ്പെട്ടുപോകും. അയ്യയ്യൊ മുട്ടാടും കാളമൂരികളും അറത്തു പൂജിക്കുന്നു എന്ന പൂജയിടത്തിനും മദബഹായ്ക്കും അല്പമായ അനാചാരത്താൽ അണഞ്ഞു എന്ന മേൽപട്ടക്കാരന്റെ കടിഞ്ഞൂൽ പുത്രിമാരിൽ കൂടെയും അനുഗ്രഹിക്കാതെ ആ ക്ഷണത്തിൽത്തന്നെ ശിക്ഷിക്കയും തന്റെ തിരുപ്രമാണങ്ങൾ എഴുതിയ പലക വെച്ചുപൂട്ടിയിരുന്നു എന്ന പെട്ടകം ഇരിക്കുന്ന ക്ദോശക്ക്ദശ എന്ന സ്ഥലത്തിൽ പ്രവേശിപ്പാനുള്ള തിരശീലയുടെയുള്ളിൽ കടപ്പാൻ ഭാവിച്ചു എന്ന മഹാസേനാപതിയെ ആകാശത്തിൽനിന്നു തന്റെ ദൂതന്മാരെ യാത്രയാക്കിയ ഉടൻ ശിക്ഷിക്കുകയും ഈവണ്ണം ആ സാദൃശ്യത്തിന്നടുത്ത ദേവാലയവും പൂജയും നീ മഹിമപ്പെടുത്തി ആയ്തിൻ അല്പമായ ആചാരം നീ ക്ഷമിക്കുന്നില്ലെന്നും കാണിച്ചിരിക്കയിൽ അയ്യയ്യൊ തന്റെ സ്വരം ആകാശത്തേയും ഭൂമിയേയും ഇളക്കുന്നു എന്ന സർവ്വേശ്വരന്റെ ഏകപുത്രനായ സത്യദൈവവും സത്യമാനുഷനുമെന്നായിരിക്കുന്ന എന്റെ രക്ഷയുടയവനായിരിക്കുന്ന സർവ്വേശ്വരൻ പട്ടാങ്ങയായി തന്റെ മുഴുമഹിമകളെ മറച്ചുകൊണ്ടു രാപകൽ ഇടവിടാതെ ഈ ഞങ്ങളുടെ പാവപ്പെട്ട ത്രൊണോസിൽ[1] ഈ അല്പസാധനമായ ഓസ്തിയപ്പത്തിൽ തന്റെ ദൈവമഹിമകളെ എളിമപ്പെടുത്തിക്കൊണ്ടു, എഴുന്നെള്ളി ഈ സക്രാരിയിൽ പട്ടാങ്ങയായിരിക്കുന്നുവെന്നു സംശയമില്ലാതെ ഞാൻ ബോധിച്ചു വിശ്വസിച്ചിരുന്നാറെയും അയ്യൊ പാപിയായ അടിയൻ എത്രയോ ഊഴങ്ങൾ ഈ മഹിമനിറഞ്ഞ കൊടുത്തീഞ്ഞിന്റെ ഉള്ളിൽ ഒരു വിചാരവും ഭയവുംകൂടാതെ കടന്നു. അയ്യോ ഈ എന്റെ അകർമ്മ[2]ത്തിനു തക്കവണ്ണം ഇതുവരെയും എന്നെ ശിക്ഷിച്ചില്ല എന്നു തന്നെയുമല്ല ഒരു ഭയസ്വരം കേൾപ്പിച്ചില്ലല്ലോ! അയ്യയ്യൊ ദൈവമെ! അവൻ ദൈവമഹിമയും ശുദ്ധതയും അറിഞ്ഞിട്ടില്ലാ അറിഞ്ഞിരുന്നാലും ഈ സാധനത്തിന്നടുത്തവസ്തു അല്ലാതെ ആ ക്ദോശക്കുദാശായിൽ മറ്റൊന്നുമില്ലല്ലൊ. ആ കർത്താവെ ഇവിടെ നീ പട്ടാങ്ങ

*1. ത്രൊണോസ് – ബലിപീഠം. 2. അകർമ്മം – തെറ്റായ പ്രവർത്തി.*

യായിട്ടു ആകാശത്തിൽ ബാവായുടെ വലതുഭാഗത്തിൽ എന്നപോലെ നീ തന്നെ എഴുന്നെള്ളിയിരിക്കുന്നുവെന്നു നിന്റെ അമ്മ ശു. പള്ളി ഊനമില്ലാത്ത വിശ്വാസസത്യമായി എന്നെ പഠിപ്പിക്കയും ആയതിൻ വണ്ണം പ്രവൃത്തി എന്നിലില്ലെങ്കിലും സംശയമില്ലാതെ ഞാനും വിശ്വ സിച്ചിരിക്കയാൽ ഭയംകൂടാതെ ഈ കൊടുത്തീഞ്ഞിന്റെ ഉള്ളിൽ ഞാൻ കാണാറെയും അയ്യോ എത്ര ഊഴങ്ങൾ എന്നെ നീ ശിക്ഷിക്കാതെ എന്നോടു ക്ഷമിച്ചു. ആ ഇതുതന്നെയോ, ഇതുമല്ലാതെയും എന്റെ രക്ഷയ്ക്കും ഇനിക്കു മനോഗുണം ചെയ്യാനും എന്നോടു പൊറുപ്പാനും എന്റെ അപേക്ഷകളെ കേൾപ്പാനും ആവശ്യങ്ങളെ തീർപ്പാനും ഇനിക്കു എന്തെല്ലാം നന്മകൾ വേണ്ടിയിരുന്നാൽ ആയതൊക്കെയും ധാരാള മായിട്ടു തന്നു കൊള്ളാമെന്നു അറിവിച്ചുകൊണ്ട് തന്റെ പക്കൽ ഏതു നേരമെങ്കിലും ചെന്ന് ഉണർത്തിച്ചാൽ എപ്പഴും കേട്ടുകൊള്ളാമെന്നും കല്പിച്ചുകൊണ്ടും എന്റെ സമീപമായ ഈ ദേവാലയത്തിൽ ത്രൊ ണൊസിങ്കൽ എഴുന്നെള്ളിക്കൊണ്ടു എന്നെ വിളിച്ചു വരുന്നു എന്ന എന്റെ തമ്പുരാന്റെ തിരുമുമ്പിൽ ചെന്നുകൊണ്ടു ഇനിക്കു വേണ്ടി ഇതിനെ ചോദിപ്പാനും മനസുകൂടാതെ വീൺവിചാരത്താൽ ചുറ്റി നടന്നു എന്റെ ആയുസിന്റെ ദിവസങ്ങൾ പഴുതെ കളഞ്ഞതിനെയും ഈ ലോകത്തിന്റെ രാജാക്കൾ പ്രഭുക്കന്മാരെ കാൺമാനുള്ളതിനും അവരുടെ മുൻപിൽ അടുപ്പാനും എത്രയോ വിഷമമായിരിക്കുന്നു. എന്നാലും അപ്രകാരമുള്ള കാഴ്ചകൾക്കു ഞാൻ ആഗ്രഹിച്ചു. ഇതിനാ ലുള്ള ഫലം എന്തു എന്നതിനെയും വിചാരിക്കാതെ ആയതിനായിട്ടും ഈ ആയുസിന്റെ നാഴികയെ ഞാൻ ചേതപ്പെടുത്തി[1]. എന്നാൽ വെളി വുള്ളപ്പോൾ ഒളിവിയിൽ നടന്നുകൊള്ളുവാൻ വേല ചെയ്‌വാൻ വശമി ല്ലാത്ത രാവുവരുന്നു എന്നും തന്റെ തിരുവായാൽ അരുളിച്ചെയ്തതിനെ ഓർപ്പിച്ചിരിക്കയാൽ ഈ മനഗുണത്തിൻ സിംഹാസനത്തിൻ പക്കൽ അണഞ്ഞു മനഗുണമപേക്ഷിച്ചു കൈക്കൊള്ളാഞ്ഞാൽ താൻ തന്നെ നീതിയുടെ സിംഹാസനത്തിൽ കരേറിയാൽ വീണ്ടു മനഗുണത്തിനു നേരമില്ല. പിന്നെയൊ അവിടെ എത്രയും നീതിതന്നെ എന്നതു ഭേദ മില്ലാത്ത സത്യമായിരിക്കുന്നു. ഇതിനാൽ എത്രയും വലിയ ശുദ്ധമാ ക്കപ്പെട്ടവരു കൂടെയും ആ നേരത്തെ ഓർത്ത് ഭ്രമിക്കുന്നുവല്ലൊ. മാമ്മോദീസായിൽ കിട്ടിയ ഇഷ്ടപ്രസാദം ചേതപ്പെടുത്താതെ ജീവിച്ചു ശുദ്ധമാകപ്പെട്ടവരും അവരുടെ ആയുസു മുഴുവനും വനവാസങ്ങളിലും

1. *ചേതപ്പെടുത്തി – നഷ്ടമാക്കി.*

കഠിനതപസുകളാലും കാലം കഴിച്ചു എന്ന പുണ്യവാന്മാരും ബ്രഹ്മ ചാരിത്വത്തിലും മഹാപുണ്യങ്ങളാലും വിളങ്ങിശോഭിച്ച കന്യാസ്ത്രീ കളും ഇങ്ങനെയുള്ള ഏറിയ മഹാത്മാക്കൾ കൂടെയും ഈ നീതി സിംഹാസനത്തിൽ സൃഷ്ടിക്കുന്നോൻ വിധിക്കാൻ ഇരിക്കുമ്പോൾ തന്റെ തിരുമുമ്പിൽ ചൊല്ലുന്നതു എത്ര ഭാഗ്യത്തിനടുത്തതാകുന്നു എന്നും പറഞ്ഞു ഞടുങ്ങിവിറച്ചുവന്നു എന്നും, അയ്യോ ഇതിനെ ഓർക്കുന്നതുതന്നെ എന്നെ ഭയപ്പെടുത്തുന്നു എങ്കിൽ എന്റെ പ്രിയ മുള്ള പിതാവെ, ആ സമയം എനിക്കെന്തൊരു ഭയത്തിന്റെ സമയ മായിരിക്കും! എന്നാൽ ഈവണ്ണം നിരുപിപ്പാനും സങ്കല്പിപ്പാനും വഹിയാത്ത ഭയം നിറഞ്ഞ നേരമെന്നും ഭയങ്കരപ്പെട്ട വിധിക്കു കാരണ മായിരിക്കുന്ന പാപങ്ങൾ എണ്ണമില്ലാതെ ഞാൻ ചെയ്തുപോയി എന്ന ഈ ഭയം നിറഞ്ഞ നേരമായ മരണം വിധി എന്നതും ഈ ന്യായാസ നത്തിൻ സന്നിധിയിൽ നില്ക്കണമെന്നും ഇതൊക്കെയും ഉറപ്പുള്ള സംഗതികൾതന്നെ ആയിരിക്കയിൽ എന്റെ ദയയുള്ള പിതാവെ, എന്റെ ഭയങ്ങളൊക്കയും കുറയ്ക്കുന്നതിന് എന്റെ പിതാവും മദ്ധ്യസ്ഥനുമാ യിരിക്കുന്ന നിന്നെയുള്ള ഓർമ്മ എന്ന ഏക വഴി മാത്രം എന്നെ ഉറ പ്പിക്കുന്നു. അതെങ്ങനെയെന്നാൽ, എന്നെ വിധിപ്പാൻ വരുന്നു എന്ന നീതിക്കാരൻ ഈ ലോകത്തിലും ഇപ്പോൾ പിതാവിനടുത്ത ബഹുമാ നവന്ദന സ്നേഹത്തോടെ നിന്നെ ഉയർത്തി കൈക്കൊണ്ടിരിക്കുന്ന പാപികളുടെ സങ്കേതം എന്ന ത്രിലോകരാജ്ഞി നിന്റെ എത്രയും പ്രിയ മുള്ള പത്നി എന്നും ഈ ലോകത്തിൽ അവർക്കു നീ ചെയ്ത ശുശ്രൂ ഷയ്ക്കും സഹായത്തിനും ഏതു പ്രകാരത്തിലും നിന്നെ തെളിവിക്ക ണമെന്നും സന്താഷിപ്പിക്കണമെന്നും എത്രയും വലിയ താല്പര്യമാ യിരിക്കയാൽ ഈ അമ്മയോടും തന്റെ സ്നേഹപുത്രനായ ഈ നീതി ക്കാരനോടും ഒരു വചനം ബോധിപ്പിക്കുന്നു എങ്കിൽ തന്റെ ശത്രുക്കളും ഭയപ്പെടുത്തുന്നവരുമായവരൊക്കെയും എന്നെ ഭയപ്പെടുത്തുകയും ചെയ്യും. ആയതിനാൽ പ്രിയമുള്ള പിതാവെ, ഈ വളയാത്ത നീതിക്കാ രനായ[1] താൻ നീതിയാസനത്തിൽ എന്നെ വിധിപ്പാനായി കരേറുന്ന തിനു മുൻപെ, നിന്റെ അടിയാനും ശുശ്രൂഷിയുമായി എന്നെ കൈക്കൊ ണ്ടിരിക്കുന്നു എന്ന ഈ തിരുവചനങ്ങൾ മാത്രം ഈ കർത്താവിനോടു നീ അരുളിച്ചെയ്യണമെ. അതെന്ത്യെ, വിധിപ്പാൻ കർത്താവു എഴുന്നേൽ ക്കുമ്പോൾ എന്തു ഞാൻ ചെയ്യേണ്ടു എന്നും മഹാപുണ്യവാനായ

*1. വളയാത്ത നീതിക്കാരൻ-വിട്ടുവീഴ്ചയില്ലാത്ത നീതിമാൻ.*

യോബുമുനി ഭയപ്പെട്ടു ചൊല്ലുന്നു. അയ്യയ്യോ ഇദ്ദേഹം എത്രയും നെറിവാളനും തന്റെ ബുദ്ധി അറിവോടുകൂടെ യാതൊരു കുറ്റവും താൻ ചെയ്തിട്ടില്ല എങ്കിലും തന്റെ മക്കളുടെ സന്തോഷത്തിലും തെളിവിലും അവരിൽ വാച്ച കുറ്റം ഉണ്ടായേക്കും എന്നുള്ള നിരുപണയാൽ ആയത് ഉണ്ടായി എങ്കിൽ ദൈവം പൊറുപ്പാനും ദിവസവും താൻ പൂജകാഴ്ച കളണച്ചിരുന്നു ഇങ്ങനെയുള്ള ദേഹം കർത്താവു എഴുന്നേല്ക്കുമ്പോൾ എന്തുചെയ്യും എന്നു ചൊല്ലിക്കൊണ്ടു ഭയപ്പെട്ടുവെങ്കിൽ ദയയുള്ള പിതാവെ, ഞാൻ വിചാരിക്കാതെയും ഓർക്കാതെയും ഇരിക്കുമ്പോൾ കൂടെയും എന്റെ ഹൃദയം കൺമുമ്പാകെ എപ്പഴും പട പുരുഷാരം പോലെ കൂടിക്കൊണ്ട് എന്നെ ഭയപ്പെടുത്തുന്നു എന്ന എണ്ണമില്ലാത്ത എന്റെ പാപങ്ങളുടെ കണക്കുകളെ ചോദിപ്പാൻ താൻ എഴന്നേറ്റാൽ പിന്നെ യാതൊരു മദ്ധ്യസ്ഥവും ആ നേരത്തു ഫലിക്കയില്ലെന്നും ഈ കർത്താവുതന്നെ മുൻ അറിയിച്ചിരിക്കുന്നുവല്ലൊ. ഇതായ്തു ആ ദിവസത്തിൽ ആദിത്യൻ ഇരുളും. അയ്യോ ഇതെത്ര ഭയങ്കരമുള്ള കാര്യമാകുന്നു. ഇതാ പുണ്യത്തിൻ ജോതിസായ ഈ രക്ഷാനാഥൻ ഈ നേരത്തിൽ എത്രയും അനുഗ്രഹമുള്ള പിതാവും മനഗുണക്കാരനുമായിട്ടു തർക്കിക്കാതെയും കൂപ്പിടാതെയും തെരുവിൽ തന്റെ സ്വരം കേൾപ്പിക്കാതെയും മങ്ങുന്ന വിളക്കിനെ കെടുത്താതെയും ചതഞ്ഞ കോലിനെ തകർക്കാതെയും എത്രയും വലിയ ക്ഷമയോടുകൂടെ മനഗുണമെന്ന വെളിവിനെ കാണിച്ചുകൊണ്ടിരുന്നു. അനുഷ്ടിച്ചിരിക്കുന്നവരും പാപം ചുമക്കുന്നവരും എന്റെ പക്കൽ വരുവിൻ ഞാൻ നിങ്ങളെ അനുകൂലപ്പെടുത്താം എന്നു താൻ വിളിക്കുന്ന ഈ വിളിക്കു ഒരുവായി തനിക്കു ചേരാഞ്ഞിട്ട് 50-ൽ ചിലാനം വായ്കളെ ഉണ്ടാക്കിക്കൊണ്ടു താൻ വിളിക്കയും ഈ വിളികേട്ടു പാപികൾ തന്റെ പക്കൽ ചെന്നാൽ അവരുടെ കുറ്റത്തിൻ കാഠിന്യത്താൽ അവരെ കൈക്കൊള്ളുമൊ എന്നുള്ള സംശയം തോന്നായ്വാനായിട്ടു ചെന്നുടൻ അവരെ കൈക്കൊൾവാനായി എപ്പഴും ഇരുകൈകളും വിടർത്തി തഴുകാൻ ആസ്തമായിട്ടിരിക്കയും അവരുടെ കുറ്റം കാരണത്താൽ ഇനി അവരെ സ്നേഹിക്കുമൊ എന്നും സംശയിക്കായ്വാൻ അവരെ പ്രിയത്താൽ മുത്തുവാനായി എപ്പഴും തന്റെ തിരുമുഖം ചായിച്ചിരിക്കുന്നു. ആ ഇങ്ങനെയുള്ള സ്നേഹം ഞാൻ കണ്ടാറെയും എന്റെ മുഖം തിരിപ്പിച്ചു കളഞ്ഞു അങ്ങോട്ടു നോക്കാതെയും ഈ വിളികേട്ടു തന്റെ പക്കൽ അണയാതെയും എത്രയോ ഊഴങ്ങൾ ഞാൻ തുടങ്ങിയ വഴിയിലൊട്ടുതന്നെ

ഞാൻ നടന്നു. അയ്യൊ ഇങ്ങനെ എന്റെ നാശത്തിന്നായിട്ടുള്ള വഴിക്കു തന്നെ ഞാൻ നടക്കുന്നു എന്നുള്ള എന്റെ ഈ അധർമ്മത്തിനെ കണ്ടാറെയും താൻ എന്നെ ഉപേക്ഷിക്കാതെ എന്റെ പുറകെ നടന്നുകൊണ്ടു മകനെ! നീ പോകുന്ന വഴിയിൽ നിന്നെ കൊല്ലുവാനായിട്ടു ശത്രു അസ്ത്രവും മൂർച്ചയിട്ടും കൊണ്ടിരിക്കുന്നു. എന്റെ സ്വരം കേൾക്കാതെ നീ ഈവഴിക്കു പോയാൽ നിശ്ചയമായിട്ടും നീ നശിക്കും എന്നീവണ്ണം എന്നോടു ചൊല്ലിക്കൊണ്ടു എന്റെ പുറകിൽ നിന്നു എപ്പഴും ചൊല്ലിവന്നു ഇതു കൂടാതെ ഈ വഴിയിൽ നടന്നു എന്നു പലർക്കും സംഭവിച്ചു എന്ന ഓരോരൊ കേടുകളും നാശങ്ങളും എന്നോടു അറിയിച്ചതുമെന്നിയെ, പലർക്കും സംഭവിച്ചതും ഇനിക്കു തന്നെ വരുവാനിരിക്കുന്ന അസ്ത്രം ഞാൻ നിന്നതിനാൽ മറ്റവന്റെ നെഞ്ചിൽ പതിഞ്ഞുവീണതും എന്റെ കണ്ണിൽതന്നെ കാട്ടിതരികയും ചെയ്തു. ഈ വണ്ണമുള്ളതു ദയയോടെ എത്ര ഊഴങ്ങൾ എന്റെ പുറകെ നടന്ന് എന്നെ വിളിച്ചു. അയ്യോ, ദുഷ്ടനായ ഞാൻ പൊട്ടനും ചെകിടനുമായി ഞാൻ ഈ സ്വരങ്ങൾക്കൊക്കയ്ക്കും ചെവി അടച്ചുനടന്നു. ആ എന്നാറെയും എന്നെ ശിക്ഷിക്കാതെയും ഉപേക്ഷിക്കാതെയും എന്നെക്കായിൽ അല്പം കുറ്റം ചെയ്ത പലരേയും ശിക്ഷിച്ചു എന്നെ ഭയപ്പെടുത്തി തന്റെ പ്രിയ മാതാവു പിതാവു ശു:വാളരു മുതലായവരുടെ മദ്ധ്യസ്ഥങ്ങളാൽ എന്റെ ശിക്ഷയെ തടുപ്പാൻ നീതിയുണ്ടാക്കി. അയ്യയ്യൊ ആകാശപ്രഭുക്കൾ വിറയ്ക്കുന്നു എന്ന നിന്റെ മദബഹായിൽ ഈ അകൃത പുഴുവായ അടിയൻ അണവാൻ അനുവദിച്ചതെങ്ങനെ. അശുദ്ധമാകപ്പെട്ടവന്റെ നാലര കരിന്തലവരെയും മദബഹായിൽ അണഞ്ഞു കൂടെന്നും ഭയം ഉളവാക്കി പഴയ കാലത്തിലുള്ള മദബഹായുടെ ശുദ്ധതയിന്മേൽ കല്പിച്ചു എന്ന ദൈവമെ! ഇന്നു നീ തന്നെ പട്ടാങ്ങയായി എഴുന്നെള്ളിയിരിക്കുന്നു എന്ന ഈ മദബഹായിൽ, അയ്യൊ ഞാൻ അടുക്കുന്നതെങ്ങനെ? ലോകരാജാക്കന്മാരുടെ മഹിമ എങ്ങനെ അസ്വേരസു രാജാവിന്റെ പ്രിയ മണവാട്ടിയായ എസ്തർ രാജസ്ത്രീ അനുവാദമില്ലാതെ ഇയാളുടെ രാജസിംഹാസനത്തിൽ അരമനയിൽ കടന്ന് രാജസിംഹാസന മഹിമ മുടി ചെങ്കോൽ ചൂടിയിരിക്കുന്ന രാജൻ സൂക്ഷിച്ചു നോക്കിയതിനെ കണ്ടയുടൻ മരിച്ചവളെപ്പോലെ മോഹിച്ചുവീണുവല്ലൊ. തന്റെ മണവാട്ടിയെ ഈ വണ്ണം ഭയപ്പെടുത്തുവാൻ തക്ക മഹിമയെ മാനുഷന്നു കൊടുത്തു എന്നതിന്റെ മഹിമയുടെ സിംഹാസനം എത്രയോ ഭയങ്കരമുള്ളതായിരിക്കും. ഇങ്ങ

നെയുള്ള ഈ മഹിമപ്രതാപമായ മദ്ബഹായിൽ എത്രയും സത്യമായി ട്ടുള്ള അയോഗ്യനായ അടിയൻ കടന്നപ്പോൾ എന്നെ ശിക്ഷിക്കാഞ്ഞതു മേലെഴുതിയ സത്യ തിരുവചനം തന്നെ ആയിരിക്കുന്നു.

അപ്പഴൊ ഇതിനാലെ ഈ നിന്റെ എത്രയും വലിയ അനുഗ്രഹ ത്തിന്റെ പൊറുതിയുടെ സ്നേഹത്തിന്റെയും കാലമിതായിരിക്കുന്നു എന്നറിവിപ്പാനായിട്ടു ശു. ശ്ലീഹാ വിളിച്ചറിയിച്ചു. ഇതാ ഭയത്തിനു നമുക്കിടയില്ലാതെ താൻ ചെയ്തിരിക്കുന്നു. ഇനി ഭയത്തിനു അടിയാര്[1] നിങ്ങളായില്ല പിന്നെയൊ മക്കൾ വീണ്ടും, ഇനി അടിയാരെന്ന് നിങ്ങ ളെ ഞാൻ വിളിക്കയില്ല പിന്നെയൊ എന്റെ സ്നേഹിതന്മാരെന്ന്. ആ കർത്താവെ! പട്ടാങ്ങ, പട്ടാങ്ങ, ആ കാലത്തിൽ കല്പലകയിരുന്ന പെട്ട കത്തിന്റെ മൂടുശീല മാറ്റി ചാട്ടിൽ[2] വെച്ചിരുന്ന നേരം ഈ പെട്ടകം ചായുന്നതിനെകണ്ടു. ഉറ നീക്കിയിരിക്കുന്ന നേരം മേൽപട്ടക്കാരന ല്ലാതെ കീഴുപട്ടക്കാർക്കു തൊട്ടുകൂടാ എന്നുള്ളതിനെ വിചാരിക്കാതെ ഒസാ എന്നയാൾ കൈനീട്ടി പിടിച്ചതിനാൽ അവിടെ തന്നെ മരിച്ചുവീ ണുവല്ലൊ. ഈ നിന്റെ ദയയിൻ കാലമായ ഈ അരുൾവേദ[3] ത്തിൻ പ്രമാണപലകയല്ല പിന്നയൊ പ്രമാണം കല്പിച്ചു കൊടുത്ത നീതന്നെ യാതൊരു ഉറയും മറവും കൂടാതെ തന്റെ ദൈവത്തത്തോടും മാനുഷി കത്തോടുംകൂടെ ഞങ്ങളുടെ മദബഹായിൽ താൻ എഴുന്നെള്ളിയി രിക്കുന്നു. ആരെല്ലാവരും ചെല്ലുന്നോ എല്ലാവരെയും കൈക്കൊള്ളുന്നു. ആരുവിളിക്കുന്നോ അവനിൽ ചെല്ലുന്നു. എവിടെ കൊണ്ടുപോകണമോ അവിടെ താൻ പോരുന്നു. ഏതു നാവിൽ വെക്കുന്നുവോ അവിടെ താൻ ഇരിക്കുന്നു. അയ്യയ്യൊ, ഏതുഹൃദയത്തിൽ കുടിയിരുത്തുമോ, ആ ഹൃദയത്തിൽ പൂക്കുന്നു. അയ്യൊ, മേൽപട്ടക്കാരുതന്നെയല്ല, പിന്നെയോ പട്ടസുഖം എന്ന മുദ്രയാൽ പതിക്കപ്പെട്ടവനായിരിക്കുന്ന ഏതു നാവുകൊണ്ട് ഈ തിരുവചനങ്ങളെ ഉച്ചരിക്കുന്നു എന്ന ആ ക്ഷതത്തിൽതന്നെ ആകാശത്തിൽനിന്നും ഇറങ്ങി അയാളുടെ കൈ യിൽ എഴുന്നെള്ളുന്നു. അയ്യയ്യൊ, കർത്താവെ! ഈ മഹാപാപിയായ അടിയന്റെ അശുദ്ധ കൈകളിലും നാവിലും ഹൃദയത്തിലും കൂടെയും എത്രയോ ഊഴം നീ എഴുന്നെള്ളി എന്റെ മനഗുണമുള്ള സർവ്വേശ്വരാ!

*1. അടിയാർ-അടിമകൾ. 2. ചാട്ടു-രഥചക്രം.*

*3. അരുൾവേദ-പുതിയ നിയമം (സുവിശേഷം)*

ഇനി യാതൊരുത്തനെ താൻ കൈക്കൊൾകയില്ലെന്നും സംശയിപ്പാൻ ഇടയില്ലാതായല്ലൊ.

ആ മനോഗുണമോ! മുണ്ടനായിരുന്നതിനാൽ കൂട്ടത്തിന്റെ തിക്കലിൽ നിന്നെ കാണാൻ പാടില്ലാഞ്ഞാറെ ഇനി ആ വഴിയെ കൂടെയും താൻ എഴുന്നെള്ളുവാൻ ഇടവരുന്നതല്ല എന്നതിനാൽ ദൂരത്തിൽ നിന്നെങ്കിലും തന്റെ തിരുമുഖം കാണ്മാൻ ഇടവന്നാൽ ഭാഗ്യമെന്ന് ആശിച്ചുകൊണ്ട്, ഒരു തെത്തമര[1] ത്തിൽ കയറി അവിടെനിന്നെങ്കിലും തന്റെ മുഖം കാണണമെന്നും ആഗ്രഹിച്ചു എന്ന ചുങ്കക്കാരുടെ തലവനായ സക്കൈ എന്നവന്റെ സൽമനസിനെ താൻ കണ്ടാറെ. അവനോടു സംസാരിക്കുന്നതുതന്നെ തന്റെ ബഹുമാനത്തിനു മതിയായതല്ലന്നും ശേഷം പേരു നിരൂപിച്ചാറെയും തന്റെ കരുണയെ കാണിപ്പാൻ തിരുമനസ്സായിക്കൊണ്ട് ആ കൂട്ടത്തിൽവെച്ചു ആ മരത്തിൻ ചുവട്ടിൽ ചെന്നുകൊണ്ടു സക്കൈ നീ ഇറങ്ങിവരിക ഇന്നു നിന്റെ വീട്ടിൽ എഴുന്നെള്ളി വരുവാൻ മനസ്സായിരിക്കുന്നു എന്നും താൻ അരുളിച്ചെയ്ത് അവനോടുകൂടെ താൻ പോകയും ചെയ്തു. ഈ വണ്ണമുള്ള കരുണക്കടലായിരിക്കുന്ന ഈ ദൈവം ആ സക്കൈയേക്കായിലും അധികം ഹീനനും പാപിയുമായിരിക്കുന്ന അടിയന്റെ ഹൃദയമായ വീട്ടിലും അതിൽ നിറഞ്ഞിരിക്കുന്ന പാപാശുദ്ധങ്ങളെയും ദുർമ്മരണങ്ങളേയും വിചാരിക്കാതെ, മനുഷ്യവർഗ്ഗത്തിന്മേൽ താൻ വച്ചിരിക്കുന്നു എന്ന കരുണാധിക്യവും, തന്റെ ദയയുടെ പെരുപ്പവും കാണിച്ചുകൊണ്ടു ഇനി മനുഷ്യവർഗ്ഗത്തിൽ യാതൊരുത്തനും ഭയത്താലും ശരണക്കേടാലും തന്റെ പക്കൽ അണയുന്നതിനു മടി തോന്നായ്‌വാനുള്ള ദൃഷ്ടാന്തം ലോകത്തിൽ കാണിപ്പാൻ തന്നെ ഈ കഷ്ടപുഴുവായ അടിയനിൽ എഴുന്നെള്ളുവാൻ തന്നെയല്ല പിന്നെയൊ ദിവസംപ്രതി ഈ അശുദ്ധനാവുകളാൽ തന്നെ വിളിച്ച്  ആകാശങ്ങളിൽ നിന്നിറക്കുവാനും പാവപ്പെട്ട അടിയന്റെ കരങ്ങൾകൊണ്ടുതന്നെ തൊടുവാനും ദേവമാതാവും ശു. പിതാവും എത്രയും ഭക്തിയോടും ആചാരത്തോടും അവരുടെ കൈകളിൽ ചുമന്നു എന്ന ഉണ്ണിപ്പൈതലായ തന്നെ ഈ അശുദ്ധ കൈകൾകൊണ്ടുതന്നെ എടുക്കാനും പകുപ്പാനും ഉയർത്തുവാനും സ്നേഹത്തോടെ തന്നെ തിമ്മാനും[2] അനുവദിച്ചതുമെന്നിയെ എവിടെയെല്ലാം തന്നെ എടുത്തുകൊണ്ടു നടക്കണമോ ആരുടെപക്കൽ തന്നെ

1. *തെത്തമരം-സൈത്തുമരം.*

2. *തിമ്മാൻ-ചുമക്കാൻ*

കൊണ്ടുപോകണമോ ഏതു നേരത്തിൽ തന്നെ കാണണമോ, എത്ര നേരം തന്റെ ചേരെനിൽക്കണമോ, ഇതിനൊക്കെയ്ക്കും അനുവദിച്ച തുമെന്നിയെ, അടിയന് അനിഷ്ടവും മനമടിയും തോന്നി തന്റെ തിരുമുൻപിൽനിന്നു മാറുന്നതല്ലാതെ, തനിക്ക് അസഹിത[1]മായി ഈ തിരുമുൻപിൽ നിന്നും മാറ്റുവാൻ തിരുമനസാകാതെ എന്റെ ആശയാഗ്രഹങ്ങളൊക്കയും നിറവേറ്റുവാനും എന്തെല്ലാം അപേക്ഷിക്കണമോ ആയതു ഒക്കെയും മടികൂടാതെ അപേക്ഷിപ്പാനും അനുവദിച്ചും കൊണ്ടു രാപകൽ പിരിയാതെ എന്റെ വാസസ്ഥലത്തിൻ ചേരെതന്നെ താനും എഴുന്നെള്ളിയിരിപ്പാനും തിരുമനസ്സായി. ഈവണ്ണമള്ള സ്നേഹങ്ങളെയും അനുഗ്രഹങ്ങളെയും കാണിക്കുന്നു എന്നതിനോടുകൂടെ ഈ ദയയുടെ കാലംകഴിഞ്ഞാൽ നീതിയുടെ കാലം വരുന്നു എന്നും ഒരു നേരത്തിൽ ഈ ദയയ്ക്കുതക്ക നീതിയായിരിക്കുമെന്നുംകുടെ കാണിക്കുന്നു. അപ്പഴോ, പ്രിയമുള്ള കർത്താവെ! ഇനിക്കായിട്ടുള്ള ഈ ദയയുടെ കാലം എത്രയും ചുരുങ്ങി തീരാറായിരിക്കുന്നു എന്നും നീതിയുടെ കാലത്തിന്റെ രശ്മി വീശിത്തുടങ്ങിയിരിക്കുന്നു എന്നും ഞാൻ കാണുന്നുവല്ലൊ. ആയ്തിനാൽ പ്രിയമുള്ള പിതാവും മദ്ധ്യസ്ഥനുമായിരിക്കുന്ന പുണ്യപിതാവേ ഈ ചുരുങ്ങിയുള്ള നേരംകൊണ്ടു എന്റെ കാര്യങ്ങൾ ഒക്കയും തീർത്ത്, തന്റെ നീതി ആസനത്തിനുമുമ്പിൽ നിർത്തപ്പെടുമ്പോൾ ഞാൻ കുറ്റവാളിയായി തള്ളപ്പെട്ടുപോകായ്‌വാൻ നീ തന്നെ ഭരമേറ്റു അടിയനെ നിറുത്തി രക്ഷിച്ചില്ലെങ്കിൽ അയ്യൊ, ഭയങ്കരമായ ആ നീതിയിൽ ഞാൻ എന്തുത്തരിക്കും? അതെന്ത്യെ കുറ്റങ്ങൾ ഒക്കയും ഞാൻ ചെയ്തുപോയി എന്നുള്ളതു സ്പഷ്ടമായി എന്നേരവും എന്റെ നിനവിൽ ധ്വനിക്കുന്നു. എന്നാൽ മനഗുണ കർത്താവേ, എന്നോടു പൊറുത്തെന്നും എന്നെ ശിക്ഷിച്ചുപേക്ഷിക്കയില്ലെന്നും ഞാൻ ശരണത്താൽ ഉറയ്ക്കുന്നു എങ്കിലും പലപല ന്യായങ്ങളാൽ എന്നെ ഇളക്കി ഭയപ്പെടുത്തുന്നു. ആയതിനാൽ കരുണനിറഞ്ഞ പിതാവായ നീ എന്നെ ഉറപ്പിച്ചു നിറുത്തുമെങ്കിൽ ഞാൻ ഉറയ്ക്കപ്പെടും അല്ലെങ്കിൽ ഈ ഇളകപ്പെട്ട അടിയന്റെ ശരണവും ഇളകി കലങ്ങിക്കെട്ടുപോകയും ചെയ്യും. ആയതിനാൽ മരണം വരുന്നതിനുമുമ്പേ, എന്റെ കർത്താവിന്റെ മുഴുവനായ ഉപവിയും ഇഷ്ടപ്രസാദവും എന്നിൽ കുടിയിരുപ്പാനും പാപവും പാപത്തിൻ പരിഹാരക്കടവും എന്നിൽ നിന്ന് ഒഴിയുന്നതിനും ഈ ഭാഗ്യപ്പെട്ട ആഴ്ചവട്ടത്തിൽ നീ തന്നെ

*1. അസഹിതം-അസഹ്യം*

എന്റെ കർത്താവിൻ പക്കൽ കൂട്ടിക്കൊണ്ടുപോയി തന്റെ തിരുവുള്ള ക്കേടു മുഴുവനും തീർത്തു സന്തോഷമായി എന്നെ ഞാൻ കൈക്കൊണ്ട തന്റെ പക്കൽ എന്നെ നീ ഏൾപ്പിച്ചു നിറുത്തുമെങ്കിൽ തെളിവോടെ ഞാനും തന്റെ മരണത്തോടുകൂടി മരിച്ചുയർത്ത തന്റെ കരേറ്റത്തോടു കൂടെ എന്നെയും തന്റെ രാജ്യത്തിലേയ്ക്കു കൊണ്ടുപോകയും ചെയ്യും. അപ്പഴൊ, നീയിനിക്കു മദ്ധ്യസ്ഥനായി നീ ഇതൊക്കയും നിറ വേറ്റിത്തരിക.

ആ, എന്റെ വിശേഷിക്കപ്പെട്ട തുണയായ അമ്മ മറിയം മഗ്ദലനാ, മറിയം ക്ലെയോപ്പാ, മറിയ ശാലോ എന്ന അമ്മമാരെ, നിങ്ങളോടുകൂടെ യൊവാക്കീം മറിയം എന്ന ദേവമാതാവും ഒന്നിച്ചുകൊണ്ട് കർത്താവും ശിഷ്യരും നടക്കുന്നയിടങ്ങളിൽ നിങ്ങളും നടന്നുകൊണ്ട് ശുശ്രൂഷ ചെയ്തുകൊണ്ടും കർത്താവിൽനിന്ന് അകലാതെ നടന്നതിനാൽ തന്റെ മരണത്തിലും ഉയിർപ്പിലും, തന്നെ കാണ്മാനും എന്നന്നേയ്ക്കും തന്നോടൊന്നിപ്പാനും ഭാഗ്യമായല്ലൊ. ആയതിനാൽ പ്രിയമുള്ള അമ്മ മാരെ അടിയനും കൂടെ നിങ്ങളുടെ മേശയിൽനിന്ന് വീഴുന്ന തീൻനു റുക്കുകളാൽ ജീവിച്ചുവരുന്ന കൽബായ്ക്ക് (നായ) എന്നപോലെ ഈ കർത്താവിനോടും നിങ്ങളോടും ഒന്നിപ്പാനാഗ്രഹിച്ച് ഇതാ വരുന്നേൻ: ആ കർത്താവേ, നിന്റെ മുമ്പിൽ ഓശാന പാടുന്ന പാൽക്കുഞ്ഞു ങ്ങളേയും പാവാടകളാലും വൃക്ഷശാഖകളാലും വഴി അലങ്കരിച്ചു മുന്നും പിന്നും എന്നും കൂടി, 'ദാവീദിൻ പുത്രനായി വരുന്ന രാജാവിനു പുകഴ്ച,' എന്നു കൊണ്ടാടുന്ന ജനങ്ങളോടും കൂടെ കർത്താവെ അടി യനുംകൂടെ കൂടിക്കൊണ്ടു നിനക്കു ഓശാനാ ചൊല്ലുന്നേൻ. ഈ ആര വാരം കണ്ടതിനോടെ പലരുംതന്നെ ആരാധിച്ചു. എങ്കിലും ഈ കൂട്ടം പിരിഞ്ഞാറെ, ആ നഗരിയുടെ ഉള്ളിൽതന്നെയും തന്റെ പ്രിയ ജന ത്തെയും തക്കവിധത്തിൽ കൈക്കൊള്ളായ്കയാൽ കോട്ടയ്ക്കു പുറ ത്തിറങ്ങി ബേസനിയായിൽ എന്റെ അമ്മമാരായ മർത്താമറിയത്തിന്റെ വീട്ടിൽ പോയി വാസം ചെയ്തുവല്ലൊ. ആയതിനാൽ എന്റെ അമ്മ മഗ്ദലേനാമ്മേ! ഈ ദിവസത്തിലും ആഘോഷമായ പുണ്യനേരങ്ങ ളിൽ പലരും കർത്താവിനെ, ഓർമ്മയാൽ ഹൃദയത്തിൽ പാർപ്പിക്കുന്നു. ആഘോഷമില്ലാത്തപ്പോൾ ഓർമ്മിക്കുന്നില്ല എന്നതിനെക്കൊണ്ടു അമ്മെ! ഈ കർത്താവിനെയും മാതാവിനെയും മറ്റും നീ കൂട്ടിക്കൊണ്ടു വന്നു പാവപ്പെട്ട സക്കൈ ആയ അടിയന്റെ ഹൃദയത്തിൽ പാർപ്പിക്കേ ണമെ! അയ്യോ, അമ്മേ ഇവരെ കരേറ്റുവാൻ ഇനിക്കു മഹാ ആഗ്രഹ

മെന്നും നീ കാണുന്നതിനോടുകൂടെ എന്റെ ഹൃദയത്തിൽ വന്നാൽ ഒരിരിപ്പടം കൂടെയും അവരവർക്കു തക്കവണ്ണം കൊടുപ്പാനും അടിയനു വശമില്ലെന്നും നീ അറിയുന്നുവല്ലോ. എന്നാലും എന്റെ അമ്മേ! നിന്നോടു കർത്താവിനുള്ള സ്നേഹം എത്രയും വലുതായിരിക്കയാൽ നീ വിളിക്കുന്നതിനെ കേൾക്കുമ്പോൾ എന്റെ കർത്താവു മഹാ തെളിവോടെ വരികയും ചെയ്യും. എന്നാൽ ഇങ്ങനെ വരുന്നപ്പോൾ തന്നെ, തെളിയിക്കുന്നില്ലെങ്കിൽ നിനക്കു മഹാ സങ്കടമുള്ളതാകുന്നു എന്നു ഞാനും അറിയുന്നു. എന്നതിനാൽ എന്റെ അമ്മെ! നീ ക്ലേശിക്കേണ്ട അതെന്ത്യെ, നിന്നെപ്പോലെ അമ്മെ! എന്നെ സ്നേഹിച്ച്, എന്റെ ദാരിദ്ര്യത്തെ തീർപ്പാൻ ഉത്സാഹിക്കുമെന്ന മറ്റ് അമ്മമാരും ഉണ്ടു ഇതാ നിന്നെപ്പോലെതന്നെ മറിയം എജിപ്ത്, മറിയം കൊർത്തേനാ എന്ന ഈ അമ്മമാരെയും ഏറ്റിപ്പാൻ[1] കർത്താവു സ്നേഹിക്കുന്നതിനാലും അടിയനേയും ഈ അമ്മമാര് പ്രിയത്താൽ സന്ധിച്ചു വരുന്നതാകയാലും ഇവരുടെയും ഹൃദയ ഇരിപ്പടങ്ങളിൽ സന്തോഷത്താൽ താൻ കുടിയിരുന്നുവന്നതിനാൽ ഈ അമ്മമാരും ഇതല്ലാതെയും എന്റെ അമ്മ എന്നെ പെറ്റവൾ. ഈശോയുടെ ത്രേസ്യാ എന്നീ മാതാവിനിയുള്ളതിനാൽ ഈ സിംഹാസനത്തിൽ ഇരിപ്പാൻ തനിക്കു മഹാ സന്തോഷമായിരുന്നതിനാൽ കാലം വരുന്നതുവരെ താമസിപ്പാൻ പാർക്കാതെയും[2] പാതിയെ ആകാശത്തിൽകൂടെയും കൊണ്ടുപോയല്ലൊ. ഇങ്ങനെയുള്ള ഇരിപ്പിടങ്ങൾ ഒക്കെയും ഞാൻ അപേക്ഷിച്ചിരിക്കയാൽ ഈ ദിവസങ്ങളിൽ നീ അപേക്ഷിച്ചു കർത്താവിനെ എഴുന്നള്ളിക്കുമ്പോൾ ഈ സിംഹാസനങ്ങൾ ഒക്കെയും എന്റെ വീട്ടിൽ ഉണ്ടാകുമെന്നും ഞാൻ ഉറച്ചിരിക്കുന്നു എന്നതിനാൽ എന്റെ കർത്താവും തന്റെ മാതാവും ഈ ദിവസങ്ങളിൽ എന്റെ പാവപ്പെട്ട വീട്ടിൽ പാർക്കട്ടെ. എന്നാൽ താൻ എഴുന്നെള്ളുമ്പോൾ നഗരിയെ താൻ കണ്ടുകരഞ്ഞതിൻവണ്ണം എന്റെ ഹൃദയമെന്ന വീടിനെ കരയായ്‌വാൻ നിങ്ങൾ എല്ലാവരുടെയും വീടുകളിൽ ഉണ്ടായി എന്ന് ചമയങ്ങളായാഭരണങ്ങൾ ഒക്കെയും കൊണ്ടു ഈ പാവപ്പെട്ട വീടിനെ അലംകരിക്കണമെന്നും ഞാൻ അപേക്ഷിക്കുന്നു.

ആ എന്റെ സ്നേഹത്തിൻ ദൈവമായ രക്ഷിതാവെ! നീ ഇനിക്കായി നിന്റെ സ്നേഹത്തിൻ കടശി[3] സാക്ഷിയായി നിൻ ശരീരവും ചോരയും

*1. ഏറ്റിപ്പാൻ – അധികമായി.* *2. പാർക്കാതെ-കാത്തിരിക്കാതെ.*

*3. കടശി-അവസാനം.*

തീനും കുടിയുമായി കല്പിച്ചുതന്നതിനാൽ എപ്പഴും നിൻ തിരു പ്പാടുകളും എന്റെ രക്ഷക്കായി നിന്റെ ആയുസും തന്നിരിക്കുന്നതിനെ എപ്പഴും ഓർപ്പാനും ഓർമ്മയോടുകൂടെ കൂദാശപ്രകാരമായിട്ടും അരൂപി ക്കടുത്ത പ്രകാരമായിട്ടും എന്റെ മരണംവരെ എന്നേരവും നിന്നിൽ നിന്നു പിരിയാതെ വിശ്വാസത്തിൻ കണ്ണാൽ എന്നേരവും നിന്നെ കണ്ടുകൊണ്ടു നിന്നോടൊന്നിച്ചിരിപ്പാനും ഈ വിലതീരാത്ത അച്ചാ രവും പണയവും നിമിത്തമായി എന്റെ മരണത്തിൻശേഷവും എന്നേ ക്കുമായി പരലോകത്തിൽ മൂടൽ കൂടാതെ മുഖ്യമായി നിന്നെ കണ്ടു കൊണ്ടും സ്തുതിച്ചും നിത്യകാലവും ഒന്നിച്ചിരിക്കാമെന്നുള്ള ഇള കാത്ത ശരണവും ഇനിക്കു തന്നിരിക്കുന്നതിനാലെയും ഇതിനാൽ ആയിടത്തിൻ നിന്റെ അളവില്ലാത്ത മഹിമപ്രതാപത്തിനു തക്കവണ്ണം എണ്ണമില്ലാത്ത മഹാമുഖ്യ സ്വരൂപികളും അവരുടെ ധവള കർത്തവ്യ ന്മാരായ മിഖായേൽ, ഗൗറിയേൽ, റപ്പായേൽ, ഗെല്ലാസ്യെൻ, യൂറി യേൽ, നുറിയേൽ, ബറാക്കായേൽ എന്ന ഈ ഏഴുസേനാപതികളോ ടുകൂടെ ഒന്നിച്ച് ഒൻപതുവൃന്ദമാലാഖാമാരും ആദിമാതാ പിതാക്കളായ ആദം, ഹാവാ മുതലായ ബാവാന്മാരും മേല്പട്ടക്കാരായ ശ്ലീഹന്മാർ, സഹദേന്മാര്[1] മൗദിയായാന്മാറ്, അരണ്യസന്യാസികൾ, കന്യാസ്ത്രീ കൾ ശു. സകല സ്ത്രീപുരുഷന്മാരും അവരുടെ ബ്രഹ്മചര്യാശോഭയാൽ മാലാഖാമാർക്കു ശരിയായി വിളങ്ങുന്ന കുഞ്ഞിപ്പൈതങ്ങൾ ഇങ്ങ നെയുള്ള മനുഷ്യവർഗ്ഗങ്ങളെല്ലാം കൂടി ഈ വർഗ്ഗത്തിൽ കടിഞ്ഞൂലായ രക്ഷിതാവിനോടും തന്റെ പരി. ദേവമാതാവിനോടുംകൂടെ ഒന്നായിട്ടു അനാദിപ്പിതാസുതൻ പരിശുദ്ധാത്മാ എന്ന ശു. ത്രീത്വൈക സർവ്വേശനെ സ്തുതിക്കയും തന്റെ മക്കളായ ഈ സകലസുമത്തെ അസുമത്തെ എന്നയിവരുടെ മേലുള്ള തന്റെ പിതാവിനടുത്ത ആശീർവ്വാദകടാ ക്ഷവും ഈ നശിച്ചുപോയ മനുഷ്യവർഗ്ഗത്തെ തന്റെ മനുഷ്യവർ ഗ്ഗത്താൽ വീണ്ടുരക്ഷിച്ച പിതാവിന് കാഴ്ചവെക്കുന്നതിനാൽ തന്റെ ഏക സുതന്നു താൻ ചെയ്യുന്നു എന്ന പിതാവിനടുത്ത ബഹുമാനവും ഇതിനാൽ എന്റെ രക്ഷനാഥനെ തന്നെ സകല മോക്ഷവാസികൾ സ്തുതിക്കുന്ന സ്തുതികളും ഈ പുഴുവായ ഞാനും കാണ്മാൻ ഇടവരു മെന്നു എപ്പഴും ഓർത്തു സന്തോഷിപ്പാനായി എന്നിൽ എഴുന്നെള്ളി വരുവാൻ തിരുമനസ്സായി എന്ന കർത്താവെ! ഇതാ ഈ എന്റെ ഹൃദയം തുറന്നിരിക്കുന്നു. നിനക്കെത്രയും ഇഷ്ടമുള്ള ഇരിപ്പിടമായ എന്റെ

*1. സഹദേന്മാർ–രക്തസാക്ഷികൾ.*

ദേവമാതാവിൻ തിരുമടിയെ എന്റെ ഹൃദയത്തിൽ ഞാൻ വച്ചിരിക്കുന്നു. ഇതിൽ നീ എഴുന്നെള്ളിയിരിക്കേണമെ! അമ്മയുടെ മടിയിൽ ഇരിക്കുന്നു എന്ന കുഞ്ഞുമകൻ എത്രയൊ സന്തോഷത്തോടുകൂടെ അവിടെയിരുന്നുകൊണ്ടു തെളിയുന്നു എന്നതിൻവണ്ണം എന്റെ രക്ഷിതാവേ! ഈ മാതാവിൻ തിരുമടിയിൽ ഇരിക്കുന്നു എന്ന നേരത്തിൽ ഈ അമ്മ പ്രിയത്തോടുകൂടി എന്തു കല്പിക്കുന്നുവോ, ഒക്കെയും ആ കുഞ്ഞു ചെയ്യുന്നു. എന്നതിനാൽ ഈ നേരത്തിൽ ഈ അമ്മ അരുളിചെയ്യുന്നതിനെ നീ കേൾക്കണമെ! 'ആ പ്രിയമുള്ള എന്റെ മകനെ; എന്നെ സൃഷ്ടിച്ച എന്റെ ഉടയവനേ നിന്റെ അടിയാട്ടിയും[1] അമ്മയുമായ ഞാൻ ബോധിച്ചിരിക്കുംവണ്ണം ദുഃഖസാഗരത്തിൽ മുഴുകി ഗാഗുൽത്താമലയിൽ തന്റെ മരണക്കട്ടിലായ കുരിശുമരത്തിൻസമീപേ, നിൽക്കുന്നപ്പോൾ നിൻതിരുമരണത്തിൻ സമയത്തിൽ ഈ നിന്റെ അമ്മയെ തൃക്കൺപാർത്തുകൊണ്ടു, നിന്റെ പുത്രൻ ഇതാ എന്നും നീ അരുളിചെയ്തുകൊണ്ടു ഈ പാവപ്പെട്ട കുര്യാക്കോസിനേയും നീയിനിക്കു മകനായിട്ടു ഏല്പിച്ചുതന്നുവല്ലൊ. ഇതാ എന്റെ പാദത്തിൻ പക്കൽ അണഞ്ഞുകൊണ്ട് അവന്റെ പാപങ്ങളിന്മേൽ മുഴുവൻ മനസ്താപപ്പെട്ടുകൊണ്ടു നീ അവന്റെ സകല പാപങ്ങളും പാപത്താലുള്ള ശിക്ഷകളും അവനോടു പൊറുത്തു മുഴുവൻ മാപ്പുചെയ്തു മാമ്മോദീസായിൽ കൊടുത്തിരുന്ന ഇഷ്ടപ്രസാദം കൊടുക്കുന്നതുമല്ലാതെയും ഈ ഇഷ്ടപ്രസാദം ഇനി മരണപര്യന്തം പോയിപ്പോകാതിരിപ്പാനും ഉറപ്പും നിന്റെമേലുള്ള സ്നേഹത്തിൻ മേൽക്കുമേലുള്ള വർദ്ധിപ്പും മരണപര്യന്തം നിന്നെയുള്ള[2] ഓർമ്മയോടെ നടപ്പാനും മരണനേരത്തിൽ നിന്റെ വളർത്തുപിതാവായ എന്റെ ഭർത്താവിന്നു നീ കൊടുത്ത ഭാഗ്യമരണത്തെക്കുറിച്ചു നീയും ഈ നമ്മുടെ ഭർത്താവും ഞാനും കൂടെ മരണനേരത്തിൽ അവനെ തുണച്ചു ശത്രുയോഗ്യം കൂടാതെ ആത്മാവിനെ എടുത്ത് നമ്മോടുകൂടെ പരലോകത്തിൽ കൊണ്ടുപോകണമെന്നുള്ള ഈ അപേക്ഷകൾ ഒക്കെയും നീ കൈക്കൊണ്ടു എന്നുള്ള അടയാളത്തിനായി നിന്റെ തൃക്കാലുകളെ അവന്നു നീട്ടിക്കൊടുക്കേണമെ!

1. *അടിയാട്ടി-ദാസി.*
2. *നിന്നെയുള്ള-നിന്നോടുള്ള*

# ധ്യാനാരംഭക്രമം

ശുദ്ധമാകപ്പെട്ട: + മുഴുവൻതേറ്റം

സർവ്വ വല്ലഭമുള്ള[1] തമ്പുരാനേ! ഞാനിപ്പോൾ ഇവിടെ നിന്റെ തിരു മുമ്പാകെ നിൽക്കുന്നുവെന്നു ഉറപ്പായിട്ടു വിശ്വസിക്കുന്നു. എന്നാൽ ഞാൻ പലപ്പോഴും ഉപദ്രവിച്ച, അറ്റമില്ലാത്ത മഹിമപ്രതാപമുള്ള തമ്പുരാന്റെ മുമ്പാകെ വന്ന് നിൽക്കുന്നതിനു ഞാൻ യോഗ്യനാകുന്നതെങ്ങിനെ?

ആ കർത്താവെ! നിന്റെ തൃക്കൺമുമ്പാകെ, നിൽക്കുന്നതിനേക്കാൾ നരകപാതാളത്തിൽ അടയ്ക്കപ്പെടുവാൻ ഉള്ളതിന് ഞാൻ യോഗ്യനായിരിക്കുന്നു. എങ്കിലും നിന്റെ അറുതിയില്ലാത്ത പിതാവിനടുത്ത അനുഗ്രഹത്തിന്മേൽ ആശ്രയിച്ചു ശരണപ്പെട്ടു ഇവിടെ നിൽക്കുന്നേൻ. ചെയ്ത ദോഷങ്ങളെ ഓർത്ത് ലജ്ജപ്പെട്ടുതേറുന്നേൻ[2]

പട്ടാങ്ങയായിട്ടു നിന്നെ ആരാധിച്ചു കുമ്പിടുന്നേൻ. ഇപ്പോൾ ഞാൻ ധ്യാനിപ്പാൻ പോകുന്ന കാര്യങ്ങളുടെ താല്പര്യം വേണ്ടുംവണ്ണം കണ്ടുപിടിക്കേണ്ടതിനും നിന്റെ സ്തുതിക്കും ബഹുമാനത്തിനും ഞങ്ങളുടെ ദാരിദ്ര്യപ്പെട്ട ആത്മത്തിന്റെ ഉപകാരത്തിനും വേണ്ടിയിരിക്കുന്ന ഉന്നത ഫലങ്ങൾ അനുഭവിക്കുന്നതിനും കുരുടനായ എന്റെ ജ്ഞാനക്കണ്ണുകൾ തുറന്നു തെളിക്കണമെന്നും ഞങ്ങളുടെ തണുക്കപ്പെട്ട ഹൃദയത്തെ ഉഷ്ണിപ്പിക്കണമെന്നും നിന്നോടു ഞാൻ പ്രാർത്ഥിക്കുന്നു. ആമ്മേൻ.

എത്രയും ശുദ്ധമാന കന്യാസ്ത്രി മറിയമെ! തമ്പുരാന്റെ അമ്മെ! ദോഷത്താളരുടെ[3] സങ്കേതയിടമാകുവാൻ നീ അരിശപ്പെടുന്നില്ല എന്നു വരുമ്പോൾ ഞങ്ങൾ അനേകം പാപങ്ങൾ ചെയ്ത ദോഷത്താളരാകുന്നു എന്നുവരികിലും ഇനിമേലിൽ നിന്റെ വിശ്വാസമുള്ള അടിയാരായി ജീവിപ്പാൻ അനുഗ്രഹിക്കകൊണ്ടു ഞങ്ങളുടെ ഹൃദയത്തിന്റെ അഴിവൊ[4]ക്കെയോടുകൂടെ നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു. ഞങ്ങൾക്കു വേണ്ടി ചിന്തപ്പെട്ട നിന്റെ വാഴ്ത്തപ്പെട്ട പുത്രന്റെ മാണിക്യമായ ചോരയെപ്രതിയും നിന്റെ വ്യാകുല ദുഃഖത്തെ പ്രതിയും ഈ ദിവസത്തിൽ ഞങ്ങളെ നീ സഹായിക്കണമെന്നും വല്ലൊരു ദോഷത്തിലും വീഴുന്നതിനു മുമ്പെ, ഭൂമിയിലെ ഞെരുക്കങ്ങളും സങ്കടങ്ങളും ഞങ്ങൾക്കു

---

*1. വല്ലഭമുള്ള-വല്ലഭത്വമുള്ള. 2. തേറുക-പശ്ചാത്തപിക്കുക (മാപ്പപേക്ഷിക്കുക).*

*3. ദോഷത്താളർ-പാപികൾ. 4. അഴിവ്-അലിവ്.*

വേണ്ടി കടാക്ഷിക്കണമെന്നും നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. അയ്യോ, മനഗുണത്തിന്റെ അമ്മെ! ഇനി എങ്കിലും ഞായം[1] വിധിക്കുന്ന നിന്റെ പുത്രനെ അരിശപ്പെടുത്തായ്‌വാനും വിനാഴികനേരത്തെ മൃഗ ത്തിനടുത്ത അനുകൂലം കൊണ്ടും പ്രസാദം കൊണ്ടും എന്നന്നേയ്ക്കു മുള്ള ദുരിതങ്ങളെ ഞങ്ങൾ തേടായ്‌വാനും നീ സഹായിക്കണമെ!

# ശുദ്ധ. ദേവമാതാവിനെക്കുറിച്ചുള്ള ജപം

എന്റെ ഈശോയെ അനുഗ്രഹിക്കണമെ. എന്റെ ഈശോയെ നീ കോപിച്ചിരിക്കുന്നു. നിന്റെ കോപം ഞായമുള്ളതാകുന്നു. എന്നാൽ ഇപ്പോൾ ഞങ്ങളുടെ പാപങ്ങളെ നോക്കാതെ നിന്റെ പ്രിയപ്പെട്ട മാതാ വായ കന്യാസ്ത്രീ മറിയത്തിനെ നോക്കണമെ. ഞങ്ങൾക്കുവേണ്ടി കണ്ണുനീർ ചിന്തിയ ആ തൃക്കണ്ണുകളെക്കുറിച്ചും ഞങ്ങളുടെ മേലുള്ള ദയവുകൊണ്ടു നെടുവീർപ്പുകളെ വിട്ടു എന്ന ആ ചുണ്ടുകളെക്കുറിച്ചും ഞങ്ങളുടെമേലുള്ള പ്രിയത്താൽ ഒരു വാളാൽ പിളർക്കപ്പെടുമെന്ന ആ, എത്രയും മുദുവായിട്ടുള്ള തിരുഹൃദയത്തെക്കുറിച്ചും ഞങ്ങളോട് പൊറുക്കണമെ. നീ ഉണ്ണിയായിരുന്നപ്പോൾ കിടന്നതും മരിച്ചിരിക്കു മ്പോൾ നിന്നെ തഴുകിയതുമായ മറിയത്തിന്റെ തിരുഹൃദയം ഇതാ യിരിക്കുന്നു. നിന്റെ തിരുമേനിയിലും തിരുമുറിവുകളിലും ഏറിയ മുത്ത ലുകൾ[2] മുത്തിയ തിരുച്ചുണ്ടുകൾതന്നെ അവയായിരിക്കുന്നു. ഉണ്ണിയാ യിരിക്കുമ്പോൾതന്നെ നിന്നെ പ്രസാദിപ്പിച്ചതും രക്തം നിറഞ്ഞ തിരു മുറിവുകളെ കണ്ണുനീരാൽ തഴുകിയതുമായ തിരുക്കണ്ണുകൾ അവയാ യിരിക്കുന്നു. ആ, എന്റെ ഈശോയെ! നിന്റെ പ്രിയപ്പെട്ട മാതാവായ മറിയത്തിന്റെ ആ തൃക്കണ്ണുകളെക്കുറിച്ചും ആ തിരുച്ചുണ്ടുകളെക്കു റിച്ചും ആ തിരുഹൃദയത്തെക്കുറിച്ചും ഞങ്ങളുടെമേൽ കൃപയായിരി ക്കണമെ! എന്റെ ഈശോയെ നിന്റെ കോപത്തെ അമർത്തിക്കൊള്ള ണമെ. മറിയത്തിന്റെ തിരുഹൃദയം ഞങ്ങൾക്കുവേണ്ടി വ്യസനപ്പെ ടുന്നു. ആ തിരുച്ചുണ്ടുകൾ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കുന്നു. അനു ഗ്രഹത്തിന്റെ കണ്ണുകളായ ആ തിരുക്കണ്ണുകൾ നിന്റെമേലും ഞങ്ങളു ടെമേലും തിരിഞ്ഞു തൃക്കൺപാർക്കുന്നു. നീ ഇതൊക്കെയും കണ്ടിട്ട്, അനുഗ്രഹിക്കാതെ കോപമായിരിക്കുമോ? ഞങ്ങൾ ചെയ്ത പാപം

*1. ഞായം – ന്യായം. 2. മുത്തലുകൾ – ക്രംബനങ്ങകൾ*

കഠിനമായ പാപം ആയിരിക്കകൊണ്ടു കൃപകിട്ടുവാൻ യോഗ്യമില്ല എങ്കിലും നിന്നോടു അപേക്ഷിക്കുന്നതാര്. നിന്നോടു പറയുന്നതാര്. അതായത്, നിന്റെ പ്രിയപ്പെട്ട മാതാവായ മറിയത്തിന്റെ തിരുഹൃദയം നിന്നോടപേക്ഷിക്കുന്നു. അവരുടെ തിരുച്ചുണ്ടുകൾ നിന്നോടു പറയുന്നു. അവരുടെ തിരുക്കണ്ണുകൾ നിന്നെ തൃക്കൺപാർക്കുന്നു. ആ, എന്റെ ഈശോയെ ഇത്ര കോപമായിരിപ്പാൻ നിനക്കുവഹിയാ. ഇതിൻ വണ്ണമുള്ള മാതാവു അപേക്ഷിക്കുന്നതെല്ലാം കൊടുക്കാതെ ഇരിപ്പാൻ പാടില്ല. ആയതുകൊണ്ടു എന്റെ ഈശോയെ ഞങ്ങൾക്കു മാതാവും സങ്കേതവുമായ പരിശുദ്ധ മറിയത്തിന്റെ തിരുമുഖത്തെക്കുറിച്ചു ഞങ്ങളുടെമേൽ അനുഗ്രഹമായിരിക്കണമെ. ആമ്മേനീശൊ.

ഞങ്ങളുടെ കർത്താവീശോമിശിഹായേ, നീ എവിടെ ആകുന്നു എന്നും എന്റെ ഹൃദയം ഒക്കെയും നീ കാണുമെന്നും നിരൂപിച്ച് ഇതാ നിന്റെ തിരുമുമ്പിൽ മുട്ടുകുത്തി നില്ക്കുന്ന അയോഗ്യമഹാപാപിയും വലിയ നന്ദികെട്ടവനും ഞാൻ ആയി. കർത്താവേ, നീ ഇനിക്കു ചെയ്തു തന്ന ഉപകാരങ്ങൾ ഒക്കെയും ഞാൻ മറന്നു, അയ്യൊ. എന്റെ പട്ടാങ്ങയായ പിതാവെ! ഇത്രനേരവും എന്നോടു ക്ഷമിച്ചതുപോലെ കുറഞ്ഞൊരു നേരംകൂടെ എന്നോടു നീ ക്ഷമിക്കണമെ. എന്റെ ദോഷത്തിനടുത്ത പ്രായശ്ചിത്തം എത്തിപ്പാൻ ഇനിക്കു നീ ഇടകൂട്ടണമെ. എന്റെ സർവ്വേശ്വരാ, ഇന്നത്തെ ധ്യാനത്തിൽ നിന്നോടു പറഞ്ഞൊത്തതു പോലെ ഞാൻ ഇരുന്നില്ല. ആയതുകൊണ്ട് എന്റെ ഹൃദയം ഒക്കെയോടുംകൂടെ നിന്നോടു ഞാൻ പറഞ്ഞൊത്തു തേറുന്നു. മേലാൽ ഒരിക്കലും നിന്റെ പ്രമാണത്തിനു വിഘ്നം വരുത്താതെ, നടക്കുന്നുണ്ടെന്ന് എന്റെ ശക്തിഒക്കെയോടുംകൂടെ നിന്നോടു ഞാൻ പറഞ്ഞൊക്കുന്നു. ആമ്മേൻ.

ദേവമാതാവിനെ ചുറ്റുന്ന 12 നക്ഷത്രങ്ങളെക്കുറിച്ച് 12 നന്മ. മുമ്മാസുഖം മാതാവിന്നു കൊടുത്ത വരപ്രസാദങ്ങളെക്കുറിച്ചു മുമ്മസുഖത്തിനു സ്തുതിയായിട്ട് 3 ത്രിത്വസ്തുതിയും പാപികളുടെ മനസ്സുതിരുവിനുവേണ്ടി 1 നന്മ. നമസ്കരിച്ചുകൊള്ളണം.

1867 മീനം 1-ാം തീയതി സർവ്വേശ്വരൻ ഇന്നു ഏറിയ അനുഗ്രഹം ചെയ്തു.

എനിക്ക് എന്റെ ആത്മഗുരു പെ. ബ. ദെലഗാദായ മൂപ്പച്ചനും എത്രയും വലിയ ഒരു ദു:ഖം വന്നാറെ നമ്മുടെ കന്യാസ്ത്രീകളെക്കൊണ്ടു

3 രാജകന്നി 3 എത്രയും ദയവുള്ള മാതാവേ, എന്ന ജപവും അപേക്ഷി പ്പിച്ചു. ഉടൻ ഈ ഉണ്ടായ മലപോലെ വന്നകാര്യം, മാതാവു പൂപോലാ ക്കുകയും ചെയ്തു.

# ധ്യാനക്കുറിപ്പുകൾ

ചാവറയച്ചന്റെ കൃതികളിൽ ഇതുവരെ വെളിച്ചം കണ്ടിട്ടില്ലാത്ത ഒരു ഭാഗമാണ് 'ധ്യാനക്കുറിപ്പുകൾ' എന്ന പേരിൽ ഇവിടെ പ്രസിദ്ധീ കരിക്കുന്നത്.

ഉള്ളടക്കത്തിൽ നിന്നു വ്യക്തമാകും ഇവ പട്ടക്കാർക്കുവേണ്ടി ചാവറയച്ചൻ എഴുതിട്ടുള്ളവയാണെന്ന്. അഞ്ചു ധ്യാനങ്ങളാണ് ഇതിൽ അടങ്ങിയിരിക്കുന്നത്:

1. ദൈവവിളിയിന്മേൽ ധ്യാനം[1]
2. ദൈവ മനോഗുണങ്ങളിന്മേൽ ധ്യാനം
3. ചാവുദോഷത്തിന്മേൽ ധ്യാനം
4. രണ്ടച്ചന്മാരുടെ വേല എന്നതിന്മേൽ ധ്യാനം
5. ഭക്തിയില്ലാത്ത പട്ടക്കാരന്റെ മരണം.

## ഗ്രന്ഥകർത്താവ്

കൈയെഴുത്തു കൃതിയുടെ ആദ്യപേജിൽ ഇങ്ങനെ ഒരു കുറിപ്പു കാണുന്നു: 'വന്ദ്യപിതാവു മലയാളത്തിൽ കർമ്മലീത്താ മൂന്നാംസഭ യുടെ സ്ഥാപനക്കാരനും ഒന്നാം പ്രിയോരു ജനറാളുമായ എ. പെ. ബ. ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ തന്റെ സ്വന്തം കൈ അക്ഷര ത്താലെ എഴുതിയ ധ്യാനം ഉപദേശമാകുന്നു.

ഓർമ്മക്കു സൂക്ഷിക്കണം.

ക. നി. മു. സ. ഈറാനിമോസച്ചൻ 1909 കന്നി - 7'

ഈ സാക്ഷ്യം നൽകുന്ന ഈറാനിമോസച്ചനാവട്ടെ ചാവറയച്ചൻ കൂനമ്മാവിൽ താമസിക്കുമ്പോൾ സഭയിൽ യോഗാർത്ഥിയായി അവിടെ താമസിക്കുന്നുണ്ടായിരുന്നു. ചാവറയച്ചൻെറ അന്തിമദിവസ

1. *ചാവറയച്ചൻ കൈയെഴുത്തിൽ നൽകിയിരിക്കുന്ന ശീർഷകങ്ങളാണിവ.*

ങ്ങളിൽ അദ്ദേഹത്തിനു ശുശ്രൂഷ ചെയ്തിട്ടുമുണ്ട്. ഇരുപതു കൊല്ലത്തിലേറെ അദ്ദേഹം മാന്നാനം ഗൊവന്തയിൽ ലൈബ്രേറിയൻ എന്നനിലയിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. അദ്ദേഹം മാന്നാനത്തുള്ള കൈയെഴുത്തു കൃതികൾ പലതും തരംതിരിച്ചു ക്രമപ്പെടുത്തിയിട്ടുണ്ട്. അക്കൂട്ടത്തിലായിരിക്കണം മേൽപ്പറഞ്ഞ കുറിപ്പു സ്വന്തപരിചയത്തിൽ നിന്നുതന്നെ എഴുതി ഒപ്പുവച്ചിരിക്കുന്നത്.

പുസ്തകത്തിന്റെ ഉള്ളിലേക്കു കടന്നാലും തെളിവുകൾ സുലഭമാണ്. ഉദാ. 11-ാം പേജിൽ പറഞ്ഞിരിക്കുന്നതു നോക്കുക: "ഇതാ സർവ്വേശ്വരൻതമ്പുരാൻ നിന്നെ അധികമായിട്ടു പ്രിയപ്പെട്ട് അജ്ഞാനികളിൽനിന്നു നിന്നെ ഉത്ഭവിപ്പിക്കാതെയും മാമ്മോദീസാക്കാരായ കാരണവന്മാരിൽനിന്നു നിന്നെ ജനിപ്പിച്ചതുമെന്നിയെ, വയറ്റിൽ വെച്ചുതന്നെ മരിച്ചുപോകാതെ അധികസൂക്ഷത്തോടെ പാർത്ത്..."

ആത്മാനുതാപം എന്ന കൃതിയിൽ ഇതേ ആശയങ്ങൾതന്നെ അദ്ദേഹം തന്നെക്കുറിച്ചുതന്നെ ആലപിക്കുന്ന ഗീതങ്ങളാണ് ഇവ.

ധ്യാനസല്ലാപങ്ങൾ എന്ന തന്റെ കൃതിയിൽ ചാവറയച്ചൻ ദൈവത്തെ 'അപ്പൻ' എന്ന പദംകൊണ്ടാണ് ചിത്രീകരിക്കുന്നത്. ഈ ധ്യാനങ്ങളിൽ 9-ാമത്തെ പേജിൽ പ്രസ്തുത ആശയം അദ്ദേഹം ആവർത്തിക്കുന്നുണ്ട്. ഇപ്പറഞ്ഞവയിൽനിന്നും വ്യക്തമാണ് ചാവറയച്ചൻ തന്നെയാണ് ഈ കൃതിയുടെ ഗ്രന്ഥകർത്താവെന്ന്.

മൂലപ്രതി, ചാവറയച്ചന്റെ കൈപ്പടയിലുള്ളത് ഇന്നും മാന്നാനത്തു സൂക്ഷിക്കുന്നുണ്ട്. 16.8X11 സെന്റിമീറ്റർ അളവിലുള്ള ഒരു ചെറു ബുക്കിലാണ് ഈ ധ്യാനങ്ങൾ എഴുതിയിരിക്കുന്നത്. 32 പേജുകളാണ് ഈ ബുക്കിലുള്ളത്.

ഇതിലെ ധ്യാനരീതി പഴയതെങ്കിലും, മനുഷ്യഹൃദയങ്ങളെ ഇന്നും തട്ടിയുണർത്തുന്നതിന് ഇവ പര്യാപ്തമാണ്. ഗ്രന്ഥകാരന്റെ വ്യക്തിത്വവും ദൈവത്തോടുള്ള തന്റെ യോജ്യതയും ഓരോ പേജിലും നമുക്കു ദർശിക്കാവുന്നതാണ്.

# ര. മ. യ.
# ദെയവവിളിമെൽ ധ്യാനം

ദെയവശുശ്രൂഷി[1] ആയ ആത്മാവെ! എന്തു ചെയ്യുന്നു! എവിടെ പൊകുന്നു! ഈ കഴിച്ചുവരുന്ന ജീവിതം കൊണ്ടു നീ എങ്ങനെ ആയിത്തീരും. ഇപ്പോൾ നടക്കുന്നവഴി എവിടെയ്ക്കു നിന്നെ കൊണ്ടുപോകും. വഴിയാത്രക്കാരനായിരിക്കുന്നവൻ വഴിയിൽ വച്ചുതന്നെ കൂടെക്കൂടെ നിന്ന അവൻ നടക്കുന്നവഴി നെരെയുള്ളതൊ അല്ലയൊ എന്ന അവന്റെ മനംകൊണ്ടു വിചാരിച്ചുവരുന്നു. എന്നതിൻ വണ്ണംതന്നെ നിത്യത്തിലേയ്ക്കു യാത്രക്കാരനായിരിക്കുന്ന നീയും അല്പനേരം നിന്നു. നീ ഇപ്പോൾ നടക്കുന്ന വഴി മോക്ഷത്തിന്നു നിന്നെ കൊണ്ടുപോകുന്ന വഴിയൊ? നരകത്തിനു കൊണ്ടുപോകുന്ന വഴിയൊ? എന്നു വഴിപോലെ സൂക്ഷിച്ചു വിചാരിപ്പാൻ ന്യായമായിരിക്കുന്നു. എന്നാൽ ഈ എത്രയും സാരമായിട്ടുള്ള കാര്യം സൂക്ഷമായിട്ടു വിചാരിക്കുന്നതിന ഈ മുഴുവൻ ധ്യാനത്തിന്റെ ദിവസങ്ങളിൽ ദെയവസ്വരം തന്റെ പക്കലൊട്ടു നിന്നെ വിളിക്കുന്നു. ആ ദെയ[2] ശുശ്രൂഷിയായ ആത്മാവെ നീ ലോകമായകളിൽ നിന്നകന്ന് വീടുകുടി, അപ്പൻ, അമ്മ, സ്നെഹിതർ, ലോകസുഖഭോഗ ശ്ലാഘ്യ[3]ങ്ങൾ സ്നെഹിതരു പ്രിയപ്പെട്ടവരു മുതലായ വിനോദപൗരുഷങ്ങൾ ഒക്കയും വിട്ടുപിരിഞ്ഞ പുണ്യത്തിന്റെ സംകെതമായിരിക്കുന്ന തംപുരാന്റെ ദെവാലയത്തിൽ ചെർന്നതു തന്റെ ശുശ്രൂഷയിൽ ഉൾപ്പെട്ടതും എന്തിന്നു? ഈ ലോകം നിനക്കു സമർപ്പിച്ചിരുന്ന ലോക ഭാഗ്യദ്രവ്യ സുഖലീലകൾ മറ്റും സന്തൊഷങ്ങളും നീ വെറുത്തുപേക്ഷിച്ച ശരീര അനിഷ്ടങ്ങളും ബുദ്ധിമുട്ടുകളും ഞെരിക്കങ്ങളും നിനക്കു വരുത്തുന്നു എന്ന ഈ അന്തസ്തിൽ നീ കരെറിയത എന്തിന്നു. പക്ഷെ അധിക സമാധാനത്തൊടും ബഹുമാന ദ്രവ്യപുഷ്ടിയൊടുംകൂടെ ലൊക ഇമ്പങ്ങളും വിനൊദസുഖങ്ങളും അനുഭവിപ്പാൻ ആയിരിക്കുമൊ? അല്ലംകിൽ അധികസന്തൊഷത്തൊടും ബഹുമാനത്തൊടുംകൂടെ നിന്റെ ആയുസ്സിനെ കഴിപ്പാൻ ആയിരിക്കുമൊ? അല്ല പിന്നെയൊ നിന്റെ ദിവ്യഗുരുവായിരിക്കുന്ന ഈശൊമ്ശിഹായ്ക്കു പിൻചെല്ലുന്നതിനും തന്റെ ഭാവനായി സകലത്തിലും നടന്നു തന്റെ തിരുചൊര എന്നു മതിച്ചു

*1) ദെയവ-ദൈവ. 2. ദെയ-ഭയ. 3. ശ്ലാഘ്യം-അഭിനന്ദനം.*

കൂടാത്ത വെലയാൽ വാങ്ങിച്ചിരിക്കുന്നതിന്റെ ആത്മത്തിനെയും ശെഷം കൂടപ്പിറപ്പുകളുടെ ആത്മാവുകളെയും തനിക്കു ചെർപ്പാനായി പാപത്തിൽനിന്നു ഒഴിയുന്നതിനും മറ്റവരെ ഒഴിക്കുന്നതിനും പുണ്യങ്ങളെ ചെയ്യുന്നതിനും മറ്റവരെക്കൊണ്ട ചെയ്യിക്കുന്നതിനും അത്രെ ഈ അന്ധസ്തിന്ന നിന്നെ താൻ വിളിച്ചു എന്നാൽ ദെയവ ശുശ്രൂഷിയായ ആത്മാവെ! ഇതവരെ നിന്റെ ദിവ്യഗുരുവിനെ അനുഗമിക്കുന്നതിനും തന്റെ മാതൃകയായി പുണ്യവഴിയിൽ നടക്കുന്നതിനും നിന്റെ ശക്തിയ്ക്കും കടത്തിനും തക്കവണ്ണം നീ പ്രയാസപ്പെട്ടിട്ടുണ്ടോ? അയ്യോ നിന്റെ ജീവിതത്തിമ്മെൽ ചൊതന[1] ചെയ്ത വഴിപോലെ നിന്റെ പ്രവൃത്തികളെ സൂക്ഷിച്ചുനൊക്കുന്നു എന്നുവരികിൽ ഒരു ദിവസം പോലും നല്ല പുണ്യത്തൊടുകൂടെ കഴിച്ചിട്ടില്ലെന്നു കാണുകയും ചെയ്യും. ഇതുമെന്നിയെ നിന്റെ ആത്മാവിനെ രക്ഷിച്ച മറ്റവരെയും രക്ഷിപ്പാൻ തക്കവണ്ണം നീ വേല ചെയ്യവാൻ അവരുടെ ആത്മാവുകൾക്കും കൂടെ നീ കടക്കാരനായിരിക്കയിൽ ഈ നിന്റെ സ്വന്ത കടത്തിന്നടുത്ത കാനോനാ നമസ്കാരം പൂജധ്യാന ജപങ്ങൾ മുതലായതിനെ പലപ്പൊഴും അന്യവിചാരങ്ങളോടുകൂടെയും ഭക്തിയില്ലാതെയും മനംമടിയോടും കഴിച്ചുകൂടി എങ്കിൽ മതിയായിരുന്നു എന്നുള്ള ഭാവംപോലെയും നിറവേറ്റി എന്നു കാണുകയും ചെയ്യും.

ഞാൻ ശുദ്ധമുള്ളവനാകയാൽ ഇനിയ്ക്കണയുന്നവരായ നിങ്ങളും ശുദ്ധമുള്ളവരായിരിപ്പിൻ എന്ന താൻ കല്പിച്ചിരിക്കയിൽ വാഴ്ത്തപ്പെട്ട കൂടപ്പിറപ്പെ! ഈ എത്രയും വെടിപ്പും ശുദ്ധവും നിറയപ്പെട്ടിരിക്കുന്ന ഈ സർവ്വേശ്വരന്റെ ദെവാലയത്തിലും എത്രയും മഹിമയുള്ള തന്റെ അൾത്താരയിലും സ്രാപ്പെ ക്രൊവേ എന്ന ഉയരപ്പെട്ട അരൂപികൾ ഈ തന്റെ മദബഹായിൽ പെടിച്ചും വിറച്ചും നിന്നുകൊണ്ട നിന്റെ കയ്യാലെ എടുക്കയും മുറിക്കയും പകുക്കയും കൊടുക്കുകയും ചെയ്യുന്ന ഈ ശു. ദൈയവ രഹസ്യത്തിൽ തിരുമുൽ സാഷ്ടാംഗ വന്നനാ ചെയ്യുന്നു. എന്ന ഈ മെല്പട്ടവരായ മാലാഖമാര തന്റെ തിരുമുഖത്തിൽ ക്രമം കൂടാതെ നോക്കുവാൻ ശക്തമാകുന്നില്ല എന്ന ഈ തമ്പുരാന്റെ അൾത്താരയിൽ ദിവസംപ്രതി ഏതൊരു പ്രകാരം നീ കരെറിവരുന്നു എന്നും നീ സൂക്ഷിച്ചുനോക്കുക. ആടും കാളയും അറുത്തു പൂജിച്ചിരുന്ന കാലത്തിൽ അല്പമായ ആചാരക്കുറവൊടെ ഈ പൂജയ്ക്കും മദബഹായിയ്ക്കും അടുത്തു ചെന്നതിനാൽ ഉടൻ വീണുമരിക്കയും

1. *ചൊതന–ശോധന*

നീ പുറപ്പെട്ട ദെഹപ്പിക്കയും ചെയ്തു. എന്നാൽ ഭക്തിയുള്ള കൂടപ്പിറപ്പെ നീ അണയുന്നു എന്നുള്ള ഈ മദബഹായിൽ മുട്ടാടും മൂരിയും കാളയും അല്ല, അറുക്കപ്പെടുന്നതും ചെങ്ങാലി മാടപ്രാവുകളുടെ മാംസവും അല്ല പിന്നെയൊ? പിന്നെയൊ ഉണ്ടാകട്ടെ എന്ന അരുളിചെയ്ത ഒരു തിരുവചനത്താൽ സർവ്വതും ഉണ്ടായതും അപ്രകാരം ഒരു വചനത്താൽ സർവ്വതും ഇല്ലാതെ ആക്കുവാനും വശമാകുന്നു എന്ന സർവ്വെശ്വരന്റെ ഏക പുത്രനെ തന്നെ നിന്റെ കൈകളിൽ എടുക്കയും ദിവസം പ്രതി നിന്റെ ഹൃദയത്തിൽ എഴുന്നള്ളിക്കയും ചെയ്യുന്നു. എന്നനിന്റെ കൈകളും നാവും ഹൃദയവും എത്രയൊ ശുദ്ധമുള്ളതാകുവാൻ ആവശ്യമായിരിക്കുന്നു! അയ്യയ്യൊ കർത്താവെ! പൂർവ്വകാലത്തിൽ നിന്റെ നീതിയെ കാണിച്ചതിൻവണ്ണം ഇപ്പഴും നിന്റെ നീതിയെ കാണിക്കുന്നു എംകിൽ ആ! സർവ്വെശ്വരാ! നിന്റെ അൾത്താരയിൽ കരെറുവാൻ ധൈര്യപ്പെടുന്നവൻ ആര! എന്നാൽ ഇപ്പൊൾ നിന്റെ നീതി അതു മിണ്ടടങ്ങിക്കൊണ്ട നിന്റെ അനുഗ്രഹത്തെ പ്രകാശിപ്പിക്കുന്നു. എംകിലും കൂടപ്പിറപ്പെ! തന്റെ തിരുവചനം നീ സൂക്ഷിക്കുക. ഇതായത് ജയത്തിനു വിധി താൻ പുറപ്പെടുത്തുംവരെയും താൻ കൂപ്പിടുന്നില്ല. താൻ തർക്കിക്കുന്നില്ല. തെരുവിൽ തന്റെ സ്വരം താൻ കെൾപ്പിക്കുന്നില്ല. ചതയപ്പെട്ട ഞാങ്ങണ താൻ തകർത്തുന്നില്ല. മഞ്ഞ മഞ്ഞിരിക്കുന്ന വിളക്കിനെയും താൻ കെടുത്തുന്നില്ല. എന്നുള്ള ഈ തിരുവചനം പൊലെ വാഴ്ത്തപ്പെട്ട കൂടപ്പിറപ്പെ! നീയും ഞാനും ഈ കർത്താവിന്റെ തിരുഅൾത്താരയിൽ ഏതൊരുപ്രകാരത്തിൽ അണഞ്ഞു എംകിലും യാതൊരു കൊപവും തിരുവുള്ളക്കെടും കാണിക്കാതെ ഒക്കെയും താൻ ക്ഷമിച്ചിരിക്കുന്നു എന്നും ഏതൊരു കയ്യാൽ തന്നെ എടുക്കുന്നു എംകിലും ഏതൊരു നാവിൽതന്നെ വെയ്ക്കുന്നു എംകിലും ഏതൊരു ഹൃദയത്തിൽ തന്നെ കുടിയിരുത്തുന്നു എംകിലും ഒക്കെയും താൻ അനുസരിക്കുന്നു. എന്നാൽ എപ്പഴും താൻ ക്ഷമിക്കയില്ലെന്നും ക്ഷമയുടെ പെരിപ്പംപൊലെ അരിശവും കടുമപ്പെട്ടതായിരിക്കും എന്നും ഓർത്തുകൊൾകയും വെണം. ആയതിനാൽ ഇതുവരെയുള്ള നിന്റെ ജീവിതം നിന്റെ അന്തസ്തിന്ന ചെരുന്നതായിരിക്കുമൊ എന്ന ഓർത്തു കൊൾക. ശു. ബെർണ്ണർദൊസ എന്ന പുണ്യവാളൻ ഏറിയ നാൾ വനവാസത്തിൽ പാർത്ത കഠിന തപസ്സു പുണ്യങ്ങൾ ചെയ്തുകൊണ്ടും വന്നു എംകിലും കൂടെക്കൂടെ അത്യന്ത സംകടത്തൊടുകൂടെ തന്നൊടുതാൻ ചൊദിച്ചു കൊണ്ടും വന്നതായത ആ! ബർണ്ണദൊസ.

ബർണ്ണദൊാസ എന്തിന്നു സർവ്വേശ്വരൻ നിന്നെ വിളിച്ചു. നീ എന്തു ചെയ്യുന്നു. എന്തിന്നു തമ്പുരാന്റെ വീട്ടിൽ നീ ചെന്നു. എന്നിപ്രകാരം ഈ മഹാ പുണ്യവാളൻ ചൊല്ലിക്കൊണ്ടുവന്നു എന്ന നീ കെൾക്കും പൊൾ നിനക്കു ലജ്ജയും നാണവും വരുന്നതല്ലാതെ മറ്റു പ്രകാരമല്ല അതെന്ത്യെ ആദ്യത്തിൽതന്നെ സർവെശ്വരൻ നിന്നെ വിളിച്ചു. ഏറിയ ആളുകളിൽ വച്ചു നിന്റെമെൽ താൻ അനുഗ്രഹിച്ച് നിന്നെ താൻ തിരഞ്ഞെടുത്ത തന്റെ  സ്ഥാനവും അംശവും നിനക്കുതന്ന തന്റെ ദെയവാലയത്തിൽ നിന്നെ താൻ ചെർത്തു തന്റെ  വീട്ടിൽ തന്നൊടു കൂടെ നിന്നെ താൻ പാർപ്പിച്ച തന്റെ പ്രിയപ്പെട്ടവനായിട്ടു നിന്നെ താൻ കൈക്കൊണ്ടു ഇതുമെന്നിയെ തന്റെ വിശെഷവരപ്രസാദങ്ങളാൽ നിന്നെ അലംകരിച്ചു. പലപല വിശെഷ അനുഗ്രഹങ്ങളും നിനക്കു താൻ ചെയ്തു എത്രയൊ ഉഴങ്ങൾ നിന്നൊടു താൻ ക്ഷമിച്ചു. എന്തെല്ലാം ജ്ഞാന സഹായങ്ങളും വെളിവുകളും നിനക്കു താൻ തന്നു. എന്നാൽ നിന്നെക്കായി അധികം നല്ലവരുണ്ടായിരുന്നാറെയും അവരെ ലോകത്തിൽതന്നെ വച്ചെച്ച നിന്നെ താൻ വിളിച്ച തന്റെ വരപ്രസാദങ്ങൾ നിനക്കു താൻ തന്നു. ഇപ്പൊൾ കൂടപ്പിറപ്പെ നിന്റെ വ്യാപാരവും തന്റെ മനഗുണവും സൂക്ഷിച്ചാൽ തംപുരാനൊടു നീ മത്സരിക്കുന്നു എന്നു തോന്നുന്നു. ഇതായത താൻ നിന്നൊടു ക്ഷമിച്ച അധിക മനൊഗുണം നിനക്ക ചെയ്യുംതൊറും നി നന്നികെടും ദൊഷങ്ങളും വർദ്ധിപ്പിക്കുന്നു. നിന്നെ താൻ സ്നേഹിക്കുംതൊറും നീ തന്നെ നിന്ദിക്കയും ദ്വെഷിക്കയും നന്നികെടു വർദ്ധിപ്പിക്കയും ചെയ്യുന്നു. അയ്യോ പിശാചിന്ന ഏറിയ ശുശ്രൂഷികൾ ഇതാ സർവെശ്വരന്ന വിശ്വാസമുള്ള ഒരു ശുശ്രൂഷിയും തന്നെ സ്നെഹിക്കുന്നവനും ഒണ്ടാകാതിരിക്കുന്നതെന്ന എന്നാൽ വിശെഷ കൃപയാൽ തന്റെ ശുശ്രൂഷിയായി തിരഞ്ഞെടുത്തവനായ നീയുംകൂടെ ലൊകമക്കളൊടു ചെർന്നുതന്നെ സ്നെഹിക്കാതെയും സ്തുതിക്കാതെയും ലൊകത്തിന്ന ശുശ്രൂഷ ചെയ്യുന്നുവെംകിൽ ആരപുണ്യവഴിയിൽ നടക്കും അയ്യൊ കൂടപ്പിറപ്പെ നിന്റെ ആത്മാവിനെ ഈവണ്ണം നീ കളയല്ലെ നിന്റെ കഠിന ശത്രുവായ പിശാച നിന്നെ നിത്യനാശത്തിൽ ഉൾപ്പെടുത്തുന്നതിന്ന പ്രയത്നം ചെയ്തു വരുന്നു. ആ! ദെയവ ശുശ്രൂഷി ആയ ആത്മാവെ! നിന്റെ സ്ഥാനമഹിമയും അന്തസ്തിന്റെ വലിപ്പവും അതിന്നു കിട്ടിയിരിക്കുന്ന നന്മകളും വരപ്രസാദങ്ങളും വഴിപൊലെ നീ കണ്ടുപിടിക്കുന്നു എംകിൽ എത്രയും വലിയ ജാഗ്രതയൊടുകൂടെ പുണ്യവഴിയിൽ നടക്കുകയും ചെയ്യും.

ഇതാ സർവ്വെശ്വരൻ ഏറിയനാൾ തൊട്ട നിന്നൊടു ക്ഷമിച്ചു വരുന്നു, പലപ്പഴും തന്റെ ദെയവസ്വരങ്ങളാൽ പുണ്യവഴിക്കും ഭക്തിക്കടുത്ത ജീവിതത്തിനും നിന്നെ വിളിച്ചു. നീ നിന്റെ കർത്താവിന്റെ സ്വരത്തിന്ന നിന്റെ ചെവി അടച്ചു മന്ദമുള്ളതും ഭക്തിയില്ലാത്തതുമായ വഴിയിൽ നീ നടക്കുന്നു എന്നു കണ്ടാറെയും ഈ എത്രയും പ്രിയമുള്ള അപ്പനായ താൻ നിന്നെ ഉപെക്ഷിച്ചില്ല പിന്നെയൊ ഇപ്പഴും നിന്റെ പുറകെ ക്ലെശിച്ചുകൊണ്ടു നടന്നു. ഇതാ ഒരുതരം കണ്ടുയിപ്പൊൾ തന്നെ പ്രിയം നിന്നെ കാണിച്ചു. കൊണ്ട ഈ ഊഴം എന്റെ മകൻ എന്നെ അറിഞ്ഞു പട്ടാങ്ങയായ പിതാവായിട്ട എന്നെ സ്നെഹിക്കും എന്നു കണ്ട തെളിഞ്ഞും കൊണ്ടിതാ. ഈ ധ്യാനത്താൽ എന്റെ നാവുകൊണ്ട നിന്നെ വിളിക്കുന്നു. ഇതാ നിന്റെ പിതാവു നിന്നെ തഴുകുവാൻ തന്റെ കൈകൾ വിടർത്തുകൊണ്ട ഈ മുഴുവൻ ധ്യാനത്താലും ഏകാന്തത്തിലും മിണ്ടടക്കത്താലും തന്റെ വിശെഷ സ്നെഹം കാണിച്ച നിന്നെ കൈകൊൾവാൻ താൻ ആഗ്രഹിച്ച ആസ്ഥമായിരിക്കുന്നു. ഇപ്രകാരമുള്ള ഈ വല്യ മനഗുണം നീ താല്പര്യമായി കൈകൊണ്ട തന്നെ പട്ടാങ്ങയായിട്ട സ്നെഹിപ്പാൻ നിശ്ചയിച്ച ഈ മനഗുണമുള്ള സ്വരം നീ കെട്ടില്ലംകിലും കെട്ടുകൊണ്ട വീണ്ടും മുൻപിലെപ്പൊലെ പിറപ്പെട്ട ഈ സ്വരം ഒടുക്കത്തെ തന്റെ വിളി ആയിരിക്കുമൊ ആർക്കറിയാം.

# 2

# ദെയവ മനൊഗുണങ്ങൾമ്മെൽ ധ്യാനം

പട്ടസുഖക്കാരനായ ആത്മാവെ! തംപുരാൻ നിനക്കു ചെയ്ത എണ്ണ മില്ലാത്ത വിശെഷ വരപ്രസാദങ്ങൾക്കും മനൊഗുണങ്ങൾക്കും എങ്ങനെ നീ ഉത്തരിച്ചു അവകളെ ഓർത്ത വിചാരിക്ക എംകിലും ചെയ്തിട്ടുണ്ടൊ? അയ്യൊ! എത്രയൊ വലിയതും മാണിക്കമുള്ളതു മാകുന്നു അവകളുടെ ആയിരത്തിൽ ഒരു പംക നിന്നെ പുണ്യവാനും മാലാഖായെപോലെയും ആക്കുവാൻ മതിയായിരുന്നു. അയ്യയ്യൊ ദുഃഖമേ! ഇതക്ലെശിപ്പാൻ എത്രയും തക്ക ന്യായം തന്നെ കൂടപ്പിറപ്പെ! ഈ വിശെഷ മനൊഗുണങ്ങളും വരപ്രസാദങ്ങളും നിനക്കു കിട്ടിയാ റെയും ഇപ്പഴും മുൻപിലത്തെപ്പൊലെ മനഗുണമുള്ളവനും ദൈവശുശ്രൂ ഷയിൽ തണുക്കപ്പെട്ടവനും ആയി നടക്കുകയും ചെയ്യുന്നു. എന്നാൽ അല്പനെരം എംകിലും കഴിഞ്ഞ നിന്റെ ജീവിതത്തെ ഓർക്കുക അതിൽ ഓരോരൊ ദിവസം ഒരൊരൊക്ഷണനെരം എണ്ണമില്ലാത്ത മനൊഗുണങ്ങളാലെയും നന്മകളാലയും നിറയപ്പെട്ടിരിക്കുന്നു. നീ ഓർക്ക. മുൻപിനാൽ തന്നെ സർവ്വേശ്വരൻ തന്റെ വല്ലഭമുള്ള തിരുകൈ കൾകൊണ്ട ഇല്ലാണ്മയിൽ നിന്നു നിന്നെ സൃഷ്ടിക്കും മുൻപിൽ നീ എന്തായിരുന്നു.

എവിടെ ആയിരുന്നു എത്ര പെര ഇപ്പഴും ഈ ക്ഷണത്തിലും തംപു രാനെ അറിവാനും സ്നെഹിപ്പാനും വശമില്ലാതെ ഇല്ലാണ്മയിൽ തന്നെ കിടക്കുന്നു. എന്നാൽ തംപുരാൻ അവരെ അപ്രകാരം വച്ചെച്ച നിന്നെ സൃഷ്ടിച്ച ബൊധവും ബുദ്ധിയും മനസും നിനക്കു തരികയും തന്നെ അറിയാനും സ്നേഹിപ്പാനും വശവും നിനക്കു തരികയും ചെയ്തു. മുൻപിലത്തെ ഊഴം നീ ലോകവെട്ടത്തിനെക്കൺ തുറന്നപ്പോൾ നീ എന്തായിരുന്നു ഇതാ സർവ്വേശ്വരൻ തംപുരാൻ നിന്നെ അധികമായിട്ട പ്രിയപ്പെട്ട ഈ അജ്ഞാനികളിൽ നിന്നെ ഉത്ഭവിപ്പിക്കാതെയും മാമൊ ദീസക്കാരായ കാരണവന്മാരിൽ നിന്നെ ജനിപ്പതുമെന്നിയെ വയറ്റിൽ വച്ചുതന്നെ നീ മരിച്ചുപൊകാതെ അധിക സൂക്ഷത്തൊടെ കാർത്ത

പിറന്നശെഷം ഈ തന്റെ ശു. മാമ്മൊദീസയാൽ തന്റെ പ്രിയമുള്ള മകനും മൊക്ഷാനന്ദ സംപത്തുകൾക്ക ഒക്കയ്ക്കും അവകാശിയും അനന്ത്രവനും ആക്കി നിന്നെ താൻ ചെയ്തു. ആ! കൂടപ്പിറപ്പെ! ഇത്ര വല്യ മനൊഗുണത്തിന്നു നീ എങ്ങനെ ഉത്തരിച്ചു. വിധിയുടെ ഭയങ്കര ദിവസത്തിൽ അജ്ഞാനികൾ നിന്നെ കുറ്റപ്പെടുത്തുംപൊൾ നീ എന്തു ത്തരിക്കും! ആ കുഞ്ഞുപ്രായത്തിൽ നിന്റെ മുദുവായ ശരീരം കൊണ്ട നടപ്പാനും നിന്റെ ആവശ്യങ്ങൾ അറിവാനും ആയതിനെ കാട്ടുവാനും ചൊദിപ്പാനും കൂടയും നീ അറിഞ്ഞിരുന്നില്ല. എന്ന ആ പൈതൽ പ്രായത്തിൽ ആരു നിന്നെ പിലത്ത വളർത്തി ആരു നിന്നെ തീറ്റി സൂക്ഷിച്ചു. ഈ നിന്റെ ശരീരയൊഗ്യത്തിൽനിന്നും ആരു നിന്നെ രക്ഷിച്ചു. നിന്റെ ആ പൈതലിനടുത്ത ശരീരത്തിനെ ആരു ബലപ്പെ ടുത്തി. ഇത നീ ഒരിക്കലും ഓർത്തിട്ടില്ലായിരിക്കും. അക്കാലത്തിൽ നിന്റെ അമ്മ അല്ല നിന്നെ വളർത്തിയത പിന്നെയൊ അമ്മവഴിയായിട്ട നിന്റെ മൊക്ഷപിതാവായിരിക്കുന്ന സർവ്വെശ്വരൻ തംപുരാൻ പറ ഞ്ഞൊപ്പിപ്പാൻ വശമില്ലാത്ത സ്നെഹത്തൊടുകൂടെ നിന്നെ നൊക്കി ഇടവിടാതെയുള്ള പ്രിയത്തൊടെ നിന്നെ സൂക്ഷിച്ച വളർത്തി. നിന്റെ കൈല്പക്ഷയങ്ങളും മൊശങ്ങളും അശുദ്ധങ്ങളും ഒക്കയും താൻ തന്നെ നൊക്കി അന്വഷിച്ചു നടത്തി. പ്രായം വരുംപോൾ വിശ്വാസ മുള്ളവനായി തനിക്കു നീ ശുശ്രൂഷ ചെയ്യും എന്നുറച്ചുകൊണ്ട ആ പ്രായത്തിൽ നിന്നെ താൻ സുക്ഷിച്ചു കാത്തുവളർത്തി വരികയും ചെയ്തു.

എന്നാൽ അപ്രകാരമുള്ള തന്റെ അഗ്രഹത്തിനാ തക്കവണ്ണം നീ എങ്ങനെ ഉത്തരിച്ചു. ഇതമെന്നിയെ നിന്നെ രക്ഷിപ്പാനായി താൻ തന്നെ ആകാശത്തിൽ നിന്നിറങ്ങി ഈ ബലക്ഷയപ്പെട്ട മാംസം താൻ എടുത്ത ഈ ലൊകത്തി സംചരിച്ച ദുഃഖസമുദ്രത്തിൽ താൻ മുഴുകി തന്റെ ചൊരമുഴുവനും താൻ ചിന്തി തന്റെ തിരുപ്രാണനും കൊടുത്ത ഒരു കള്ളനെപ്പൊലെ മരത്തിന്മെൽ തൂങ്ങിമരിച്ച ദൈവാനുഗ്രഹ ത്തിന്റെയും വരപ്രസാദങ്ങളുടെയും നിക്ഷെപങ്ങളെ തുറന്നുകൊണ്ട അതിനാൽ നിനക്കു താൻ കാട്ടിയ ഈ അറുതിയില്ലാത്ത സ്നെഹ ത്തിന്ന എങ്ങനെ നീ ഉത്തരിച്ചു. ആ പട്ടസുഖക്കാരനായ ആത്മാവെ! നീ വെർപിരിഞ്ഞുപെക്ഷിച്ച ഈ ലൊകത്തിലൊട്ടു സൂക്ഷിക്ക. അയ്യൊ! എത്ര ആത്മാവുകൾ പിശാചിന്റെ മടിയിൽ കിടന്ന് എവിടയ്ക്കു പൊകുന്നു എന്നറിയാതെ നരകത്തിലൊട്ട് ചൊവ്വെ നടന്നു പൊകുന്നു.

എത്ര ആത്മാവുകൾ പുണ്യം എന്താകുന്നു എന്നും ഈശൊ മിശിഹായെ സ്നെഹിക്കുന്നത എത്രയൊ ഇമ്പമുള്ളതാകുന്നു എന്നറിയാതെ ലൊകമായക്കുള്ളെ പിൻചെല്ലുന്നു. നിന്നെക്കായിൽ നല്ല സ്വഭാവമുള്ളവരും നിന്നെപൊലെ തംപുരാനെ അധികമായി ഉപദ്രവിക്കാത്തവരും ആയ എത്രയൊ ആത്മാവുകൾ ലൊകത്തിൽ മായയിൽ തന്നെ കിടക്കുന്നു.

ആ പട്ടസുഖക്കാരനായ ആത്മാവെ ദൈയവം നിന്റെമെൽ വെച്ച ഈ സ്നെഹത്തിന്നും തന്റെ എത്രയും വല്യ മനൊഗുണത്തിനും നീ എന്തുത്തരിച്ചു. ആ ഇപ്പൊൾ നീ കൂടുന്നില്ലെംകിലും വിധിയിൽ ഇതിന്ന കണക്ക് കെൾപിക്കെണ്ടി വരികയും ചെയ്യും നിശ്ചയം.

വിശെഷിച്ചും ഈ നിന്റെ സ്ഥാനത്തിന്നും അന്തസ്ഥിനും എന്തല്ലാം വിശെഷ സഹായങ്ങളും വെളിവുകളും നിന്നെപുണ്യത്തിൽ വർദ്ധിപ്പിപ്പാൻ തക്കതായ ജ്ഞാന ഉപായങ്ങളും നിനക്കു തന്നിരിക്കുന്നു. ചെറുപ്പംമുതൽ കൂട്ടമായിട്ടുള്ള നമസ്ക്കാരങ്ങളും ധ്യാനങ്ങളും ജ്ഞാന വായനയും ഗുണദൊഷങ്ങളും നല്ലവരുടെയും വല്യജനങ്ങളും വെണ്ടുന്ന ജ്ഞാനപുസ്തകങ്ങളും ഭക്തിക്കടുത്ത വസ്തുക്കളും നിനക്കു താൻ ആസ്ഥമാക്കിതരികയും ചെയ്തു. എന്നാൽ ഈ വിശെഷമായ ദൈവസഹായങ്ങളിൽനിന്നും എന്തുഫലം എന്തുപകാരം നീ വരുത്തി? പിന്നെയും എല്ലാപ്പഴും നിന്നെ സഹായിപ്പാനും നിന്റെ ജ്ഞാനദിഷ്ടതികളെ തീർപ്പാനും നിനക്ക് ദുഃഖമാകുമ്പൊൾ ആശ്വസിപ്പിപ്പാനും ആയിട്ടതാൻ തന്നെ നിന്റെ ഹൃദയത്തിൽ രാപകൽ എപ്പഴും പാർക്കുകയും നിന്നിൽ വസിക്കയും ചെയ്യുന്നു. നിന്റെ വീഴ്ചകളും ആത്മമുറിവുകളും പൊറുപ്പിപ്പാനുള്ളതിന്നു തന്റെ ദിവ്യരക്തം കൊണ്ട കുമ്പസാരം എന്നു ഈ ജ്ഞാന അവുഷധം താൻ ആസ്ഥമാക്കുകയും കൂടെകൂടെ ആ അവുഷധം നീ സെവിക്കുന്നതിന്നു നിനക്കയിടതരികയും വീണ്ടും നീ വീഴായവാനും നിന്റെ ആത്മശത്രുവിനൊടു നീ യുദ്ധം ചെയ്വാനും ജയിപ്പാനും നിനക്ക ശക്തിയും ബലവും ഉണ്ടാകുവാനായിട്ട തന്റെ മുഴുവനും നിന്റെ മനസുപൊലെയുള്ള ഭൊജനമായിട്ട തിമ്മാൻ താൻ തരികയും ചെയ്തു. എന്നാൽ നീ ഈ ദിവ്യകൂദാശകളെ എങ്ങനെ പെരുമാറി അയ്യോ എത്രപ്രാവശ്യം മടിയാലും കൂട്ടാക്കായ്കയാലും ഇത നീയുപെക്ഷിച്ചു. ആയതിനെ നീ കൈക്കൊണ്ടു എംകിലും എത്രയൊ ഊഴം നല്ല ആസ്ഥപ്പാടു കൂടാതെ കുമ്പസാരിക്കയും

വെണ്ടുന്ന യൊഗ്യതയും ദൈയവസ്നെഹവും കൂടാതെ ഈ ശു: ദെയവ ഭൊജനം  കൈക്കൊണ്ടിരിക്കുന്നു.

ആ! ഇതവരെ നീ കൈക്കൊണ്ട ഈ കുമ്പസാരം കുർബാന എന്ന ഈ കൂദാശകളിൽ നിന്ന് എന്തുഫലം നീ അനുഭവിച്ചു. അയ്യൊ പട്ട സുഖക്കാരനായ ആത്മാവെ! ഇത്രവല്യ മനൊഗുണമായ ദൈവസഹായങ്ങളെ നീ കൂട്ടാക്കുന്നില്ല എംകിൽ മരണസമയത്തിൽ ആ നിത്യത്തത്തിന്റെ വെട്ടത്തിൽ വച്ച ഇതൊക്കയും തെളിയും. അയ്യൊ കൂടപ്പിറപ്പെ! അപ്പോൾ  നീ എന്തുചെയ്യും നിനക്ക തംപുരാൻ തന്ന വിശെഷ മനൊഗുണങ്ങളിൽ ഒന്നു മറ്റൊരുത്തനു കൊടുത്തു വെംകിൽ അവൻ പുണ്യവാളൻ ആയെന്നു എന്നും നീ ആയ്ത ഒക്കയും കൈക്കൊണ്ടാറയും കൂട്ടാക്കിയില്ല എന്നും കാണുംപൊൾ അയ്യൊ എത്രയൊ നീ വിഷാദിക്കും; ഭയപ്പെടും. അതെന്ത്യ നീതിക്കാരനായ കർത്താവ ഈവണ്ണം അരുളിചെയ്യുന്നു. qaid dev അതായത് എന്റെ സൊപ്പിന്ന ഞാൻ ചെയ്യെണ്ടതിൽ എന്തചെയ്യാതെയിരുന്നു എന്നും താൻ ചൊദിക്കുംപൊൾ എന്തു നീ ഉത്തരിക്കും. അപ്പൊൾ അയ്യൊ ഭയംകരം നിറഞ്ഞ അരിശത്തോടുകൂടെ ഈ സൃഷ്ടിനാഥൻ ആയ സർവ്വവല്ലഭനും ഉള്ള ദെയവം അഗ്നിജ്വാല എരിയുന്ന കണ്ണുകളാൽ സൂക്ഷിച്ചു കൊണ്ട ഇടിയുടെ ഘൊരമുഴക്കത്തൊടെ താൻ അരുളിചെയ്യുന്നു. അപ്പഴൊ എന്റെ സൊപ്പിൽനിന്ന ഫലത്തിന്നു ഞാൻ പാർത്തിരുന്നാറെ ഇതാ കിഴങ്ങുണ്ടായി അപ്പഴൊ എന്തു ഞാൻ ചെയ്യും. അതിന്റെ വെലി ഞാൻ പൊളിക്കും. അതിനെ ഞാൻ നശിപ്പിക്കും. എന്നെയ്ക്കും കാട്ടു മൃഗങ്ങളുടെ കുടിയിരിപ്പായി അതിനെ ഞാൻ ഉപെക്ഷിക്കയും ചെയ്യും എന്നും.

അയ്യയ്യൊ കൂടപ്പിറപ്പെ ഈ ഭയംകരപ്പെട്ട ഭ്രാക്കിന്റെ തിരുവചനങ്ങൾ നിന്റെമെലും എന്റെമെലും വീഴായവാൻ തക്കവണ്ണം ഇനിയും അല്പ നെരം മനൊഗുണത്തിന്റെ കാലം നമുക്കു ശെഷിച്ചിരിക്കയാൽ ഈ ഭയംകരപ്പെട്ട ഭ്രാക്കിലും അരിശത്തിലും ഉൾപ്പെടായവാൻ ഉത്സാഹിച്ച നമ്മുടെ ഉറക്കത്തിൽ നിന്നും എഴുന്നെറ്റ തെറ്റത്തൊടുകൂടെ ഈ പ്രിയമുള്ള  പിതാവിൻപക്കൽ നാം ചെല്ലുക.

# 3-ാമത്
# ചാവുദൊഷത്തിന്മെൽ ധ്യാനം

പട്ടസുഖക്കാരനായ ആത്മാവെ! ഒരു ചാവുദോഷം പിഴക്കുന്നതിന്നു മുൻപിൽ ലോകാവസാനത്തൊളം കഠിനപ്പെട്ട ദുരിതങ്ങളെ സഹിക്കുന്നതിന്നു മുൻ ആസ്ഥമായിരിക്കുന്നു. എന്ന ചൊല്ലിക്കൊണ്ട വന്നിരുന്ന പുണ്യവാളന്മാരും പുണ്യവാളത്തികളും ഒന്നുകിൽ അവരു തെറ്റിപൊയി അല്ലംകിൽ ചാവദോഷത്തിന്മെൽ ഭയംകൂടാതെയും ഒരു സാരം വെക്കാതെയും അതിനെ ചെയ്തുവരുന്ന നീ ഒരു വല്യ തട്ടിപ്പിൽ അകപ്പെട്ടിരിക്കുന്നു. അല്പമായിട്ട എംകിലും തംപുരാനെ നീ സ്നെഹിക്കുന്നുവെങ്കിൽ ദൊഷം ചെറിയകുറ്റം എന്ന നീ നിരൂപിക്കുന്നതെങ്ങനെ? നിന്റെ എത്രയും പ്രിയപ്പെട്ട മണവാളനായിരിക്കുന്ന ഈശൊമിശിഹായെ നിരസിക്കുന്നതും ഉപദ്രവിക്കുന്നതും സാരമില്ലാത്ത കുറ്റമെന്നു നിനക്കു തൊന്നുന്നതെങ്ങനെ? അയ്യൊ പാപം എന്നതിന്റെ കഷ്ടത ഇതവരെയും നീ വഴിപൊലെ കണ്ടുപിടിച്ചില്ല.

എന്നാൽ നീ നല്ലതുപൊലെ കണ്ടുപിടിപ്പാൻ മനസ്സാകുന്നുവെംകിൽ ഈ കാര്യത്തിൽവെച്ച ശു: മാൽല്പന്മാര അരുളിചെയ്തിരിക്കുന്ന സത്യമായ വചനങ്ങളെ കെട്ടുകൊൾക. ശു. അൽസെൽമ്മൊസ നിന്നൊടു ചൊദിക്കുന്നു ചെറിയ കുറ്റം എന്ന് നീ പെരുവിളിപ്പാൻ തുനിയുന്നു എന്ന ദൊഷം ഏതാകുന്നു? സർവ്വശക്തനും നിന്റെ സൃഷ്ടിതാവുമായ ഒരു ദെയവത്തെ അപമാനിക്കുന്നത് ചെറിയ കുറ്റമായിരിക്കുമൊ? മഹാത്മാവായ നമ്മുടെ അമ്മത്രെസ്യാ കല്പിച്ചതായത പട്ടസുഖക്കാരായിരിക്കുന്നവര പിശാചിനെ ഭയപ്പെടുന്നതിനു പകരം അല്പപാപത്തിന്മെൽ ഭയം തൊന്നിയെങ്കിൽ കൊള്ളായിരുന്നു. അതെന്ത്യെ നരകത്തിലുള്ള സകല പിശാചുക്കളെക്കായിൽ ഒരല്പ പാപം നമുക്ക അധികം ഛെദനാശം വരുത്തുകയും ചെയ്യും. ശു. അൾപൊസലിഗൊരി എഴുതിവച്ചതായിത് സൃഷ്ടിക്കപ്പെട്ട വസ്തുക്കളൊക്കയും ഇല്ലാതെ ആയിപൊകുന്നതിനെക്കായിലും സകല മാനുഷരും സകല മൊഷവാസികളം നരകത്തിൽ നശിച്ചുപൊകുന്നതിനെക്കായിലും എത്രയും അല്പമായിട്ട ഒരു ദൊഷം വല്യ തിന്മയായിരിക്കുന്നു എന്നു.

ക്രത്രിനാ ദെ ജെനുവാ എന്ന കന്യാസ്ത്രീക്കുണ്ടായ ഒരു കാഴ്ചയിൽ പാപദൊഷത്തിന്റെ കഷ്ടതയെയും ഭയംകരത്തെയും

കണ്ടിട്ട് എഴുതിവച്ചതായത. അയ്യൊ ക്ഷണനെരം മാത്രമെ ഈ കാഴ്ചയിനിക്കുണ്ടായൊള്ളു. ആ ക്ഷണത്തിൽ ഞാൻ കണ്ട കാഴ്ചയാൽ ഞാൻ മരിക്കാഞ്ഞത എത്രയും പ്രത്യക്ഷംതന്നെ ഒരു പാപദൊഷത്തിന്റെ നിഴൽമാത്രം സകല പിശാചുക്കളെക്കാൾ ഭയംകരമുള്ളതാകുന്നു. ആ കാഴ്ച, കുറെകൂടെ നിന്നുവെങ്കിൽ ക്ഷണം ഞാൻ ജീവനില്ലാതെ ആയിപൊയെനെ. എന്ന വീണ്ടും കർത്താവു തന്നെ ബ്രിജിത്താ പുണ്യവാളത്തിയൊട അരുളിചെയ്തായത : എന്റെ മകളെ പാപദൊഷം ചെറിയ കുറ്റം എന്നു വിചാരിച്ചു പൊകരുതെ എന്നു. അപ്പഴൊ, ഈവണ്ണമുള്ള കുറ്റം ചെയ്യരുതെ എന്നു തന്നെയല്ല പിന്നെയൊ ചെറിയ കുറ്റം എന്നു വിചാരിക്കയും അരുത. വീണ്ടും ശുദ്ധ. അമ്മത്രെസ്യാ നരകം കണ്ടതിൽ പല പട്ടസുഖം ഒള്ള ആത്മാവുകളെ അതിൽ കണ്ടു. എന്നവരുടെ നെറ്റിയിൽ മുഴുവൻ പുഴുക്കൾ നിറഞ്ഞിരിക്കുന്നതിനെക്കണ്ട ഇതെന്താകുന്നു എന്നു ചൊദിച്ചതിന്ന ആപ്പുഴുക്കൾ സ്വരം കൊടുത്തുകൊണ്ട ഞങ്ങളിൽ ഇവൻ തുടങ്ങി എന്ന ചിലതും. ഞങ്ങളിൽ ഇവൻ തഴങ്ങി എന്ന് മറ്റ ചിലതും. ഞങ്ങളാൽ ഇവന്ന ശക്തികുറഞ്ഞു എന്ന മറ്റുചിലതും തങ്ങളാൽതന്നെ ഇവൻ നശിച്ചുപൊയി എന്നു മറ്റു ചിലതും ഉത്തരിക്കയും ചെയ്തു.

ആ! പട്ടസുഖക്കാരനായ ആത്മാവെ! ഭയം കൂടാതെയും മനസറിഞ്ഞുംകൊണ്ടും പാപം ചെയ്തുവരുന്നു എന്ന ദെയവ ശുശ്രൂഷികൾ ഇപ്രകാരമുള്ള നാശത്തിന്നുൾപ്പെട്ടുപൊകും എന്നു വിചാരിക്കുംപൊൾ നീ ഭ്രമിക്കാതെയിരിക്കുന്നതെങ്ങനെ? ആ! സ്നേഹമുള്ള കൂടപ്പിറപ്പെ ദൈയവീട്ടിൽ തന്റെ സമൂഹത്തിൽ തന്നൊടുകൂടെ നീ ജീവിക്കുന്നതെന്നിയെതന്നെ നീ അനുഭവിക്കുന്നു. തന്നെക്കൊണ്ട നീ ജീവിക്കുന്നു, തന്നെക്കൊണ്ട നീ സുഖിക്കുന്നു. തന്റെ ചൊരയുടെ വിലയാൽതന്നെ നിന്റെ ജീവിതം ഒക്കയും എന്ന നിന്റെ ഒരു പാപവും അറിവില്ലാത്ത ഒരമ്മെനിയുടെ പാപവും ഒന്നുപോലെ ശിക്ഷിക്കപ്പെടുന്നു എന്നു നീ ഓർക്കുന്നൊ? വല്യ ഗ്രിഗോരിയൊസ് അരുളചെയ്യുന്നതിനെകെൾ. ദെയവശുശ്രൂഷിയായിരിക്കുന്ന തന്റെ ഒരു അല്പമായ ഒരു പൊറൽ അൾമെനിയായവന്റെ വല്യമുറിവുകളെകായിലും വൃണങ്ങളെക്കായിലും യൊഗ്യമുള്ളതാകുന്നു. അതെന്തന്നാൽ ഒരു മഹാരാജാവു തന്റെ കുതിരയെ തീറ്റുന്നവന്റെ ഉടുപ്പിമ്മെൽ ഒരു കറയെ കണ്ടാൽ കൂട്ടാക്കുന്നില്ല. തന്റെ രാജകുമാരൻ എറ്റിയ പ്രിയപ്പെട്ട രാജമക്കൾ അല്ലംകിൽ തന്റെ രാജസ്ത്രീയുടെ വസ്ത്രാഭരണങ്ങളിന്മെൽ

അല്പമായിട്ടുള്ള അശുദ്ധം കണ്ടാൽ എത്രയും കഠിനമായിട്ടു കൊപിച്ചു കൊൾകയും ചെയ്യും എന്ന പ്രകാരംപൊലെ മൊക്ഷരാജാവായിരിക്കുന്ന സർവ്വെശ്വരൻ തംപുരാൻ തന്റെ വെലക്കാരും ശുശ്രൂഷിയുമായ അൾമെനിക്കാരന്റെ ആത്മവസ്ത്രമായ ദെയവവരപ്രസാദത്തിന്ന അല്പമായിട്ടുള്ള കെട്ടുകൾ കണ്ടാൽ പൊറുക്കുകയും ചെയ്യും. എന്നാൽ തന്റെ സ്നെഹപ്പെട്ട മകനായിരിക്കുന്ന പട്ടസുഖക്കാരനായ ദെയവശുശ്രൂഷിയിൽ അവന്റെ അലങ്കാരവസ്ത്രമായിരിക്കുന്ന ദെയവസ്നേഹത്തിന്ന അല്പമായിട്ടുള്ള കുറവുകണ്ടാൽ ഉടൻ കൊപിച്ച കഠിനമായി ശിക്ഷിക്കയും ചെയ്യും. ഇതിനാൽ ക്രിസൊസ്തൊമ്മ എന്ന മഹാമല്പാൻ എഴുതുന്നു: പട്ടസുഖക്കാരനായ ആൾ ചാവുദൊഷത്തെക്കായിലും അല്പകുറ്റത്തിമ്മെൽ അധികം ഭയപ്പെട്ടുകൊള്ളണം. അതെന്തെന്ത്യ വല്യകുറ്റത്തിൽ വീണാൽ ഉടയൻ ഭയപ്പെട്ട ക്ലെശിച്ച പൊറുതി അപെക്ഷിക്കും. എന്നാൽ അല്പകുറ്റങ്ങൾ കൂടെകൂടെ വീണുപോയാലും അതിനെ കൂട്ടാക്കാതെയിരിക്കുന്നതിനാലും അവൻ അറിയാതെ ദൈയവഷ്ടപ്രസാദം അവനിൽ നിന്ന പൊയൊവാകയും ചെയ്യും.

ഇതല്ലാം ഇപ്രകാരംയിരിക്കയിൽ പട്ടസുഖം ഉള്ളവനും ആത്മപരിപാലനക്കാരൻ ദൈയവശുശ്രൂഷിയും ആയിരിക്കുന്ന നീ നിന്റെ അപെക്ഷകളാലും നമസ്കാരത്താലും ദിവ്യപൂജയാലും ദൈയവകൊപത്തെ നിറുത്തുവാനും പാപികൾക്കവേണ്ടി സർവ്വെശ്വരനൊടു പ്രാർത്ഥിച്ച അവരുടെമെലുള്ള തന്റെ തിരുവിള്ളക്കെടിനെ തീർപ്പാനും കടക്കാരനായിരിക്കുന്ന ബ. കൂടപ്പിറപ്പെ! നീ പതിവായിട്ട ചെയ്തുവരുന്ന പാപങ്ങളും അല്പമായ കുറ്റങ്ങളും നിനക്ക എത്രയോ ചെരാത്തതായിരിക്കുന്നു എന്ന ഓർത്തുകൊൾ. ഇതിനാൽ നിന്റെ ആത്മാലംകാരം നീങ്ങി തനിക്കു വെറുക്കപ്പെട്ടവനായി തീർച്ചയിൽ നശിച്ചുപൊകുവാനുംയിടവരും അതെന്തെന്ത്യ ശു: ദിയൊനെശിയുസ ചൊല്ലുന്ന ആടും കാളയും പൂജിക്കുന്നവരായിരുന്ന പഴെകാലത്തിലെ ദെവാലയത്തിൽ ശുശ്രൂഷികളുടെ അല്പകുറ്റങ്ങൾ കാരണത്താൽ സർവ്വെശ്വരൻ കൊപം കലർന്നു. അവരിൽ ചിലരെ ഉടൻതന്നെ തീയിറക്കി നശിപ്പിക്കയും ചിലരെ ഭൂമി വാതുറന്നു വിഴുങ്ങുകയും ചെയ്തുവെംകിൽ ബ. കുടപ്പിറപ്പെ നീ ദിവസവും കരെറുന്ന അൾത്താര എത്രയൊ! ഉയരപ്പെട്ടതായിരിക്കുന്നു. എന്നും ഈ ഉയരപ്പെട്ട അൾത്താരയിൽ ദിവസെന നീ അണയ്ക്കുന്ന മാംസവും ഏതുപ്രകാരമുള്ളതാകുന്നു എന്നും നീ ഓർത്തു കൊൾക.

ആയതിനാൽ ഇതവരെയുള്ള നിന്റെ നന്ദികെടിന്മെൽ ക്ലെശിച്ചു നൊൻപരപ്പെട്ട ഈ മനഗുണമുള്ള പിതാവായ താൻ ഇപ്പഴും നിന്നെ കൈക്കൊൾവാൻ പാർത്തിരിക്കുന്നതിനാൽ തന്റെ പക്കൽ അണഞ്ഞു കൊണ്ട താൻ അരുളിചെയ്ത എളെപുത്രനെപൊലെ പൊറുതി അപെക്ഷിച്ചുകൊൾക. ഉടൻതന്നെ താൻ നിന്നെ അനുഗ്രഹമായി തൃക്കൺ പാർക്കയും നിനക്കു പൊയിപൊയ വസ്ത്രാഭരണങ്ങൾ ഒക്കയും വീണ്ടും നിന്നെ ചമയിച്ച് തന്റെ പ്രിയമുള്ള മക്കളുടെ കൂട്ടത്തിൽ നിന്നെ ചെർത്തുകൊൾകയും ചെയ്യും.

# രണ്ടച്ചന്മാരുടെ വെല എന്നതിന്മെൽ

പട്ടക്കാരനായ ആത്മാവെ! രണ്ടിൽ ഒന്നുകിൽ നിന്നെ മുഴുവനും തംപുരാന്ന കയ്യെൽപ്പിച്ച പുണ്യവഴിയിൽ നടക്കണം. അല്ലംകിൽ ദൈവത്തിൽ നിന്ന അകന്ന നിത്യനാശത്തിന്റെ വഴിയിൽ നടക്കുകയും ചെയ്യും. അതെന്ത്യെ രണ്ടച്ചന്മാർക്ക ശുശ്രൂഷ ചെയ്വാൻ വശമില്ല. എന്ന നമ്മുടെ കർത്താവുതന്നെ നമ്മെ പഠിപ്പിച്ചിരിക്കുന്നു. അതെ തംപുരാനും ലൊകവും രണ്ടറുതിയാകുന്നു. ഒന്നുകിൽ ഒരുത്തനെ വെറുത്തുപക്ഷിച്ച് മറ്റവനെ സ്നെഹിക്കണം. അല്ലംകിൽ ഇവനെ സ്നെഹിച്ച് മറ്റവനെ ദ്വെഷിക്കണം. ഒന്നുകിൽ തംപുരാന്ന അല്ലെങ്കിൽ ലൊകത്തിന്ന നടുവില്ല. ഇതരണ്ടെയുള്ളു. ആയതിനാൽ താൻതന്നെ വീണ്ടും തിരിച്ചരുളിചെയ്യുന്നു ദ്രവ്യത്തിനും തംപുരാനും കൂടെ വെലചെയവാൻ നിങ്ങൾ വശമാകുന്നില്ല എന്നു ഇതിൽ വണ്ണമായിരിക്കയിൽ പട്ടസുഖക്കാരനായ ആത്മാവെ! നീ ആർക്കു വെലചെയ്യുന്നു. ആർക്ക് ശുശ്രൂഷിയായിരിക്കുന്നു അയ്യൊ ദുഃഖമെ, നീ കൂടപ്പിറപ്പെ നീ തംപുരാന്നും ലൊകത്തിന്നും ശുശ്രൂഷചെയ്തു കൊള്ളാമെന്നും വച്ച ദുർഗുണമില്ലാത്തതും പുണ്യമില്ലാത്തതുമായ ഒരു ജീവിതം കഴിച്ചുവരുന്നു. അതെങ്ങനെ എന്നാൽ മുഴുവനായിട്ടു നിന്നെ പുണ്യത്തിനു കയ്യാളിക്കാതെകണ്ടും താല്പര്യമായിട്ടു പുണ്യവഴിയിൽ നടക്കാതയും ഒരു ദിവസം അല്പം പുണ്യമായിട്ടു നടന്നതിന്റെശെഷം മറ്റുദിവസം മടിയായിട്ടും മന്ദമായിട്ടും നടന്നു

വരുന്നു. ഇപ്പൊൾ ഒരു പുണ്യപ്രവൃത്തി കുറെകഴിഞ്ഞിട്ട ഒരു കുറ്റം ചെയ്യുന്നു. ഇന്ന താല്പര്യമായി എത്രയും സൂക്ഷത്തൊടുകൂടി കാനൊനനമസ്ക്കാരം ധ്യാനം കഴിച്ചിട്ട് നാളെ കാനോനനമസ്ക്കാരം മുഴുവനും പരവിചാരത്തൊടും സൂക്ഷംകൂടാതെയും എത്തിച്ചുവരുന്നു. ഇന്ന് കാലമെ ഭക്തിയൊടുകൂടെ കർത്താവിനെ കൈക്കൊണ്ട് തന്നെ സ്നെഹിച്ച സ്തുതിച്ചതിന്റെശെഷം പള്ളിയകത്തിൽ നിന്നിറങ്ങിയ പ്പൊൾ കാണുന്ന ഇമ്പമായ കാഴ്ചയിൽ ലൊക ബഹുമാന സുഖത്തി നൊടു ചെർന്ന വിനൊദമായിട്ടുള്ള സംസാരത്തിലും ഉൾപ്പെട്ട നിന്റെ സ്ഥാനത്തിനും കടത്തിനും അന്തസ്തിനും ഉള്ള കടങ്ങളെയും മറ്റവരുടെ ആത്മങ്ങളെയും ഓർക്കാതയും വെറുതെ അങ്ങൊട്ടും ഇങ്ങോട്ടും ചുറ്റി നടന്നും അന്യവർത്തമാനങ്ങളെ പറഞ്ഞും സർവ്വെശ്വരൻ തന്നിരിക്കുന്ന ഈ വെല മതിപ്പാൻ വശമില്ലാത്ത നിക്ഷെപമായ ഈ നെരം പഴുതെ ചിലവഴിക്കുന്നു. ഇന്നു കുറെ നെരം മുറിയിൽ ഇരുന്ന് ജ്ഞാനപുസ്തകങ്ങളെ വായിക്കുന്നു. നാളെ മുറിയിലൊട്ടാകെ കെറാതെയും ആ പുസ്തകം തൊടാതെയും മിനക്കെട്ട ലൊകസ്നെഹിതരെ അന്വഷിക്കയും വർത്തമാനത്താൽ നേരം പൊക്കുകയും ചെയ്യുന്നു.

അയ്യൊ പട്ടസുഖക്കാരനായ ആത്മാവെ ബ. കൂടപ്പിറപ്പെ ഇതൊ? നിന്റെ ഉയരപ്പെട്ട അന്തസ്തിന്നടുത്ത ജിവിതം? നിന്റെ ഹൃദയത്തെ പകുത്ത ഒരു പംക ദെയവത്തിനും ഒരു പംക ലൊകത്തിനും കൊടു പ്പാൻ നീ ഭാവിച്ചിരിക്കുന്നു. തംപുരാനും ലോകത്തിനും സ്നേഹിത നാകുവാൻ പ്രയാസപ്പെടുന്നു. ഇത അസാദ്ധ്യമല്ലയൊ? ലോകത്തിനും സ്നെഹിതനാകുന്നു എന്നവൻ ദെയവത്തിന്നും ശത്രുവാകുന്നു എന്നുള്ളത റൂഹാദക്കുദാശയുടെ അരുളപ്പാടത്രെ. എന്നാൽ ഇപ്രകാര മുള്ള നിന്റെ ജീവിതം നിന്റെ രക്ഷയ്ക്കു ചൊവുള്ള വഴി എന്നു നിനക്കു തൊന്നുന്നൊ. അയ്യൊ ഇങ്ങനെ എങ്കിൽ ഈ ജിവിതം നാശത്തിൽ നിന്നെ ഉൾപ്പെടുത്തുകയും ചെയ്യും.

എന്നാൽ മനുഷന്നു ചൊവുള്ള വഴിയിതാകുന്നു എന്നും തൊന്നുന്നൊ? എന്നാൽ ഇതിന്റെ അറുതി നിത്യനാശത്തിന്നു കൂട്ടിക്കൊണ്ടു പൊകുന്നു എന്ന് നമ്മുടെ കർത്താവുതന്നെ ശു. പുസ്തകത്തിൽ അരുളിചെയ്യുന്നു. അയ്യൊ എത്ര പട്ടക്കാര ഇപ്രകാരമുള്ള വഴിയിൽ നടന്നു. അയ്യൊ എത്ര പെര ലോകത്തിന്നും തംപുരാനും കൂടെ ശുശ്രൂഷ ചെയ്തുകൊള്ളാമെന്നും വച്ച

മൊക്ഷത്തിന്റെ വാതിലും കാണാതെ നിത്യനാശത്തിൽ ഉൾപ്പെട്ടു പൊകയും ചെയ്യുന്നു. ഈ വണ്ണമുള്ളവരിൽ ഒത്താൽ നീയും ആയെക്കുമൊ? എന്നും ഭയപ്പെട്ടുകൊൾക. എത്രയൊ പ്രാവശ്യം നീ തന്നെയും നിന്റെ ആത്മഗുരുവും മെല്പട്ടക്കാരന്റെ നാവും വഴിയായിട്ട ഭക്തിയുള്ള പുത്തൻ ജീവിതത്തിന്നു നിന്നെ വിളിച്ചു. കൂടപ്പിറപ്പെ! ഈ നല്ല പിതാവായ സർവ്വെശ്വരൻ നിന്റെയുള്ളിൽ ഇരുന്നും കൊണ്ട ഇനിമെലാൽ എട്ടു ദിവസത്തിലധികം നാൾ നീക്കം വരുത്താതെ അടുക്കെ അടുക്കെ കുമ്പസാരിക്കണം എന്നും ദിവസംപ്രതി മുടക്കം വരുത്താതെ കുറഞ്ഞൊരുനെരം എംകിലും ധ്യാനിക്കണം എന്നും ദിവസംപ്രതി ആത്മശൊധന ചെയ്യണമെന്നും ഭക്തിയ്ക്കടുത്ത പുസ്തകങ്ങളും തങ്ങളുടെ അന്തസ്തിന്നും കടത്തിനും അടുത്ത ജ്ഞാനപുസ്തകങ്ങളും ദിവസത്തിൽ കുറെ നെരമെങ്കിലും വായിക്കണമെന്നും നിന്നെക്കൊണ്ടുതന്നെ ഈവണ്ണമുള്ള പ്രതിജ്ഞ കളെ ചെയ്യിച്ചു ഈവണ്ണമുള്ള നൽമനസുണ്ടാകുകയും ചിലപ്പോൾ ആയതിൻവണ്ണം നിശ്ചയിച്ചു തുടങ്ങുകയും വീണ്ടും കുറെ ദിവസം കഴിയുമ്പൊൾ മടിയാൽ ഇതൊക്കയും വിട്ടു വീണ്ടും മുൻപിലത്തെ തണുത്ത അന്തസ്തിൽതന്നെ വീഴുകയും ചെയ്തു. ഇതുമെന്നിയെ നിന്റെ ഹൃദയത്തിൽ നല്ലവിചാരം തൊന്നീട്ട അതിന്നു ചെവികൊടു ക്കാതെ ലൊകത്തിന്റെ കള്ളസ്വരത്തിന്നു ചെവികൊടുത്തു. എന്നാൽ ദെയവവെലക്കാരനായിരിക്കുന്ന ആത്മാവെ! ഈവണ്ണം ഉള്ള ജീവിതം നീ കഴിക്കുന്നു എംകിൽ ചൂടും തണുപ്പുമില്ലാത്ത ദെയവശുശ്രൂഷി യൊടു റൂഹാദക്കുദാശാ തംപുരാൻ തന്നെ അരുളിചെയ്യുന്നതിനെ കെൾക്ക. അതായത് നീ ഉഷ്ണിക്കപ്പെട്ടവനും തണുക്കപ്പെട്ടവനുമല്ലെ. എന്നതിനാൽ എന്റെ വായിൽനിന്ന് നിന്നെ ഞാൻ ശർദ്ധിച്ചുകളയും. ഇതുമല്ലാതെയും എശയ്യാ നിവ്യായാൽ ഈവണ്ണമുള്ള ദെയവ വെലക്കാരൊടു ചൊദിക്കുന്നു ഈ രണ്ടുവന്നനയും കൂടെ വെണ്ടാ. സർവ്വെശ്വരൻ പട്ടാങ്ങയാലെ ബലസുള്ള തംപുരാൻ എന്നു നിങ്ങൾ ബൊധിച്ചു എംകിൽ ഇനി തനിക്കുതന്നെ നിങ്ങൾ വെല ചെയ്യിൻ. അല്ലംകിൽ നിങ്ങളുടെ ദെയവമായി മാലിനെ തന്നെ കുറവിട്ടു കൊൾവിൻ എന്ന ഈ വണ്ണം തന്റെ സ്വരം ഇപ്പൊൾ എന്റെ നാവിനാൽ സർവ്വെശ്വരൻ കെൾപ്പിക്കുന്നു.

എന്നതിനെക്കൊണ്ട സ്നെഹിക്കപ്പെട്ട കൂടപ്പിറപ്പെ! ഇനി വെണ്ടാ ഒട്ടും താമസിക്കെണ്ടാ. പിന്നെയൊ നിന്നെക്കുറിച്ചു ഗാഗുൽത്തായിൽ

കരെറിയനെരംമുതൽ എത്രയും ഏറ്റിയ്ക്കപ്പെട്ട പിതാവിനെടുത്ത പ്രിയത്തൊടുകൂടെ നിന്നെ തഴുകുവാനായി കൈയും വിരിച്ചുകൊണ്ടും പ്രിയമുള്ള മുത്തലുകൾ നിന്നെ മുത്തുവാനായിട്ട തന്റെ തലചായിച്ചു കൊണ്ടും ഏറിയനാൾ നിന്നെ നൊക്കിക്കൊണ്ടിരിക്കുന്നു. എന്ന ഈ പ്രിയമുള്ള അപ്പന്റെ തിരുപാദത്തിംങ്കൽ അണഞ്ഞുംകൊണ്ട ആ എളയ മകനെപ്പൊലെതന്നെ എളിമയൊടുകൂടെ നൊക്കിക്കൊണ്ട കർത്താവെ! ആകാശത്തിലും നിന്റെ തിരുമുൻപിലും ഞാൻ പിഴച്ചു യിനി നിന്റെ മകനെന്നുള്ള ഈ എത്രയും മഹിമയുള്ള പെരിൽ എന്നെ വിളിപ്പാൻ ഞാൻ യോഗ്യനല്ല. പിന്നയൊ നിന്റെ വെലക്കാരിൽ ഒരുത്തനായി അടിയനെ കൈക്കൊണ്ടാൽ വെണ്ടുവൊളം മതിയായിരിക്കുന്നു. എന്നാൽ കർത്താവെ. ഇതിന്നു ഞാൻ യൊഗ്യനല്ലംകിലും എന്റെ സ്നെഹത്തെ അടക്കുവാൻ വശമല്ലായ്കയാൽ ഞാൻ വിളിക്കുന്നു. എന്റെ പ്രിയംനിറഞ്ഞ അപ്പാ, എല്ലാവരാലും ഞാൻ കൈവിടപ്പെട്ടാലും നീ എന്നെ മറക്കുന്നില്ലല്ലൊ. അയ്യൊ! ദുഷ്ടനായ ഞാൻ നിന്നെ മറന്നുകൊണ്ടുപോയി എംകിലും എന്റെ പ്രിയമുള്ള പിതാവെ നീയിതുവരെയും എന്നെ ഉപേക്ഷിക്കാതെ പാർത്തിരിക്കയും ഞാൻ എന്റെ തന്നിഷ്ടത്തിന്നു ലൊകമായക്കും ചെർന്നുംകൊണ്ട ഒരു ദിവസം എംകിലും മുഴുവനായ സ്നെഹത്തൊടുകൂടെ നിന്റെ പക്കൽ നിൽക്കാതെയും നിന്നെ ഓർക്കാതെയും നടക്കുന്നതിനെയും എന്റെ ഇന്ദ്രിയ സുഖം വലിക്കുന്നതിൻ വണ്ണം ബഹുമാന സുഖസന്തൊഷ ത്തിൽ പുറകെ പൊയാറെയും ആ നെരങ്ങളിലും നീ എന്റെ ഉള്ളിൽ യിരുന്നുകൊണ്ടും പുറകെ നടന്നുകൊണ്ടും എന്റെ ഹൃദയത്തിൽ നിന്റെ സ്വരം നീ കെൾപ്പിച്ചു. ഇതായത എന്റെ മകനെ നീ അന്വഷിക്കുന്ന ഈ ലൊകഭാഗ്യം എത്രയും ക്ഷണത്തിൽ നിന്നെ ഉപക്ഷിക്കും. ഒരു ദിവസം ഒരല്പനേരം കൊണ്ടയിതൊക്കയും പൊയി നീ തന്നെ ഒരു മരണകട്ടിലുമ്മെൽ ആകും. അപ്പൊൾ നീ സ്നെഹിച്ചും നിന്നെ സ് നെഹിച്ചും ഇരുന്ന സ്നെഹിതന്മാരുടെ സ്നെഹമൊക്കയും എങ്ങനെ എന്ന നിനക്കു തിരിയും. അപ്പൊൾ മകനെ നീ എന്നെ അന്വഷിക്കും. ആ നെരം ഞാൻ മാത്രം നിന്നെ ആശ്വസിപ്പിപ്പാനുണ്ടാകയുള്ളു. എന്നാൽ ഈവണ്ണം നീയിപ്പൊൾ എന്നെ ഉപക്ഷിച്ച എന്റെ ചൊരയൊ ക്കയും ചിന്തി എന്റെ പ്രാണനെയും കൊടുത്ത് വാങ്ങിച്ചിരിയ്ക്കുന്ന എന്റെ സംപത്തായ നിന്റെ ആത്മാവിനെയും നിന്റെ കയ്യിൽ ഏല്പി ച്ചിരിക്കുന്നു. പാവപ്പെട്ട ആത്മാവുകളെയും ഈവണ്ണം നീ നശിപ്പി

ക്കുന്നു എംകിൽ ആ നെരത്തിൽ എങ്ങനെ നിന്നെ ഞാൻ ആശ്വസിപ്പിക്കും എന്നും ഈവണ്ണമുള്ള തിരുവചനങ്ങളും പലപ്പഴും എന്റെ മനസിലിരുന്നു. ചൊല്ലിക്കൊണ്ട എന്നെ പ്രിയത്തൊടുകൂടെ അന്വേഷിച്ചിരുന്നു. ഇപ്പൊൾ ഈ മുഴുവൻ ധ്യാനത്താൽ നിന്റെ പക്കൽതന്നെ നീ ചെർത്തിരിക്കുന്നുവല്ലൊ. അയ്യൊ മനൊഗുണമുള്ള പിതാവെ! എന്റെ നന്നിയില്ലായ്ക ഒക്കയും എന്നൊടു നീ പൊറുത്തു കൊള്ളണമെ. യിനിഒരുനാളും നിന്നിൽ നിന്ന് ഞാൻ അകലുകയില്ലന്നും എന്റെ ശക്തിഒക്കെയൊടും കൂടെ ഞാൻ പ്രതിജ്ഞചെയ്യും. നീ എന്റെ പിതാവെ! ഈ എന്റെ ആഗ്രഹത്തെയും പ്രതിജ്ഞയെയും കൈക്കൊണ്ട നിറവെറ്റണമെ എന്നും ദാവീദ് എന്ന പുണ്യരാജാവിനൊടുംകൂടെ ഞാനും നിന്നൊടപേക്ഷിക്കുന്നു. ഇത നിന്നൊടുംകൂടെ മൃഗം ഞാൻ ആയിരിക്കുന്നു. അപ്പോഴൊ അനുഗ്രഹമുള്ളപിതാവെ ഇതാ മൃഗംപോലെ ഞാൻ നില്ക്കുന്നു. നീ നിന്റെ തിരുമനസു പൊലെ എവിടെയ്ക്കു നടത്തണമൊ എന്തുചെയ്യണമൊ എങ്ങനെ ചെയ്യണമൊ കർത്താവെ! നീതന്നെ എന്നെക്കൊണ്ട് നടത്തിയ്ക്കണമെന്നും ചെയ്യിക്കണമെന്നും അപക്ഷിക്കുന്നു. നിന്റെ തിരുമനസിന്ന എന്റെ മനസിനെ കീൾപ്പെടുത്തി ഏൾപ്പിച്ചിരിക്കുന്നു. കർത്താവേ! നിന്റെ തിരുമനസ്സ് എന്നാ അതുതന്നെ അടിയന്റെ ഭാഗ്യം എന്നും നിശ്ചയിച്ചിരിക്കുന്നു. ഈ നിശ്ചയത്തിന്ന അന്തരം വരായവാൻ എന്നെ നീ കാത്തുകൊള്ളണമെ! ഈവണ്ണം അപെക്ഷിച്ചും അപ്രകാരം മെലാൽ വ്യാപരിപ്പാനും ധ്യാനത്താൽ പ്രതിജ്ഞചെയ്കയും വെണം.

# ഭക്തിയില്ലാത്ത പട്ടസുഖക്കാരന്റെ മരണം

ആ! ഭക്തിയില്ലാത്ത ദൈയവ ശുശ്രൂഷിയുടെ മരണം എത്രയൊ ഭയങ്കരമുള്ളതാകുന്നു. എന്നതിനെ കൂടെകൂടെ ധ്യാനിക്കുന്നുവെങ്കിൽ നിശ്ചയമായിട്ടിത്രയധികം പട്ടക്കാർ നരകത്തിൽ നശിച്ചു പൊകയുമില്ല. എന്നാൽ ആയ എത്രയും ഭയങ്കരമായ ക്ഷണത്തിൽ കൂടിവരുന്ന ഭീതികളും സംഭ്രമങ്ങളും വിചാരിച്ചുനൊക്കുമ്പോൾ ഭയത്താൽ ഞടുങ്ങി ഞടുങ്ങി ശരീരമൊക്കയും വിറക്കയും ചെയ്യും. ആ! പട്ടസുഖക്കാരനായ ആത്മാവെ! ഈവണ്ണം മന്ദഗുണമുള്ള പട്ടക്കാരുടെ മരണത്തിൻ പ്രകാരവും അതിന്നുകൂടി വരുന്ന സങ്കടങ്ങളും ഭയങ്ങളും നല്ലപൊലെ കണ്ടു ബൊധിപ്പാൻ മനസാകുന്നുവെംകിൽ ഈ ധ്യാന സ്ഥലത്തിൽതന്നെ നിന്റെ കൺമുൻപാകെ മരിപ്പാറായിരിക്കുന്ന ഭക്തിയില്ലാത്ത ഒരു പട്ടക്കാരന്റെ മരണത്തെ വിചാരിച്ചു കണ്ടുകൊൾക. ഇതാ രൊഗത്താൽ വിളറിയിരിക്കുന്ന മുഖത്തിൽ മരണത്തിന്റെ അടയാളം കാട്ടിക്കൊണ്ട് ഭയംനിറഞ്ഞ കണ്ണുകൾ അങ്ങൊട്ടുമിങ്ങൊട്ടും തിരിച്ചും നൊക്കിയും കൊണ്ടും ഒടുക്കത്തെ ശ്വാസം വിടാറായിരിക്കുന്നു. തലക്കുത്ത, മനംമറച്ചിൽ, നെഞ്ചിൽ വ്യസിനം, കൺകുത്ത, വിയർപ്പ ഈവണ്ണമുള്ള പല നൊൻപരങ്ങളാലും ദുരിതപ്പെടുന്നു. മറിഞ്ഞും തിരിഞ്ഞും കിടന്നാലും ഒരാശ്വാസം അവനുണ്ടാകുന്നില്ല. അതെന്ത്യെ, പുറമെയുള്ള ദുരിതങ്ങളെക്കായിൽ ഉള്ളിലുള്ള വ്യസിനവും വിഷാദവും ഭയവും എത്രയൊ അധികം വല്യതായിരിക്കും. അതെങ്ങനെ എന്നാൽ ഈ ഒടുക്കത്തെനെരത്തിൽ അവന്റെ ജീവിതം മുഴുവൻ ഇതായത ചെറുപ്പംമുതൽ ഈ വിനാഴികവരെ അവൻ നിരൂപിച്ച വിലക്കപ്പെട്ട നിരൂപണകളും അവൻ മനസൊടുകൂടെ കൺതുറന്ന നൊക്കി എന്ന വിലക്കപെട്ട കാഴ്ചകളും ഇതു കാരണത്താൽ ഉണ്ടായ തണ്യയപെക്ഷകളും ആഗ്രഹങ്ങളും വിചാരങ്ങളും പറഞ്ഞ വിലക്കപ്പെട്ട വചനങ്ങളും ആയതിനെ കെട്ടവർക്ക ആയതു കാരണത്താൽ ഉണ്ടായ ഉതപ്പുകളും തള്ളിക്കളവാൻ ആവശ്യമായിരിക്കുന്ന സന്തൊഷത്തിന്നടുത്ത വിചാരങ്ങളെ തള്ളാതെയും ഉപക്ഷിക്കാതെയും മനസറിഞ്ഞുകൊണ്ട താമസിപ്പിച്ചതും ഇതും അല്ലാതെ മനസൊടുകൂടിതന്നെ ചെയ്ത സകല കുറ്റങ്ങളും കുറ്റം എന്നു തോന്നി

യാറെ കൂട്ടാക്കാതയും അപെക്ഷയാലെയും ആത്മ കൺകുരു ടായതിനാൽ കുറ്റമല്ലന്നും വിചാരിച്ചുകൊണ്ട നൊക്കിയതും കണ്ടതും പറഞ്ഞതും സംസാരിച്ചതും ഇങ്ങനെ അവന്റെ ജീവിതത്തിൽ ഉണ്ടായ പാപങ്ങളായ നിരൂപണം, വചനം, പ്രവൃത്തി ഒക്കയും ആ നെരത്തിൽ അതിന്റെ തിന്മയുടെ ശക്തിയൊടുകൂടെ ദൈയവനീതിയിൽ തെളിയ പ്പടും എന്നുള്ള ഓർമ്മയാൽ അവന്റെ ജീവിതം മുഴുവനും അവന്റെ കൺമുമ്പാകെ വച്ച അതിൽ പിഴച്ച ദൊഷങ്ങൾ ഒക്കയും തിരിച്ചു തിരിച്ചു കണ്ടറികയും അപ്പൊൾ കാരണമില്ലാതെയും മടിയാലയും ഉപക്ഷിച്ച കാനൊനാനമസ്ക്കാരവും ഭക്തിയില്ലാതയും ദെയവഭയം കൂടാതെയും അണച്ച ദെയവപൂജകളും ആത്മശുദ്ധത്തൊടുകൂടെ യിരിക്കയിൽ ഈ ഭയംകരമായ ദെയവസിംഹാസനത്തിന്നും അൾത്താരയിലും കരെറി എന്നതും ഫലംകൂടാ.......

(ബാക്കിസ്ഥലം കൈയെഴുത്തുപ്രതിയിൽ വെറുതെ കിടക്കുന്നു).

# ചാവറയച്ചൻ ചൊല്ലിയിരുന്ന ചില പ്രാർത്ഥനകൾ

ചാവറയച്ചന്റെ സ്വന്തം കൈപ്പടയിൽ എഴുതിയിരിക്കുന്ന ഒരു ചെറിയ ബുക്കാണിത്. 12.5 സെന്റിമീറ്റർ നീളവും 8 സെന്റിമീറ്റർ വീതിയുമുള്ള 218 പേജുകളാണ് ഇതിലുള്ളത്.

ചാവറയച്ചന്റെ കൈപ്പടയിലുള്ള മൂലപ്രതി ഇന്നും സൂക്ഷിക്ക പ്പെടുന്നുണ്ട് മാന്നാനത്ത്.

പുസ്തകത്തിന്റെ കവറിൽ ഇങ്ങനെയൊരു കുറിപ്പു കാണുന്നു:

"ഈ പുസ്തകം വലിയ പ്രിയോർ അച്ചൻ[1] ഉപയോഗിച്ചിരുന്നതാണ്. ചെത്തിപ്പുഴ അലമാരിയിൽ ഇരുന്നിരുന്നു. അവിടെ പുസ്തക അല മാരി നന്നാക്കിയപ്പോൾ, ഉപയോഗമില്ലാതെ കളഞ്ഞ പുസ്തകങ്ങളുടെ കൂട്ടത്തിൽ ഇതും ഉൾപ്പെട്ടു. എന്നാൽ പെ. ബ. പ്രിയോർ നിക്കൊളാ സച്ചന്റെ അനുവാദത്തോടെ എന്റെ പെരുമാറ്റത്തിനായി എടുത്തു.

(ഒപ്പ്)

ഫാ. ദാവീദ്

25 May1918

*1. ചാവറയച്ചനെയാണ് ഇവിടെ വിവക്ഷിക്കുന്നത്.*

കൈയക്ഷരത്തിൽനിന്നു മാത്രമല്ല, ചാവറയച്ചന്റെ പ്രത്യേക ശൈലികൾ പലതും ഈ പ്രാർത്ഥനകളിൽ നമുക്കു കാണാം.

പുസ്തകത്തിന്റെ ആദ്യപേജുകൾ നമുക്കു ലഭിച്ചിട്ടില്ല. 138-ാമത്തെ പേജുതൊട്ടാണ് പുസ്തകം തുടങ്ങുന്നത്. 225 ആണ് അവസാനത്തെ പേജ്. ഈ 87 പേജുകളിലായി താഴെ പറയുന്ന പ്രാർത്ഥനകളാണുള്ളത്.

1. ധ്യാനാരംഭക്രമം
2. മാതാവിനോടു ജപം
3. ഉഷർകാല ജപം
4. വൈകിട്ടത്തെ നമസ്കാരം
5. കണ്ണടക്കക്കേടിൽ നിന്നുവന്നുകൂടിയ കുറ്റങ്ങളെ തീർത്ത് കണ്ണടക്കം കിട്ടുന്നതിനുള്ള അപേക്ഷ.
6. പട്ടക്കാരാകുന്നവര് ദിനംതോറും ഏറ്റം ഏറ്റം എരിവുള്ള മനസ്സോടുകൂടെ ദൈവത്തിനു ചിറ്റായ്മ ചെയ്യാൻ ദിനംപ്രതി അപേക്ഷിക്കുന്ന നമസ്കാരം.

# ധ്യാന ആരംഭ: ക്രമം

ശുദ്ധമാകപ്പെട്ട-മുഴുവൻ തെറ്റം-സർവ്വവല്ലഭമുള്ള തമ്പുരാനെ! ഞാനിപ്പോൾ ഇവിടെ നിന്റെ തിരുമുമ്പാകെ നില്ക്കുന്നുവെന്ന ഉറപ്പായിട്ടു വിശ്വസിക്കുന്നു. എന്നാൽ ഞാൻ പലപ്പോഴും ഉപദ്രവിച്ച അറ്റമില്ലാത്ത മഹിമപ്രതാപമുള്ള തമ്പുരാന്റെ തിരുമുമ്പാകെ വന്നു നില്ക്കുന്നതിനു ഞാൻ യൊഗ്യനാകുന്നതെങ്ങനെ? ആ കർത്താവേ! നിന്റെ തൃക്കൺ മുമ്പാകെ നില്ക്കുന്നതിനെക്കാൾ നരകപാതാളത്തിൽ അടക്കപ്പെടുവാൻ ഉള്ളതിനു ഞാൻ യൊഗ്യനായിരിക്കുന്നു. എങ്കിലും നിന്റെ അറുതിയില്ലാത്ത പിതാവിനടുത്ത അനുഗ്രഹത്തുമ്മെൽ ആശ്രയിച്ച ശരണപ്പെട്ട ഇവിടെ നിൽക്കുന്നെൻ ചെയ്ത ദൊഷങ്ങളെ ഓർത്തു ലജ്ജപ്പെട്ടതെറുന്നെൻ. പട്ടാങ്ങയായിട്ടു നിന്നെ ആരാധിച്ചു കുമ്പിടുന്നെൻ. ഇപ്പോൾ ഞാൻ ധ്യാനിപ്പാൻ പോകുന്ന കാര്യങ്ങളുടെ താല്പര്യം വെണ്ടുംവണ്ണം കണ്ടുപിടിക്കേണ്ടതിന്നും നിന്റെ സ്തുതിക്കും ബഹുമാനത്തിന്നും ഞങ്ങളുടെ ദാരിദ്രപ്പെട്ട ആത്

മാവിന്റെ ഉപകാരത്തിനും വേണ്ടിയിരിക്കുന്ന ജ്ഞാനഫലങ്ങൾ അനുഭവിക്കുന്നതിനും കുരുടനായ എന്റെ ജ്ഞാനകണ്ണുകളെ തുറന്നു തെളിക്കണമെന്നും ഞങ്ങളുടെ തണുക്കപ്പെട്ട ഹൃദയത്തെ ഉഷ്ണിപ്പി ക്കണമെന്നും നിന്നോടു ഞാൻ പ്രാർത്ഥിക്കുന്നെൻ. ആമ്മെൻ.

എത്രയും ശുദ്ധമാന കന്യാസ്ത്രീമറിയമെ! തമ്പുരാന്റെ അമ്മെ! ദൊഷത്താളവരുടെ സങ്കേതയിടമാകുവാൻ നീ അരിശപ്പെടുന്നില്ല. എന്നുവരുമ്പോൾ ഞങ്ങൾ അനേകം പാപികളാകുന്ന ദൊഷത്താള രാകുന്നു. എന്നുവരികിലും ഇനിമേലിൽ നിന്റെ വിശ്വാസമുള്ള അടിയാരായി ജീവിപ്പാൻ ഞങ്ങൾ ആഗ്രഹിക്കകൊണ്ടും ഞങ്ങളുടെ ഹൃദയത്തിന്റെ അഴിവൊക്കയൊടു കൂടെ നിന്നോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ഞങ്ങൾക്കുവേണ്ടി ചിന്തപ്പെട്ട നിന്റെ വാഴ്ത്തപ്പെട്ട പുത്രന്റെ മാണിക്കമായ ചൊരയെപ്രതിയും നിന്റെ വ്യാകുല ദുഃഖത്തെപ്രതിയും ഈ ദിവസത്തിൽ ഞങ്ങളെ നീ സഹായിക്കണമെന്നും വല്ലൊരു ദൊഷത്തിലും വീഴുന്നതിനുമുമ്പെ ഭൂമിയിലെ ഞെരുക്കങ്ങളും സങ്കടങ്ങളും ഞങ്ങൾക്കുവേണ്ടി കടാക്ഷിക്കണമെന്നും നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. അയ്യൊ മനോഗുണത്തിന്റെ അമ്മെ! ഇനിയെങ്കിലും ന്യായം വിധിക്കുന്ന നിന്റെ പുത്രനെ അരിശപ്പെടു ത്തായ്വാനും വിനാഴിക നേരത്തെ മൃഗത്തിനടുത്ത അനുകൂലം കൊണ്ടും പ്രസാദംകൊണ്ടും എന്നന്നേയ്ക്കുമുള്ള ദുരിതങ്ങളെ ഞങ്ങൾ നെടായ്വാനും നീ സഹായിക്കണമെ. (P. 142-143 വെറുതെ കിടക്കുന്നു).

# ശുദ്ധ – ദൈവമാതാവിനെക്കുറിച്ചുള്ള ജപം

എൻെറ ഈശോയെ! അനുഗ്രഹിക്കണമെ. എന്റെ ഈശൊയെ നീ കോപിച്ചിരിക്കുന്നു. നിന്റെ കോപം ഞായമുള്ളതാകുന്നു. എന്നാൽ ഇപ്പോൾ ഞങ്ങളുടെ പാപങ്ങളെ നോക്കാതെ നിന്റെ പ്രിയപ്പെട്ട മാതാവായ കന്യാസ്ത്രിമർത്തമറിയത്തിനെ നൊക്കണമെ. ഞങ്ങൾ ക്കുവേണ്ടി കണ്ണുനീർ ചിന്തിയ ആ തൃക്കണ്ണുകളെക്കുറിച്ചും ഞങ്ങളുടെ മേലുള്ള ദ്യാവുകൊണ്ടു നെടുവീർപ്പുകളെ വിട്ട എന്ന ആ ചുണ്ടുകളെ

ക്കുറിച്ചും ഞങ്ങളുടെമേലുള്ള പ്രിയത്താൽ ഒരു വാളാൽ പിളർക്കപ്പെട്ടു എന്ന ആ എത്രയും മൃദുവായിട്ടുള്ള തിരുഹൃദയത്തെക്കുറിച്ചും ഞങ്ങളോടു പൊറുക്കണമെ. നീ ഉണ്ണിയായിരുന്നപ്പോൾ കിടന്നതും മരിച്ചിരിക്കുമ്പോൾ നിന്നെ തഴുകിയതുമായ മറിയം നിന്റെ തിരു ഹൃദയം ഇതായിരിക്കുന്നു. നിന്റെ തിരുമേനിയിലും തിരുമുറിവുകളിലും ഏറിയ മുത്തലുകൾ മുത്തിയ തിരുചുണ്ടുകൾതന്നെ അവയായി രിക്കുന്നു. ഉണ്ണിയായിരിക്കുമ്പോൾ തന്നെ നിന്നെ പ്രസാദിപ്പിച്ചതും രക്തം നിറഞ്ഞ തിരുമുറിവുകളെ കണ്ണുനീരാൽ കഴുകിയതുമായ തിരുക ണ്ണുകൾ അവയായിരിക്കുന്നു.

ആ: എന്റെ ഈശൊയെ! നിന്റെ പ്രിയപ്പെട്ട മാതാവായ മറിയത്തിന്റെ ആ തൃക്കണ്ണുകളെക്കുറിച്ചും ആ തിരുചുണ്ടുകളെക്കുറിച്ചും ആ തിരുഹൃദയത്തെക്കുറിച്ചും ഞങ്ങളുടെമേൽ കൃപയായിരിക്കണമെ. എന്റെ ഈശൊയെ! നിന്റെ കൊപത്തെ അമർത്തികൊള്ളണമെ. മറിയത്തിന്റെ തിരുഹൃദയം ഞങ്ങൾക്കുവേണ്ടി വ്യസനപ്പെടുന്നു. ആ തിരുചുണ്ടുകൾ ഞങ്ങൾക്കുവേണ്ടി അപെക്ഷിക്കുന്നു. അനുഗ്രഹ ത്തിന്റെ കണ്ണുകളായ ആ തിരുകണ്ണുകൾ നിന്റെമെലും ഞങ്ങളുടെ മെലും തിരിഞ്ഞു തൃക്കൺപാർക്കുന്നു. നീ ഇതൊക്കെയും കണ്ടിട്ട് അനുഗ്രഹിക്കാതെ കൊപമായിരിക്കുമൊ?

ഞങ്ങൾ ചെയ്ത പാപം കഠിനമായ പാപമായിരിക്കകൊണ്ട കൃപ കിട്ടുവാൻ യൊഗ്യമില്ല, എങ്കിലും നിന്നൊടു അപേക്ഷിക്കുന്നതാരാ: അതായത് നിന്റെ പ്രിയപ്പെട്ട മാതാവായ മറിയത്തിന്റെ തിരുഹൃദയം നിന്നൊടപെക്ഷിക്കുന്നു. അവരുടെ തിരുചുണ്ടുകൾ നിന്നൊടു പറയുന്നു. അവരുടെ തിരുക്കണ്ണുകൾ നിന്നെ തൃക്കൺപാർക്കുന്നു!

ആ എന്റെ ഈശൊയെ! ഇനി കൊപമായിരിപ്പാൻ നിനക്കു വഹിയാ. ഇതിൻവണ്ണമുള്ള മാതാവെ അപേക്ഷിക്കുന്നതെല്ലാം കൊടുക്കാതെ ഇരിപ്പാൻ പാടില്ല. ആയതുകൊണ്ട എന്റെ ഈശൊയെ! ഞങ്ങൾക്ക മാതാവും സങ്കേതവും ആയ പരിശുദ്ധ മറിയത്തിന്റെ തിരുമുഖത്തെ ക്കുറിച്ച ഞങ്ങളുടെമേൽ അനുഗ്രഹമായിരിക്കണമെ. ആമ്മെനീശൊ.

ദൈവമാതാവിനെ ചുറ്റുന്ന 12 നക്ഷത്രങ്ങളെക്കുറിച്ചു 12 നന്മ: മുന്മസുഖം മാതാവിന്നു കൊടുത്ത വരപ്രസാദങ്ങളെക്കുറിച്ച മുന്മസുഖത്തിന്ന സ്തുതിയായിട്ട - 3 ത്രിത്വസ്തുതിയും പാപികളുടെ മനസ്സതിരുവിന്നവേണ്ടി 1 നന്മ- നമസ്കരിച്ചുകൊള്ളണം.

ഞങ്ങളുടെ കർത്താവെ ഈശൊമ്ശിഹായെ! നീ എവിടെ ആകുന്നു എന്ന എന്റെ ഹൃദയം ഒക്കയും നീ കാണുമെന്നു നിരൂപിച്ച ഇതാ നിന്റെ തിരുമുന്നിൽ മുട്ടുംകുത്തി നില്ക്കുന്നു. അയ്യൊ മഹാപാപിയും വലിയ നന്ദികെട്ടവനും ഞാൻ ആയി.

കർത്താവെ! നീ ഇനിയ്ക്കു ചെയ്തു തന്ന ഉപകാരങ്ങൾ ഒക്കയും ഞാൻ മറന്നു. അയ്യൊ-എന്റെ പട്ടാങ്ങയായ പിതാവെ! ഇത്ര നെരവും എന്നൊടു നീ ക്ഷമിച്ചതുപൊലെ കുറഞ്ഞൊരു നെരം കൂടെ എന്നൊടു നീ ക്ഷമിക്കണമെ- എന്റെ ദോഷത്തിനടുത്ത പ്രായശ്ചിത്തം എത്തിപ്പാൻ എനിക്കു നീ ഇട കൂട്ടണമെ. എന്റെ സർവ്വെശ്വരാ! ഇന്നത്തെ ധ്യാനത്തിൽ നിന്നൊടു പറഞ്ഞൊത്തതുപൊലെ ഞാൻ ഇരുന്നില്ല. ആയതുകൊണ്ട എന്റെ ഹൃദയം ഒക്കയൊടുംകൂടെ നിന്നൊടു ഞാൻ പറഞ്ഞൊത്ത തേറുന്നു - മെലാൽ ഒരിക്കലും നിന്റെ പ്രമാണത്തിന്ന് വിഘ്നം വരുത്താതെ നടക്കുന്നുണ്ടന്ന എന്റെ ശക്തി ഒക്കയൊടും കൂടെ നിന്നൊടു ഞാൻ പറഞ്ഞൊക്കുന്നു. ആമ്മേൻ.

# ഉർകാല ജപം

അറുതിയില്ലാത്ത ബാവാതമ്പുരാനെ, പുത്രൻ തമ്പുരാനെ, റൂഹാദക്കുദശാതമ്പുരാനെ എന്റെ തമ്പുരാനും എന്റെ പിതാവും എന്റെ ഗുരുനാഥനും ആകുന്നപൊലെ നിന്നെ വന്ദിച്ച കുമ്പിടുന്നേൻ. ശു: പള്ളി വിശ്വസിക്കുന്നതും പഠിപ്പിക്കുന്നതും ഒക്കയും ഞാൻ വിശ്വസിക്കുന്നു. എന്റെ വിശ്വാസത്തെ നീ ഉറപ്പിക്കണമെ. നീ എന്നെ സൃഷ്ടിച്ചതിന്റെയും രക്ഷിച്ചതിന്റെയും കഴിഞ്ഞ രാത്രിയിൽതന്ന മനഗുണങ്ങളുടെ ഉപകാരങ്ങളൊക്കയ്ക്കും വെണ്ടിട്ടു സ്തൊത്രം ചെയ്യുന്നെൻ. എന്റെ സ്നെഹപ്പെട്ട ദെയ്വമെ എന്റെ ഹൃദയമൊക്കയും കൊണ്ട നിന്നെ സ്നേഹിക്കുന്നു. എന്റെ സ്നെഹത്തെ സാക്ഷിക്കുന്നതിനായിട്ടു ഇന്നത്തെ ദിവസത്തിലും എന്റെ ആയുസ്സിന്റെ മുഴുവൻ കാലത്തിലും ചെയ്യുന്നതൊക്കയും പാടുപെടുമെന്നതൊക്കയും നിനക്ക കാഴ്ചവച്ചിരിക്കുന്നെൻ. ഈശോമിശിഹായുടെയും മർത്തമറിയത്തിന്റെയും യൌസെപ്പു പുണ്യവാളന്റെയും നന്മപ്രവൃത്തികളൊടുകൂടെ എന്നെ നിനക്കു കാഴ്ചവച്ച നിന്റെ സുദിയ്ക്കായിട്ടും

എന്റെ വിശാരങ്ങളും വശനങ്ങളും പ്രവൃത്തികളും ഒക്കയും എന്റെ പക്ഷങ്ങളൊക്കെയും വസ്തുക്കളൊക്കയും ഇന്നും എല്ലാപ്പഴും തിരുകാഴ്ച, വൈയിക്കുന്നെൻ. എത്രയും ദയയുള്ള ദൈവമെ മരണത്തൊളം നിനക്ക വിശ്വാസമുള്ളവനായിരിപ്പാൻ ഈശോമ്ശിഹാ യുടെ യോഗ്യതകളെക്കുറിച്ചു നിന്റെ ദൈവഇഷ്ടപ്രസാദത്താലെ എന്നെ സഹായിയ്ക്കണമെ. എന്റെ ആയുസ്സിന്ന കെടുവരുമെങ്കിലും ദൊഷത്തെ ദ്വെഷിച്ചുപെക്ഷിച്ചിരിക്കുന്നെൻ. എന്നാൽ തന്നെ ഒന്നു ചെയിവാൻ പിടില്ലാതെ ഇരിക്കുന്നതനെക്കൊണ്ട നീ എന്റെ ദൈവമെ എന്നെ സഹായിച്ചി രക്ഷിച്ച പരിപാലിക്കണമെ. നിന്നിൽ മുഴുവനും ഞാൻ ശരണപ്പെട്ടിരിക്കുന്നെൻ. എന്നെ ആദരിക്കുന്നവരായ നിങ്ങൾ ഇനിയ്ക്കുവെണ്ടി അപെക്ഷിപ്പിൻ. വിരൊധമായിട്ടുള്ള കാര്യങ്ങളിൽ നിന്റെ തിരുമനസ്സിന്ന എന്റെ മനസ്സിനെ ഒപ്പിപ്പാനും എത്രയും മെൽപ്പെട്ടതും നെറിവുള്ളതും സ്നേഹപ്പെട്ടതുമായ തമ്പുരാന്റെ തിരുമനസ്സു എല്ലാപ്പഴും സ്നേഹിക്കപ്പെട്ടതും പുകഴപ്പെട്ടതും ആയിരിയ്ക്കട്ടെ എന്ന എപ്പൊഴും ചൊല്ലുവാനും ഉറച്ച നിശ്ചയിച്ചിരി ക്കുന്നെൻ.

പരിശുദ്ധ കന്യാസ്ത്രി ആയ ദൈവമാതാവെ, ഞാനെത്രയും യോഗ്യമില്ലാത്ത പാപിയായിരിക്കുന്നു. എങ്കിലും സർവ്വതും കൈയ്ക്കൊണ്ട തമ്പുരാന്റെ തിരുസന്നിധിയിൽ നിന്റെ ശുദ്ധമാക്കപ്പെട്ട കാലുകളുടെ മുമ്പാകെ- കമിഴ്ന്നുവീണ എന്റെ ഹൃദയത്തെ നിനക്കു കാഴ്ചവച്ച നിന്റെ മക്കളുടെ എണ്ണത്തിൽ എന്നകൂടയും കൂട്ടണമെന്ന അപേക്ഷിക്കുന്നു. പ്രത്യേകം എന്റെ ജീവിതത്തിന്റെ യൊഗ്യങ്ങളിലും പ്രത്യേകം ഇന്നത്തെ ദിവസത്തിലും എന്റെമെൽ അനുഗ്രഹിച്ച ബൊധത്തിന്റെയും ഹൃദയത്തിന്റെയും വെടിപ്പിനെ ഈശൊമിശിഹാ യിൽ നിന്ന് സാധിച്ച നിന്റെ തിരുവാഴുവിനെ ഇനിയ്ക്ക തന്നരുളണ മെ. ആമ്മെൻ. 1 ആ. 3 നന്മനിറഞ്ഞ മറിയവും എന്നെ കാക്കുന്ന കർത്താ വിന്റെ മാലാഖായെ ശെഷവും - മുഴുവൻ തേറ്റത്തിന്റെ പ്രകാരം ശെഷവും ചെല്ലണം.....

## വൈകിട്ടത്തെ നമസ്ക്കാരം

അറുതിയില്ലാത്ത ബാവതമ്പുരാനെ, പുത്രൻ തമ്പുരാനെ, റൂഹാദക്കുദശാതമ്പുരാനെ എന്റെ തമ്പുരാനും എന്റെ പിതാവും എന്റെ ഗുരുനാഥനുമായ നിന്നെ വന്ദിച്ച കുമ്പിടുന്നെൻ. ശുദ്ധ പള്ളി

വിശ്വസിക്കുന്നതും പടിപ്പിക്കുന്നതും ഞാൻ വിശ്വസിച്ചിരിക്കുന്നു. എന്റെ വിശ്വാസത്തെ നീ ഉറപ്പിക്കണമെ. നീ എന്നെ സൃഷ്ടിച്ചതിനെയും രക്ഷിച്ചതിനെയും കഴിഞ്ഞ രാത്രിയിൽ കിട്ടിയ മനൊഗുണങ്ങളെയും ഉപകാരങ്ങളെയും കുറിച്ചു നിനക്കു സ്തൊത്രം ചെയ്യുന്നെൻ. എന്റെ സ്നെഹപ്പെട്ട ദൈവമെ, എന്റെ ഹൃദയമൊക്കയും കൊണ്ട നിന്നെ സ്നേഹിക്കുന്നു. എന്റെ സ്നേഹത്തെ സാക്ഷിക്കുന്നതിനായിട്ടു ഈ രാത്രിയിലും എന്റെ ആയുസ്സിന്റെ മുഴുവൻ കാലത്തിലും പ്രവർത്തിക്കു മെന്നതൊക്കയും നിനക്ക കാഴ്ചവച്ചിരിക്കുന്നെൻ. ഈശൊ മിശിഹായും പരിശുദ്ധ ദൈവമാതാവും യൌസെപ്പപുണ്യവാളനും ചെയ്ത നന്മപ്രവൃത്തികളൊടുകൂടെ ഈ രാത്രിയുടെ ഉറക്ക നിനക്കു കാഴ്ചവച്ച എന്റെ നെടുവീർപ്പുകൾ ഒക്കയും നിന്റെ നെരെ സ്നേഹ ത്തിന്നടുത്ത പ്രകാരങ്ങൾ ആയിരിക്കണമെന്നു ഞാൻ മനസ്സായിരി ക്കുന്നെൻ. എത്രയും ദയയുള്ള ദൈവമെ മരണത്തൊളം നിനക്കു വിശ്വാസമുള്ളവനായിരിപ്പാൻ ഈശോമിശിഹായുടെ യോഗ്യതകളെ പ്രതി നിന്റെ ദൈവഇഷ്ടപ്രസാദത്താലെ എന്നെ സഹായിയ്ക്കണമെ. എന്റെ ആയുസ്സിന്ന കെടുവരുമെങ്കിലും ദൊഷത്തെ ദ്വെഷിച്ചു പേക്ഷിച്ചിരിക്കുന്നു. എന്നാൽ തന്നെ ഒന്നും ചെയ്‌വാൻ പാടില്ലാ. നീ എന്റെ ദൈവമെ സഹായിച്ച രക്ഷിച്ച പരിപാലിയ്ക്കണമെ....

പരിശുദ്ധ കന്യസ്ത്രി ആയ ദൈവമാതാവെ! ശെഷവും കാലത്തെ നമസ്ക്കാരത്തിൽ കാൺക.

1 ആ: 3 നന്മ: എന്നെ കാക്കുന്ന കർത്താവിന്റെ മലാഖായെ ശെഷവും മുഴുവൻ തേറ്റത്തിന്റെ പ്രകാരവും ശെഷവും ചൊല്ലി ദോഷങ്ങളിന്മേൽ പൊറുതി കിട്ടുവാൻ തക്കതിൻവണ്ണം തൂങ്ങപ്പെട്ട രൂപം മുത്തി ഹൃദയത്തിന്മെൽ കുറെ നെരം വച്ചിരിക്കണം.

സൂക്ഷിക്കേണ്ടതായത ഈ രാത്രി ആയുസിന്റെ ഒടുക്കത്തെ രാത്രി പക്ഷെ ആയിരിയ്ക്കും. എന്നു വിശാരിച്ചുകൊണ്ടു കിടപ്പാൻ പൊകുന്നതിനു മുമ്പിൽ തൂങ്ങപ്പെട്ട രൂപം കൈയിൽ പിടിച്ചു തഴുകി കൊണ്ട തലഎണയുടെ താഴെ വച്ചിരിക്കണം. പിന്നെയും കിട പ്പാൻപൊയതിന്റെ ശെഷമായിട്ടു നെഞ്ചിന്മെൽ കുരിശു പ്രകാരമായിട്ട കൈയിവച്ചുകൊണ്ട എന്റെ കർത്താവെ നിന്റെ തൃക്കൈകളിൽ എന്റെ ആത്മാവിനെ ഏല്പിക്കുന്നു. എന്ന ചൊല്ലിക്കൊണ്ടും കൊറെ മുമ്പിൽ ചൊല്ലിയ സെന്തെസ്യായുടെ മെലെങ്കിലും ഈശൊമിശിഹായുടെ ഭംങ്ങപ്പട്ടിന്മെലെങ്കിലും നിരുപിച്ചകൊണ്ട ഉറക്കം പിടിപ്പാൻ ഉത്സാഹിച്ചുകൊൾക.

15 വയസ്സിൽ പ്രൊത്തസ്തന്ത മതം വിട്ടുപെക്ഷിച്ച കത്തൊലിക്കാ സത്യവെദത്തിൽകൂടി 18 വയസ്സിൽ പുണ്യവാളത്തിയെപോലെ മരിച്ച ഒരു പെൺ പൈതൽ നല്ല മരണത്തെ പ്രാപിക്കുന്നതിന്ന എഴുതി ഉണ്ടാക്കി എത്തിച്ചു കൊവന്ന നമുസ്ക്കാരം.

ഇതാ.................................................................................................. അറുതിയില്ലാത്ത കൃപയുള്ള ദെയവം അളവില്ലാത്ത അനുഗ്രഹമുള്ള പിതാവുമായിരിക്കുന്ന ഈശൊകർത്താവെ, ഞങ്ങൾ ഹൃദയത്തി നടുത്ത മനസ്ഥാപത്തൊടുകൂടെ നിന്റെ തിരുമുമ്പാകെ നിന്ന ഞങ്ങളുടെ മരണനെരത്തയും അതിന്റെ ശെഷം ഞങ്ങൾക്ക സംഭവിപ്പാനുള്ളതിനെയും നിനക്ക കയ്യാളിക്കുന്നു. ഇളക്കമില്ലാതെ കിടക്കുന്ന ഞങ്ങളുടെ കാലുകൾ ഇഹലോകത്തിലെ യാത്ര തീരാറായിരിക്കുന്നു എന്ന ഞങ്ങളെ ഓർപ്പിക്കുംമ്പൊൾ കൃപയുള്ള ഈശൊയെ ഞങ്ങളുടെ മേലനുഗ്രഹിക്കണമെ.

ഞങ്ങളുടെ കൈകൾ വിറച്ച തൂങ്ങപ്പെട്ട നിന്നെ പിടിച്ചുതഴുകുവാൻ വശമില്ലാത്ത മനസ്സൊപ്പാതെ ഞങ്ങളുടെ ദുഃഖത്തിനടുത്ത കട്ടിലിമ്മെൽ നിന്നെ വിടുന്നപ്പൊൾ ദയയുള്ള ഈശൊയെ ഞങ്ങളുടെ മെലനുഗ്രഹിക്കണമെ. മരണഭയത്താൽ സംഭ്രമം പൂണ്ട മടിച്ച ഞങ്ങളുടെ കണ്ണുകൾ മന്ദമായി നിന്നെ നൊക്കി സൂക്ഷിക്കുന്നപ്പൊൾ ദയാപരനായ ഈശൊയെ ഞങ്ങളെ അനുഗ്രഹിക്കണമെ.

തണുത്ത വിറച്ച ഞങ്ങളുടെ ശുണ്ടുകൾ ഒടുക്കത്തെ ഊഴം നിന്റെ തിരുനാമം വിളിക്കുപൊൾ അറുതിയില്ലാത്ത കൃപയുള്ള ഈശൊയെ ഞങ്ങളുടെ മെലനുഗ്രഹിക്കണമെ.

കരുവാളിച്ച ഞങ്ങളുടെ കവുളുകൾ ചുറ്റും നിൽക്കുന്നവർക്ക അലിവും ഭയവും തൊന്നിയ്ക്കയും മരണത്തിന്റെ വിയർപ്പിനാൽ നനഞ്ഞ ഞങ്ങളുടെ തലമുടിക്ക കൊൾമയിർക്കൊണ്ട ഞങ്ങൾക്ക മരണം സമീപമായി എന്നു കാട്ടുകയും ചെയ്യുമ്പോൾ ദയയുള്ള ഈശൊയെ ഞങ്ങളൊടനുഗ്രഹിക്കണമെ.

മാനുഷ സംസാരങ്ങൾക്ക എന്നെക്കുമായി അടയപ്പെട്ട ഞങ്ങളുടെ ചെവികൾ ഞങ്ങളുടെ നിത്യഭാഗ്യമെങ്കിലും എന്നന്നെക്കുമുള്ള ദുർഭാഗ്യമെങ്കിലും നിശ്ചയിക്കുന്ന ആ വിധിയുടെ സൊരം കെൾപ്പാനായി തുറക്കപ്പെടുംപൊൾ അറുതിയില്ലാത്ത അനുഗ്രഹമുള്ള ഈശൊയെ ഞങ്ങളുടെമെൽ അനുഗ്രഹിക്കണമെ.

ഭയങ്കരമായുള്ള മായാരൂപങ്ങളാൽ കലഹപ്പെട്ട ഞങ്ങളുടെ ............................ നാവ് മരണദുഃഖത്തിൽ മുഴുകിയിരിക്കുംപൊൾ ദയയുള്ള ഈശൊായെ ഞങ്ങളൊടനുഗ്രഹിക്കണമെ.

ഞങ്ങൾ ചെയ്ത ദൊഷങ്ങളുടെ വീഴ്ചയാലും നിന്റെ നീതിമെലുള്ള ഭയത്താലും കലങ്ങപ്പെട്ട ഞങ്ങളുടെ ആത്മാവെ നിന്റെ അനുഗ്രഹത്തു മ്മേലുള്ള തണുപ്പിക്കുന്ന ഓർമ്മ ഞങ്ങളിൽ നിന്നു നീക്കി ഞങ്ങളെ ശരണക്കെട്ടിൽ ഉൾപ്പെടുത്തുവാൻ ഭാവിക്കുന്ന ...... അന്ധകാരങ്ങളുടെ പ്രഭുവായ പിശാചിനൊടു യുദ്ധം ചെയ്യുംപൊൾ ദയയുള്ള ഈശൊായെ ഞങ്ങളുടെ മെലനുഗ്രഹിക്കണമെ.

രൊഗത്തിന്റെ സംകടങ്ങളാൽ ഞെരുങ്ങപ്പെട്ട ഞങ്ങളുടെ ഹൃദയം മരണത്തിന്റെ ഞടുക്കങ്ങളാലെയും ഞങ്ങളുടെ നിത്യരക്ഷയുടെ ശത്രുക്കളായ ചെയിത്താന്മാരൊടു ചെയ്ത യുദ്ധത്താലയും ആലസ്യ പെട്ടിരിക്കുംപൊൾ അനുഗ്രഹമുള്ള ഈശൊായെ ഞങ്ങളൊടനുഗ്ര ഹിക്കണമെ.

ഞങ്ങളുടെ ശരീരനാശത്തിന്റെ ലക്ഷണങ്ങളായ ഒടുക്കത്തെ കണ്ണുനീരുകളെ ഞങ്ങൾ ചിന്തുംപൊൾ നീ അവയെ പരിഹാര ബലി ആയിട്ടു കൈക്കൊണ്ട ആ ഭയങ്കരമായുള്ള സമയത്തിൽ ദയയുള്ള ഈശൊായെ ഞങ്ങളുടെമെലനുഗ്രഹിക്കണമെ.

ഞങ്ങളുടെ ബന്ധുക്കാരും സ്നെഹിതരും ചുറ്റും നിന്ന് ഞങ്ങളുടെ ദുഃഖത്തിനടുത്ത അവസ്ഥയിമ്മെൽ ദുഃഖിച്ച ഞങ്ങൾക്കുവെണ്ടി നിന്നെ വിളിക്കുംപൊൾ ദയാനിധി ആയ ഈശൊായെ ഞങ്ങളൊടനു ഗ്രഹിക്കണമെ.

ഇന്ദ്രിയങ്ങളൊക്കെയും മയങ്ങി ബോധംകെട്ട ലോകമൊക്കയും ഞങ്ങളിൽനിന്നു മറഞ്ഞ ഭയങ്കരമായ മരണവേദനകളാൽ ബാധിക്ക പ്പെടുംപൊൾ അനുഗ്രഹമുള്ള ഈശോായെ ഞങ്ങളുടെമെലനു ഗഹിക്കണമെ.

ഒടുക്കത്തെ നെടുവീർപ്പുകൾ ശരീരത്തിൽനിന്നു വെർപിരിവാൻ ആത്മാവിനെ ശക്തിപെടുത്തുംപോൾ നിന്റെ പക്കൽ വരുവാനുള്ള ആഗ്രഹങ്ങൾ എന്നപോലെ അവയെ നീ കൈക്കൊണ്ട ആ ഭയങ്കരമായുള്ള പ്രമാദത്തിൽ ദയയുള്ള ഈശോായെ ഞങ്ങളൊടനു ഗ്രഹിക്കണമെ.

ഞങ്ങളുടെ ആത്മാവ നിത്യമായി ഇഹലോകത്തിൽനിന്നു പുറപ്പെടുവാൻ ഉയിരില്ലാതെ കരുവാളിച്ച ഞങ്ങളുടെ ശരീരത്തെ

വിടുംപൊൾ ഞങ്ങൾ നിന്റെ ദിവ്യകർത്താവിനെ ചെയ്യുന്ന പൂജ എന്നപോലെ ഞങ്ങളുടെ പ്രാണനാശം നീ കൈയ്ക്കൊണ്ട ആ ഭയങ്കരമായുള്ള മാത്രയിൽ അറുതിയില്ലാത്ത ദയയുള്ള ഈശൊയെ ഞങ്ങളുടെമെലനുഗ്രഹിക്കണമെ.

ഒടുക്കത്തുംങ്കൽ ഞങ്ങളുടെ ആത്മാവു നിന്റെ തിരുമുമ്പാകെ വന്നതിന്റെ മഹത്വത്തിന്റെ ... യില്ലാത്ത ശൊഭയെ മുമ്പിലത്തെ ഊഴം കാണുംപൊൾ നിന്റെ തിരുമുമ്പാകെ നിന്ന ഞങ്ങളെ തള്ളിക്കളയാതെ ഞങ്ങൾ നിന്റെ സ്തുതികൾ നിത്യമായി പാടെണ്ടുന്നതിന്ന അളവില്ലാത്ത അനുഗ്രഹത്തിന്റെ മടിയിൽ ഞങ്ങളെ കൈക്കൊണ്ട് ദയാപരനായ ഈശൊയെ ഞങ്ങളൊടനുഗ്രഹിക്കണമെ. അതിന്റെ നാഴികയും ക്ഷണവും ഞങ്ങളിൽനിന്നു മറച്ചുകൊണ്ട ഞങ്ങളെ മരണത്തിന്നു വിധിച്ച സർവ്വെശ്വരാ സ്വാമീ, ഞങ്ങളുടെ ജീവിതകാലമൊക്കയും നെറിവിലും പുണ്യവഴിയിലും നടന്നതിന്റെ ഇഷ്ടപ്രസാദത്തൊടുകൂടെ ഇഹലോകത്തിൽനിന്നും പുറപ്പെടുവാനുള്ളതിന്ന യൊഗ്യരാകുവാൻ നിന്നൊടും റൂഹാദക്കുദാശായൊടും കൂടെ ജീവിച്ചുവാണിരിക്കുന്ന ഞങ്ങളുടെ കർത്താവീശോമിശിഹായുടെ യൊഗ്യതകളെക്കുറിച്ചു കൃപചെയ്തരുളണമെന്നു നിന്നൊടു ഞങ്ങൾ പ്രാർത്ഥിക്കുന്നു. ആമ്മെൻ.

(മെലെഴുതിയ നമസ്കാരം എത്തിക്കുംപൊഴൊക്കെയും നൂറു ദിവസത്തെ ദൊഷ പൊറുതി ലഭിക്കുമെന്നറിക.)

## കണ്ണടക്കകെട്ടിൽനിന്നു വന്നു കൂടിയ കുറ്റങ്ങളെ തീർത്ത് കണ്ണടക്കം കിട്ടുന്നതിനുള്ള അപെക്ഷ

എന്റെ നല്ല ഈശോയെ! എന്റെമെലനുഗ്രഹിച്ച എന്റെ അടക്കമില്ലായ്കയിൽ ഞാൻ ചെയ്ത കൈകണക്കില്ലാത്ത കുറ്റങ്ങളൊക്കെ എന്നൊടു പൊറുത്തുകൊള്ളണമെ! അവ ഒക്കയിന്മെൽ ഞാൻ പട്ടാങ്ങ ആയിട്ടു തെറുന്നെൻ.

എന്റെ പ്രിയമുള്ള ഈശൊ കർത്താവെ! ആ കുറ്റങ്ങളൊക്കയും നിന്റെ മെലിനിക്കുള്ള സ്നെഹക്കുറവിൽ നിന്നുവന്നു എന്നു നിശ്ചയം.

ആയതുകൊണ്ടു നിന്റെ അനുഗ്രഹത്തിനു ഞാൻ യൊഗ്യനല്ല. എന്നാൽ നിന്റെ തിരുമുറിവുകളും നിന്റെ കഠിനപ്പെട്ട മരണവും നിന്റെ

മെൽ ശരണപ്പെടുവാനുള്ളതിനു ഇനിയ്ക്ക ന്യായവും ഉറപ്പുള്ള ആധാരവും ആയിരിക്കുന്നു. ആ കർത്താവെ! എത്രയൊ വട്ടം നിന്നെ ഞാൻ സങ്കടപ്പെടുത്തി. നീയും എത്രയോവട്ടം എന്നൊട ക്ഷമിച്ചിരിക്കുന്നു. ഞാനും നിന്റെ വിശ്വാസമുള്ള അടിയാനായി നടന്നുകൊള്ളാമെന്ന് നിന്നൊടു പറഞ്ഞിട്ട വീണ്ടും നിന്നൊടുപദ്രവിച്ചു. അയ്യാവു കർത്താവെ മുഴുവൻ മനസ്സൊടുകൂടെ നിന്നെ സ്നെഹിപ്പാൻ എത്ര നാളൊക്ക ഞാൻ താമസിക്കും. നീ എന്റെ തണുക്കപ്പെട്ട അവസ്ഥയിൽ എന്നെ കൈവിടുന്നതുവരക്കൊ അയ്യയ്യൊ കർത്താവെ ഈ അവസ്ഥയിൽ കൈവിട്ടാൽ ഇനിക്ക നിത്യദുർഭാഗ്യം വന്നു കൂടുന്നതാകകൊണ്ട എന്നെ കൈവിടല്ലെ. ഞാൻ മുഴുമനസൊടെ അറിഞ്ഞ ഈ കുറ്റങ്ങളൊക്കയും എന്നിൽനിന്നു നീക്കികളവാൻ നിശ്ചയിച്ചിരിക്കുന്നെൻ. മെലിൽ നിന്റെമെൽ മുഴുവനും ആശ്രയിച്ച ശരണപ്പെട്ട നിന്റെ വിശ്വാസമുള്ള അടിയാനായി നടപ്പാൻ വെണ്ടിയിരിക്കുന്ന വരപ്രസാദവും ഇടവിടാതെ നിന്നൊടപെക്ഷിക്കുമെന്നു പ്രതിജ്ഞചെയ്യുന്നെൻ. കഴിഞ്ഞ ജീവിതകാലത്തിൽ എന്റെ പ്രതിജ്ഞകളുടെമെൽ ശരണപ്പെട്ട നിന്നൊടു സഹായമപേക്ഷിപ്പാൻ ഉപേക്ഷ വരുത്തിയതിനാൽ ഏറിയ കുറ്റങ്ങളിലും ദൊഷങ്ങളിലും ഞാൻ ഉൾപ്പെട്ടുപോയി. നിത്യപരമ പിതാവെ നിന്റെ ദിവ്യപുത്രനായ ഈശോമിശിഹായുടെ യൊഗ്യതകളെക്കുറിച്ചു എന്റെമെലനുഗ്രഹിക്കണമെ. എന്റെ ദുഷ്ടതഒക്കയിലും നിന്നൊടു സഹായമപെക്ഷിപ്പാൻ മനൊഗുണം ചെയ്യണമെ. അറുതിയില്ലാത്ത നന്മയാകുന്ന ദൈവമെ നിന്നെ ഞാൻ സ്നെഹിക്കുന്നു. എന്റെ ശക്തി ഒക്കയോടുംകൂടെ നിന്നെ സ്നെഹിപ്പാൻ മനസായിരിക്കുന്നു. എന്നാൽ നിന്റെ സഹായംകൂടാതെ ഞാൻ ഒന്നിനും വശമാകുന്നില്ല എന്നതിനെകൊണ്ട നീതന്നെ നിന്റെ ദിവ്യസ്നെഹം എന്റെ ഹൃദയത്തിൽ പറ്റിച്ച ഞാൻ മരണപര്യന്തം നിന്റെ വിശ്വാസമുള്ള മകനായി നടപ്പാൻ മനൊഗുണം ചെയ്യുമെന്ന നിന്റെ അളവില്ലാത്ത മനഗുണത്തിന്മെൽ ശരണപ്പെടുന്നു.

എന്റെ അമ്പുള്ള മാതാവെ, പരിശുദ്ധ കന്യാസ്ത്രീമറിയമെ, ഞാൻ നിന്റെമെൽ എത്ര ശരണപ്പെടുന്നുവെന്ന അറിഞ്ഞിരിക്കുന്നു. ആയ്തുകൊണ്ട നീയും എന്റെ മെലനുഗ്രഹിച്ചു ഞാൻ ചെയ്ത പറഞ്ഞൊപ്പുകളെ നിറവെറ്റുവാൻ ഇനിക്കു തുണ ആയിരിക്കണമെ... ആമ്മെൻ.

(ഇവിടെ ഏതാനും ലൈൻ നഷ്ടപ്പെട്ടു).

.........ളാടും കൂടെ ഇപ്പഴും എല്ലാപ്പഴും ഇതുമുതലായ ലൊകത്തിലെ പൂജകളെയും നമസ്ക്കാരങ്ങളെയും നന്മപ്രവൃത്തികളൊക്കയും കാഴ്ച

വയ്ക്കുന്നതല്ലാതെ ഇപ്പൊൾ ഇനിക്കുള്ളതും വരുവാനിരിക്കുന്നതു മായ ആത്മത്തിനും ശരീരത്തിന്നുമടുത്ത ദിഷ്ടതികൾക്കുവെണ്ടിട്ടും ഇനിക്ക സഹായവും തണുപ്പും ഉണ്ടാകെണ്ടിട്ടും ഞാൻ പട്ടാങ്ങയുള്ള മനസ്താപത്തൊടുകൂടെ ഇപ്പൊഴും എല്ലാപ്പൊഴും വെറുത്തുപെക്ഷി പ്പാൻ മനസ്സായി പ്രയാസപ്പെട്ടുവരുന്നു. എന്ന എന്റെ സകല ദൊഷ ങ്ങളുടെ പൊറുതിക്കും ജീവിക്കുന്നവരും മരിച്ചവരുമായും എന്റെ സംബ ന്ധക്കാരുടെയും സഹോദരന്മാരുടെയും സഹൊദരികളുടെയും രക്ത സംബന്ധക്കാരുടെയും സ്നേഹിതന്മാരുടെയും ശത്രുക്കളുടെയും അരൂ പിക്കടുത്ത നന്മയെംകിലും ശരീരത്തിന്നടുത്തതെംകിലും ഇനിയ്ക്കു ചെയ്തിരിക്കുന്നവ ഉപകാരികളുടെയും ശ്രെഷ്ടന്മാരുടെയും എന്റെ കീഴുള്ളവരുടെയും ഞാൻ ഞെരുക്കി അല്ലെങ്കിൽ ഉതപ്പിച്ചും. അതല്ല ദൊഷം പിഴപ്പാൻ ഞാൻ കാരണമായി എന്ന അവരൊക്കയുടെയും തണുപ്പിനും സഹായത്തിനും ശു: കത്തൊലിക്കാപള്ളിയുടെ എല്ലാ സ്ഥാനക്കാർക്കു വെണ്ടിട്ടും ഇത ശുദ്ധ പള്ളിയുടെ രക്ഷയ്ക്കും വർദ്ധിപ്പിനും ഉയർച്ചക്കും വെണ്ടിയിട്ടും സത്യവേദപ്രഭുക്കൾ തമ്മിൽതമ്മിൽ അന്യോന്യവും നിരപ്പുമായിരിപ്പാൻ വെണ്ടീട്ടും ശു. മാർപ്പാപ്പയുടെ സൌഖ്യത്തിനും ബെസ്പുർക്കാനായിൽ ദുരിതപ്പെ ടുന്ന ആത്മാവുകളുടെ രക്ഷക്കും തണുപ്പിനും സന്ന്യാസി മഠങ്ങളുടെ രക്ഷക്കും വർദ്ധിപ്പിനും സത്യവിശ്വാസമില്ലാത്ത ജനങ്ങളുടെ മനസ്സു തിരിവിനും വെണ്ടിട്ടും എന്റെ സൂക്ഷത്തിനും വിശാരണയ്ക്കും ഏൾപിക്കപ്പെട്ടിരിക്കുന്നവർക്കൊക്കെയ്ക്കും വെണ്ടിട്ടും പിന്നയും ഞങ്ങളുടെ കർത്താവീശൊമിശിഹായും തന്റെ ഭാഗ്യം നിറയപ്പെട്ട മാതാവായ കന്യാസ്ത്രി മറിയത്തുമ്മായും ഞാൻ അപെക്ഷിക്കണ മെന്ന തിരുമനസായിരിക്കുന്ന ആ ഉയരവർക്കും മരിച്ചവർക്കും വെണ്ടിയും ശു: കത്തൊലിക്കാപള്ളിയുടെ നിയൊഗംപൊലെയും എന്റെ ശ്രേഷ്ഠന്മാരുടെ (അല്ലെ-ഇന്നാരുടെ മനസുപൊലെയും എന്നാൽ കിട്ടുവാൻ കഴിയുന്ന ദൊഷപൊറുതികളൊക്കയും ഇനിക്ക ലഭിപ്പാനുള്ള മനസൊടുകൂടെ അപെക്ഷിപ്പാനും പ്രാർത്ഥിപ്പാനും ഈ പൂജയെ കഴിച്ച കാഴ്ചവെപ്പാനും ഈശൊമിശിഹായുടെ അയൊഗ്യ ശുശ്രൂഷി ആകുന്ന ഞാൻ (ഇന്ന നാമം) മനസ്സായിരിക്കുന്നെൻ. ബാവായുടെയും പുത്രന്റെയും റൂഹാദകുദശായുടെയും നാമത്താലെ ആമ്മെൻ ഈശൊ.

## പട്ടക്കാരാകുന്നവര ദിനംതൊറും ഏറ്റം ഏറ്റം എരിവുള്ള മനസൊടുകൂടെ ദൈവത്തിനു ചിറ്റാഴ്മ ചെയ്വാൻ ദിവസംപ്രതി അപേക്ഷിക്കെണ്ടുന്ന നമസ്കാരം

സർവ്വതും വശമാകുന്ന തമ്പുരാനെ കുർബാന പട്ടസുഖത്തിന്റെ സ്ഥാനത്തിൽ കെറ്റിയ ഞങ്ങൾ എല്ലാ ശുദ്ധതയിലും പുണ്യസുഖത്തിലും ഭക്തിയൊടും യൊഗ്യതയൊടുംകൂടെ നിനക്ക ശുശ്രൂഷ ചെയ്വാൻ മനൊഗുണം ചെയ്യണമെ. എന്നാൽ കടത്തിനും സ്ഥാനത്തിന്നും അടുത്ത പുണ്യസുഖത്തൊടുകൂടെ അല്പകുറ്റം കൂടാതെ വ്യാപരിപ്പാൻ ഞങ്ങൾക്ക പാടില്ല. എങ്കിലും എളിമയുള്ള ഹൃദയത്തൊടും നല്ല മനസ്സിന്റെ പ്രതിജ്ഞയൊടും ദിവസംപ്രതി ഏറ്റം എരിവുള്ള സ്നെഹത്തൊടും കൂടി നിനക്കു ചെയ്യുന്നതിന്നു ഞങ്ങൾ ചെയ്ത പാപങ്ങളിന്മേൽ യോഗ്യമാകുംവണ്ണം കരഞ്ഞു മനസ്താപപ്പെടുവാൻ മനൊഗുണം ചെയ്യണമെന്ന് നിന്നൊടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.....

# നാല്പതുമണി ആരാധന

### ആമുഖം

നാല്പതുമണി ആരാധന, ചാവറയച്ചനാണ് കേരളത്തിൽ തുടങ്ങിയത്. ഇതിന്റെ ക്രമം, ലത്തീൻ ആരാധനക്രമത്തിൽനിന്നും അദ്ദേഹം തന്നെ തർജ്ജമ ചെയ്തു ശരിപ്പെടുത്തിയിരുന്നു. എന്നിരുന്നാലും ഈ മൂലകൃതി ഇന്ന് നമുക്ക് ലഭിച്ചിട്ടില്ല. അതിന്റെ ഒരു പകർപ്പ് മാത്രമാണു നമ്മുടെ കൈയിൽ വന്നിരിക്കുന്നത്. ഇതു മാന്നാനം കൊവേന്തയുടെ ഈടുറപ്പിൽ ഇന്നു സൂക്ഷിക്കുന്നു. (A.M.S. J 24/A, XI/1211). ഇതിന് 21 പേജുകളാണ് ഉള്ളത്.

1866–ൽ കൂനമ്മാവു കൊവേന്തയിൽ ആരംഭിച്ച നാല്പതുമണി ആരാധന, തുടർന്നുള്ള കൊല്ലങ്ങളിൽ മറ്റു ആശ്രമങ്ങളിലും ഇടവക ദേവാലയങ്ങളിലും നടപ്പിലാക്കിത്തുടങ്ങിയിരുന്നു. ഈ ഓരോ അവസരത്തിലും ചാവറയച്ചൻ എഴുതി സജ്ജമാക്കിയിരുന്ന ക്രമം അവർ പകർത്തിയെടുത്തുകൊണ്ടുപോവുകയാണ് ചെയ്തിരുന്നത്. അങ്ങനെയുള്ള ഒരു പകർപ്പാണു ഞങ്ങൾ ഇവിടെ പ്രസിദ്ധം ചെയ്യു

ന്നത്. നമസ്കാരക്രമം എന്ന പേരിൽ മറ്റ് ആരാധനക്രമങ്ങളോടുകൂടി ഇതും അച്ചടിച്ച് മാന്നാനത്തുനിന്നു പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഈ പ്രസിദ്ധീകരണത്തിൽ ഇങ്ങനെ ഒരു അടിക്കുറിപ്പും ചേർത്തിട്ടുണ്ട്. "ഈ ക്രമങ്ങൾ ചാവറ പ്രിയോരച്ചൻതന്നെ, ക്ലമന്റ് പാപ്പായാൽ വിരചിതമായ നിയമസംഹിതയിൽനിന്നു എടുത്തിട്ടുള്ളതാണ്."

## നാല്പതുമണി ആരാധന

40 മണി എന്ന എത്രയും ഉയരപ്പെട്ട ഈ ക്രമവും ഭക്തിയും ഉണ്ടായ്ക എങ്ങിനെ എന്നാൽ 1535 കാലം മിലാൻ എന്ന നഗരിയിൽ വസന്തയാൽ ആ ക്കൊട്ടയിൽ 2000 ജനം മരിച്ചു. ആവു സ്ത്രീ 5, കാർലൊസ ജർമ്മനിയി 10 പ്രംസിസ്കാ ഈ മഹാരാജാക്കളു തമ്മിലുള്ള പടയാൽ ചൊരയൊഴുകി ഈ മഹാസെന നകരി വളഞ്ഞു കിടക്കയും ഈ കാലം 50 നൊയമ്പ് വന്ന ക്രമംപോൽ കപ്പുശിൻ: പെർമ്മ യൌസെപ്പ എന്ന മഹാത്മാവു നിത്യ പഠാർത്ഥയ്ക്കു വിളിയ്ക്കപ്പെട്ടു. കെത്തുക ദിവസം പഠാർത്ഥ തുടങ്ങിയാറെ ഈ മഹാ ഞെരുക്കത്താൽ ജനങ്ങൾ കലങ്ങി യിരിക്കയിൽ ഈ വെകിളം നീങ്ങാതെ ഫലിക്കയില്ലന്നും നിരൂപിച്ച ദെയ്വ തൊന്നിപ്പിനാൽ 40 മണി കർത്താവുപെക്ഷിക്കപ്പെട്ടതിനാൽ ഈ 40 മണിനെരം പരസ്യമായി ത്രൊണൊസിൽ കർത്താവിനെ വെച്ചാരാധിക്കണം എന്നു പറഞ്ഞതിനെ ലൊകരു കെട്ടു സന്തൊഷിച്ച ഉടൻ വെണ്ടിയ ചമയങ്ങളും 13 പതവിയായി സിംഹാസനവും 100 വല്യതിരികളും യിങ്ങനെയുണ്ട. മെത്രാൻ കൊനഗസെനാത്തൊരമ്മാര: യിങ്ങനെ വല്യവരു ജനങ്ങളും ചാക്കുടത്തും പ്രായശ്ചിത്ത കരുക്ക ളൊടും ചിലരു കുരിശു ചുമന്നും മുൾമുടിവെച്ചുംയിങ്ങനെ എണ്ണമി ല്ലാത്ത ജനം കൂടി. Afermo Joseph മുൾമുടിയും കഴുത്തിൽ കയറും കയ്യിൽ തൂങ്ങപ്പെട്ട രൂപവും...... 40 മണിയും ത്രൊണൊസിൻ പക്കൽ മുട്ടുകുത്തി 1 മണിക്കു 1 ചെറിയ പഠാർത്ഥ 40-ാം പക്കം നിനവ. ഇങ്ങനെയുള്ള അറിയിപ്പാൽ ഏവരും യിളകി 1 മണിയുടെ ആരാധ നയിൽ കർദ്യാൾ, മെത്രാൻ, കൊഗന്മാരു, ദർശനപട്ടക്കാരും ഒക്കയും ഇതിൻവണ്ണം ക്രമംപൊലെയും ഓരോ മണിയ്ക്ക ഒരൊ കൊപ്രിയ ക്കാരു മുഴുവനും അവരുടെ കപ്പൊളൻ മുതലായവരൊടുകൂടെയും ക്രമംപോലെ എല്ലാവരും തിരികത്തിച്ചുപിടിച്ചുകൊണ്ടും: ഈ ഭക്തി യാൽ മറ്റവരും തുടങ്ങി. ഈ ഒന്നാമത്തെ ആരാധനയിൽ രാജാക്കന്മാരു 6 മാസം സമാധാനം നിശ്ചയിച്ചു പാർത്തു. എംകിലും കുറെ കഴിഞ്ഞ

പടകൂടാതെ സമാധാനമാകയും ചെയ്തു. വസന്ത മുതലായത ഒക്കയും തീർന്നു. അന്നുമുതൽ ഓരോ സ്ഥലത്തു തുടങ്ങിയിപ്പൊൾ സത്യരാജ്യത്തിൽ ഈ ക്രമം ചെയ്യാത്ത പള്ളിയില്ല. റൊമ്മ, ജെനുവ, യിങ്ങനെ പ്രധാന നകരിയിൽ ആണ്ടുമുഴുവനും ഒരു പള്ളിയിൽ എടുക്കുംപൊൾ മുറുപള്ളിയിൽ വെക്കും. ഇതിൽ ദൊഷ പൊറുതി 3 ദിവസവും കു.ശു. കുർബാന. മുഴുവൻ ദൊഷപൊറുതി. ഒരു വിശീത്തയ്ക്കു 10 കാലവും 10 മണ്ഡലവും - ഇത ദിവസം എത്ര കുറി ചെയ്താൽ അത്ര കുറി ഉണ്ട.

## ഇഃ മഃ യഃ

# നാല്പതുമണിയുടെ ക്രമം

അതായത നാല്പതുമണിയെന്ന പെരായി മൂന്നു ദിവസത്തെയ്ക്ക വിശ്വാസികളുടെ ആരാധനയ്ക്കായിട്ട ശുദ്ധ: പള്ളി വച്ചിരിക്കുന്ന ക്രമംപൊലെ ശുദ്ധ: കുർബാന എഴുന്നെള്ളംച്ച വൈപ്പാനുള്ള ക്രമം.

1. മത: ഈ ക്രമം കഴിക്കുന്നതിന്നും മെല്പട്ടക്കാരന്റെ തിരിച്ചുള്ള അനുവാദം ഉണ്ടായിരിക്കണം.

2. മത: ഈ ദിവസങ്ങളിൽ യാതൊരു വക വെടിയും കൊട്ടും തമ്പെറും കൂടാതെ ശുദ്ധ: പള്ളിയുടെ പാട്ടുകൾ അല്ലാതെ മറ്റു യാതൊരുവക പാട്ടുകളും മുടക്കപ്പെട്ടിരിക്കുന്നു.

3. മത: പള്ളി ആഘോഷമായിട്ട് അലംകരിച്ച ശുദ്ധ: പള്ളിയുടെ ക്രമംപൊലെയുള്ള അലംകാരങ്ങളല്ലാതെ സ്വന്തബൊധത്തിന്നടുത്ത അലംകാരംവയ്ക്കാതെയും ത്രൊണൊസുമ്മെൽ കടലാസ അല്ലംകിൽ തുണി അല്ലംകിൽ പട്ടുകൊണ്ടുള്ള പൂറമിചെത്തികളെ വയ്ക്കാതെയും നല്ല പരിമളമുള്ള പച്ചപ്പൂക്കളെ വെടിപ്പായിട്ട വയ്ക്കയും എത്രയും വെളുത്തിരിക്കുന്നതും മതിയാകുംവണ്ണം മുഴുപ്പുള്ളതുമായ വേണ്ടുന്ന മെഴുകുതിരികൾവയ്ക്കയും വേണം. ആയതിൽ കുറയാതെ ഇരുപതു ശുദ്ധ: കുർബാന എഴുന്നെള്ളിച്ചുവെച്ചിരിക്കുന്ന നെരമൊക്കയും കത്തിയിരിക്കണം.

4. മത: ഈ ക്രമം വല്യ ത്രൊണൊസിൽ കഴിക്കെണ്ടതാകുന്നു. ആയതിന്മേൽ കൊത്തുരൂപങ്ങളും എഴുത്തുരൂപങ്ങളും എതായിരുന്നാലും വച്ചുകൂടാ-ഇത്രതന്നെ അല്ല പിന്നെയൊ നില്ക്കപ്പെട്ടതായിട്ടുള്ള ത്രൊണൊസിന്റെ രൂപവും മൂടുന്നതല്ലാതെ തൂങ്ങപ്പെട്ട രൂപവും നീക്കി പാട്ടുകുർബാനയുടെ നെരത്തിൽ മാത്രം ചെറിയതായിട്ടുള്ള ഒരു തൂങ്ങപ്പെട്ട രൂപം ശുദ്ധമാന കുർബാന എഴുന്നെള്ളിച്ചു വച്ചിരിയ്ക്കുന്ന സിംഹാസനത്തിന്റെ താഴെ തൂക്കി വൈയിയ്ക്കയും വെണം.

5. മത: പള്ളിയുടെ ജനെലകൾ ഒക്കയ്ക്കും മഞ്ഞ അല്ലങ്കിൽ ചൊകപ്പ നെറമുള്ള കൊർത്തിഞ്ഞ വൈയിയ്ക്കെയും പള്ളിയുടെ വല്ല്യ വാതിൽ വഴിയായിട്ട പുറമെയുള്ള ആളുകൾക്ക അകത്ത കാണാതെ ഇരിപ്പാൻവെണ്ടി പച്ചചകലാസ കൊണ്ടുള്ള കൊർത്തിഞ്ഞ വൈയ്ക്കയും വെണം.

6. നിയമിയ്ക്കപ്പെട്ട ദിവസത്തിൽ കാലത്ത മൂന്ന പെരായിട്ടുള്ള പാട്ടു കുറുബാന പാടി ശുദ്ധ: കുറുബാന അടക്കിയതിന്റെ ശെഷം കൂദാശ ചെയ്ത ഓസ്തിയെ അരുളിയ്ക്കായിയ്ക്കകത്ത വച്ച ത്രൊണൊസിന്റെ നടുവിൽ നിറുത്തി വെണ്ടുന്ന ആചാരങ്ങളൊടുകൂടെ കുർബാനയെ ചൊല്ലി തീർക്കണം. ആയതിന്റെ ശെഷം പട്ടക്കാരനും ഊഴിയക്കാരരും എംഗർത്തായുടെ വശത്തിൽ പോയി കുർബാന കുപ്പായവും കൈ ഊറാലയും ഊരി വെള്ള കാപ്പ ഉടുത്ത അവിടെത്തന്നെ വൂർശുമാ ചെയ്യാതെ കുന്തിരിക്കം ദൂമക്കുറ്റിയിൽ ഇട്ടുകഴിഞ്ഞിട്ട ത്രൊണൊസിന്റെ നടുവു അടിയിലെ പദവിയിൽ മുട്ടുകുത്തി മൂന്നു പ്രാവശ്യം ശുദ്ധ: കുർബാനയെ വീശി ഉടനെ പാട്ടുകാര... ശെബഹ്ലെശ്ശാൻ പാടിതൊടങ്ങുന്നു. അപ്പോൾ പട്ടക്കാരൻ ക്രമംപൊലെ ആറാം പട്ടക്കാരന്റെ കയ്യിൽനിന്നു അരുളിയ്ക്ക വാങ്ങിച്ചു കൊണ്ട പ്രദക്ഷണം തുടങ്ങുന്നു.

7. മത: പ്രദക്ഷണം പള്ളിയ്ക്കകത്ത കഴിക്കെണ്ടതാകുന്നു. എന്നാൽ പള്ളി അതിന്നു പൊരാഞ്ഞതായിരുന്നാൽ വെണ്ടുന്ന വെടിപ്പൊടുകൂടെ പള്ളിയുടെ മുറ്റത്തിൽ പള്ളിയിൽ നിന്ന് അധികം അകന്നു പൊകാതയും ശുദ്ധ: കുർബാനകൊണ്ടു വാഴു കൊടുക്കാതെയും കഴിക്കയും ആം.

8. മത. ശുദ്ധ: കുർബാനയുടെ മീതെ പാലിക പിടിച്ചുകൊണ്ടു പൊകുന്നതിന്ന് ആറ അല്ലംകിൽ എട്ടപട്ടക്കാരര പട്ടക്കാരര ഇല്ലംകിൽ സൂർപ്പീലീസ ഇട്ടുകൊണ്ട ശെമ്മാശ്ശമാര ഉണ്ടായിരിക്കണം. എന്നാൽ

പ്രദക്ഷണത്തിന്റെ ക്രമത്തിൽതന്നെ പാലികയുടെ മിന്നൊട്ട രണ്ടുപന്തിയായിട്ട വലുതായിട്ടുള്ള തിരിപിടിച്ചുകൊണ്ട എട്ടുപട്ട ക്കാരും ഉണ്ടായെ മതിയാവു. ആയവര പട്ടക്കാരുതന്നെ ആയിരിക്കണം. പ്രദിക്ഷണത്തിനു ആറ അഞ്ചാം പട്ടക്കാരനല്ലാതെ സൂർപ്പീലീസ മാത്രം ഇട്ടുകൊണ്ട ഒരു പട്ടസുഖക്കാരൻ കുരിശുപിടിച്ചുകൊണ്ട കത്തിസ്സാളുക്കാരുടെ നടുവിൽ പ്രദക്ഷണത്തിന്ന മിന്നൊട്ടു നടക്കയും രണ്ട ദൂമക്കുറ്റിക്കാരെ ശുദ്ധ: കുർബാനയ്ക്ക പുറംകൊടുക്കാതെ മിന്നൊട്ടുനടന്ന ഇടവിടാതെ വീശുകയും പ്രദക്ഷണനെരം മുഴുവനും ആഘൊഷമായിട്ട മണി ഒക്കയും കൊട്ടുകയും വെണം.

9. മത: ആ പ്രദക്ഷണനെരത്ത പാട്ടുകാരര രണ്ടു പന്തിയായിട്ട ശബഹലെശ്ശൻ പാടുകയും പട്ടക്കാരൻ ഊഴിയെക്കാരരൊടുകൂടെ താഴുന്ന സ്വരമായിട്ട ലാക്കലൊലാഹയും മറ്റു മസുമ്മൊറാകളും ചൊല്ലുകയും വേണം.

10. പ്രദക്ഷിണം കഴിഞ്ഞിട്ട പട്ടക്കാരൻ ത്രൊണൊസിന്റെ പദവി യിൽ മുട്ടുകുത്തി ആറാം പട്ടക്കാരൻ അയ്യാളുടെ കയ്യികളിൽ നിന്ന ശുദ്ധ: കുർബാന എടുത്ത ഉടനെതന്നെ ത്രൊണൊസിമ്മെൽ പൊക്ക മുള്ള എടത്തിൽ ഉണ്ടാകെണ്ടുന്ന സിംഹാസനത്തിൽ എഴുന്നെള്ളിച്ചു വയ്ക്കയും വെണം. ആയതിന്നൊടുകൂടെ പാട്ടുകാര കൊല്ലൻദശനെ പാടുകയും ലാവാ - ലവുറ... ഹബീവാ... ... എന്ന മൊഴിവരുമ്പൊൾ പട്ടക്കാരൻ എഴുന്നെറ്റ റുശുമ ചെയ്യാതെയും ശുദ്ധ: കുർബാനയ്ക്കു പുറം കൊടുക്കാതെയും കുന്തുരുക്കം ദൂപക്കുറ്റിയിൽ വച്ച മുട്ടുകുത്തി വീശുന്നു. കൊല്ലൻദശനെപാടി കഴിഞ്ഞിട്ട് പാട്ടുകാര പുണ്യവാളന്മാരു ടെ ലുത്തീന തുടങ്ങി അതിന്റെ ഒനീസാകളും ചൊല്ലികഴിഞ്ഞിട്ട പട്ടക്കാരൻ എഴുന്നെറ്റ് കൈകൂപ്പിക്കൊണ്ട ഊഴിയക്കാരര പുസ്തകം പിടിച്ചുകൊണ്ട മാറൻ അമക്കോൻനും അതിന്റെ സ്ലോസാകളും പാടുകയും വെണം. ആയതിന്റെ ശെഷം പട്ടക്കാരൻ മുട്ടുകുത്തി അല്പനെരം ധ്യാനിച്ചു തലയിൽ തൊപ്പിവയ്ക്കാതെ പൊകാം - ഇങ്ങനെ ആരാധന തുടങ്ങുന്നു.

11. മത: മൂന്നു ദിവസവും മൂന്നുപെരുടെ പാട്ടുകുർബാന ഉണ്ടായി രിക്കണം. എന്നാൽ ഒന്നാംദിവസവും മൂന്നാംദിവസവും ഒന്നാംതരം അല്ലെങ്കിൽ രണ്ടാംതരം പെരുന്നാളായിരുന്നാൽ ആ പുണ്യവാളന്റെ കുർബാന പാടുകയും ആയതിന്നടുത്ത നിറമുള്ള കുപ്പായങ്ങളെ ഉടു ക്കയും വെണം. എന്നാൽ വെദക്കുസ്തായും ചിത്തൊലയും ഇങ്ങനെ

ആയാലും എപ്പഴും വെള്ളയായിരിക്കണം. എന്നാൽ ഒന്നാംതരം രണ്ടാംതരം പെരുന്നാളുകളാകുകയില്ലംകിൽ ശുദ്ധ: കുർബാനയുടെ നെർച്ച കുർബാന വെള്ളനിറമായിട്ട പാടുകയും വെണം. എന്നാൽ നടുദിവസത്തെ പാട്ടുകുർബാന ശുദ്ധ. കുർബാന എഴുന്നള്ളിച്ചു വച്ചിരിക്കുന്ന വല്യത്രൊണൊസിലല്ലാ പിന്നെയൊ മറ്റു ചെറിയ ത്രൊണൊസിൽ പാടുന്നതല്ലാതെ ആ ദിവസം ഒന്നാന്തരം അല്ലെങ്കിൽ രണ്ടാം ന്തരമുള്ളതായിരുന്നാൽ പെരുന്നാളിന്റെ നിറത്തൊടുകൂടെ പെരുന്നാളിന്റെ കുർബാന പാടുകയും ആയത് അല്ലായെങ്കിൽ സമാധാനത്തിന്റെ നെർച്ച കുർബാന പാടുകയും വെണം.

12: ശുദ്ധ കുർബാന സ്താപിച്ചതിന്റെ ശെഷം ഉടനെതന്നെ രണ്ട അല്ലങ്കിൽ കുറയാതെ ഒരു പട്ടക്കാരൻ സൂർപ്പെലെസമാത്രം ഇട്ടുകൊണ്ട് മദബഹായിയ്ക്കകത്ത ത്രൊണൊസിന്റെ മുമ്പാകെ യാതൊരുവക സിംഹാസനം കൂടാതെ വാച്ചചകലാസകൊണ്ട മൂടപ്പെട്ട ഒരു വങ്കമാത്രം വച്ച അതിന്റെ ചെരെ മുട്ടുകുത്തി എത്രയും ഭക്തിയൊടുകൂടെയും ആരാധന കഴിയ്ക്കയും വെണം. എന്നാൽ പട്ടക്കാരനൊടുകൂടെ മദബഹായ്ക്കകത്ത അൽമ്മെനിദെരിശനക്കാരും പട്ടമില്ലാത്ത സന്യാസികളും ഉണ്ടെങ്കിൽ അവരും സൂർപ്പെലസ ഇട്ടിരിയ്ക്കണം. അതപൊലെതന്നെ ത്രൊണൊസ നന്നാക്കുന്നതിന്നും തിരിമാറ്റുന്നതിനും കത്തിയ്ക്കുന്നതിനും സൂർപ്പിലിസകൊണ്ടുള്ള ആളുകൾ അല്ലാതെ അൽമെനികൾക്ക യാതൊരു സംഗതിയെകുറിച്ച മദബഹായ്ക്കകത്ത കെറികൂടാ... .... ... ... .

13. മത: ആരാധനയ്ക്ക നില്ക്കുന്ന ആളുകൾ മാറുന്നതിന്ന ഓരൊ മണിനെരം വല്യമണികൊണ്ട മൂന്നു കൊട്ടുകയും ആയതിനെ സങ്കീർത്തിമുറിയിൽ ഒരു നാഴികമണി ഉണ്ടായിരിക്കയും വെണം.

14. മത-സ്താപിപ്പിന്റെ ത്രൊണൊസിൽ ഒന്നാംദിവസവും മൂന്നാംദിവസവും ഉള്ള പാട്ടുകുർബാന അല്ലാതെ മറ്റു യാതൊരുവക കുർബാന ചൊല്ലുകയൊ പാടുകയൊ ചെയ്തുകൂടാ- അതിൻവണ്ണം തന്നെ യാതൊരു ത്രൊണൊസിൽ മരിച്ചവരുടെ കുർബാന ചൊല്ലുകയൊ ചെയ്തുകൂടാ.

15. മത-ശുദ്ധ കുർബാന സ്ഥാപിച്ച എഴുന്നെള്ളിച്ചു ഇരിക്കുന്ന നെരത്തിൽ മെല്പട്ടക്കാരന്റെ വിശെഷ അനുവാദം കൂടാതെ പടാർത്ഥ പറഞ്ഞുകൂടാ.

16. മത-പാട്ടുകുർബ്ബാനയിലല്ലാതെ മറ്റു യാതൊരു കുർബ്ബാനയിലും ഇടമണി കിലിക്കികൂടാ. പിന്നയൊ പട്ടക്കാരൻ സങ്കീർത്തിയിൽ നിന്നു പുറപ്പെടുമ്പൊൾ കുർബ്ബാനയ്ക്കു കെറുന്നു എന്നതിന്റെ അറീപ്പിനായിട്ട സങ്കീർത്തിയിൽ തന്നെ അല്പനെരം ഒരു ശെറിയ മണി കൊട്ടുകയും ആം.

17. മത-സ്ഥാപിപ്പിന്റെ തലെദിവസം തുടങ്ങി മൂന്നുദിവസവും ത്രികാലജപത്തിന്റെ മണിയും ലലിയായ്ക്കും റമശായ്ക്കും പാട്ടുകുർബ്ബാനയ്ക്കും ഉള്ളതൊക്കെ പല മണിയായിട്ടും ആഘൊഷത്തൊടുകുടെ കൊട്ടുകയും വെണം.

18. കാനൊനനമസ്കാരം ശുദ്ധ: കുർബ്ബാനയുടെ തിരുമുമ്പാകെ അതായത ത്രൊണൊസിന്റെ പുറകിലുള്ള പ്രാർത്ഥനാമുറിയിൽ എത്തിക്കുന്നു.

സൂർപ്പലെസ ഇട്ടുകൊണ്ടും പാട്ടായിട്ടല്ല പിന്നെയൊ താഴ്ന്ന സ്വരത്തോടുകൂടയും എത്രയും നീളിച്ചുകൊണ്ട മഹാഭക്തിയൊടുകൂടെയും എത്തിക്കയും വെണം. എന്നാൽ നമസ്കാരത്തിന്റെ ദീർഘം കൊണ്ട ക്രമംപോലെ ഇരിയ്ക്കയും ചെയ്യാം.

19. ഈ മൂന്നുദിവസങ്ങളിൽ പള്ളിയ്ക്കകത്ത് പള്ളിയ്ക്കു വെണ്ടിയെങ്കിലും മറ്റു യാതൊരു സങ്ങതിയ്ക്കായിട്ടും ധർമ്മപാത്രം പിടിച്ചുകൊണ്ട നടന്നുകൂടാ ഇതതന്നെ അല്ല പിന്നെയൊ ധർമ്മം ചൊതിക്കുന്ന പിച്ചക്കാരുണ്ടായിരുന്നാൽ പള്ളിയിൽ നിന്ന് നൂറുകൊൽ ദൂരെ അകത്തി നിറുത്തുകയും വെണം.

20. യാതൊരുവക അൾമെനികൾക്ക പള്ളിയ്ക്കകത്ത കസെര പെരുമാറികൂടാ. ഇതന്നെ അല്ല, പിന്നെയൊ പാട്ടുകുർബ്ബാനയ്ക്കു പട്ടക്കാരനും ഊഴിയക്കാരർക്കും ഇരിക്കുന്നതിന്ന കസെരയല്ല പിന്നെയൊ ശകലാസ കൊണ്ട മൂടപ്പെട്ട ഒരു വങ്ക ആസ്തമാക്കയും വെണം. എന്നാൽ ആ വങ്ക പുറമെ ചാരുവാനുള്ള പലക ഉള്ളതാകയുംമാം. ഒന്നാം ദിവസം ശുദ്ധമാന കുർബ്ബാന സ്ഥാപിച്ചിട്ട രാത്രിയിൽ മണിയ്ക്ക വാഴുവും പാട്ടുകൂടാതെ ഊറാലമാത്രം ഇട്ടുകൊണ്ടു ഒരു പട്ടക്കാരനും ഒരു ശെമ്മാശനും ഒരു ധൂമക്കുറ്റിക്കാരനും ത്രൊണോസിന്റെ മുമ്പാകെ മുട്ടുകുത്തി ആരാധിച്ചു വീശി സക്കാറാരിയ്ക്കകത്ത ശുദ്ധ: കുർബ്ബാന വച്ചുപൂട്ടുകയും വെണം. കാലത്തു 5 മണിയ്ക്കു പള്ളി തുറക്കുന്നതിന്ന മുമ്പിൽ മെൽപറഞ്ഞ ക്രമത്തോടുകുടെ തന്നെ വീണ്ടും

സ്താപിക്കയും വെണം. അതിൻവണ്ണം തന്നെ രണ്ടാം ദിവസം രാവും മൂന്നാംദിവസം കാലത്തും കഴിക്കെണ്ടതാകുന്നു. മൂന്നാംദിവസത്തിൽ തക്കനെരത്തിൽ ആഘൊഷത്തൊടുകൂടെ സ്താപിപ്പിന്റെ ത്രൊണൊസിൽ കുറുബാന പാടുകയും ആയതിന്റെ ശെഷം പട്ടക്കാരൻ മുൻപറഞ്ഞ ക്രമംപോലെ കാപ്പ ഉടുത്ത ഊഴിയക്കാരൊടുകൂടെ ത്രൊണൊസിന്റെ പദവിയിൽ മുട്ടുകുത്തി ഉടനെ പട്ടക്കാര പുണ്യവാളൻന്മാരുടെ ലുത്തിനിയ പാടുകയും പട്ടക്കാരൻ മുട്ടുകുത്തിക്കൊണ്ട അതിന്റെ ഓനീസാകളും മറിയാശ്മാസ്ലോസ്...വരയും ചൊല്ലിയ ഉടനെ എഴുന്നെറ്റ റുശുമാ ചെയ്യാതെ കുന്തുരുക്കം വച്ച ശുദ്ധ:കുർബാനയെ വീശുക. അതിന്റെശെഷം വെദക്കുസ്താ ഉടത്ത മൊളിലത്തെ പതവിയിൽ കെറി മുട്ടുകുത്തി ആ 6-ാം പട്ടക്കാരന്റെ കൈകളിൽ നിന്ന ശുദ്ധ. കുറുബാന വാങ്ങിച്ച മെൽപറഞ്ഞ ക്രമംപൊലെ പ്രദക്ഷണം കഴിയ്ക്കാ. ഈ പ്രദക്ഷിണം കഴിഞ്ഞിട്ട് ആ 6-ാം പട്ടക്കാരൻ ശുദ്ധ: കുറുബാനയെ ത്രൊണൊസിന്റെ നടുവിൽ വച്ച് സ്വന്ത സ്തലത്തിൽ മുട്ടുകുത്തുവാൻ പൊകുന്നു. അപ്പൊൾ പട്ടക്കാരൻ എഴുന്നെറ്റ കൈകൂപ്പി ഊഴിയക്കാരര പൊസ്തകം പിടിച്ചു കൊണ്ട മാറൻ അമർക്കോൻ..... ചൊല്ലാതെ... സ്ലോസാ..... കളെ ചൊല്ലകാ എന്നതിന്റെ ശെഷം മുട്ടുകുത്തി വെദകസ്ത ഉടുത്ത ത്രൊണൊസിന്മെൽ കെറി തന്നെതാൻ ശുദ്ധ കുറുബാന എടുത്ത ലോകർക്ക വാഴുകൊടുക്കുന്നു. വാഴുകൊടുത്ത നെരത്ത ആഘൊഷത്തൊടുകൂടെ എല്ലാമണിയും കൊട്ടുകയും വെണം. വാഴു കഴിഞ്ഞിട്ട ആ 6-ാം പട്ടക്കാരൻ വെണ്ടുന്ന ആശാരങ്ങളൊടുകൂടെ ശുദ്ധ: കുറുബാന സക്കറാരിയ്ക്കകത്ത വച്ചുപൂട്ടി എല്ലാവരും പൊയി ഇങ്ങനെ 40 മണിയുടെ ക്രമം അവസാനിക്കുന്നു.

ഈ ക്രെമങ്ങളിൽ ഏറിയതും 12-ാമത്തെ കെളെമെത്തൊസ എന്ന ശുദ്ധ: മാർപ്പാപ്പാ പരസ്യപെടുത്തിയ തിരുവെഴുത്തിൽ നിന്ന് പൊരുൾ തിരിച്ചതാകകൊണ്ട എത്രയും സൂക്ഷത്തൊടുകൂടെ കാർക്കെണ്ടതാകുന്നു. എന്നാൽ ശെഷം ജനങ്ങളും വെണ്ടുന്ന ഭക്തിയൊടുകൂടെ ഈ ക്രമം കഴിക്കുന്നതിന ഈ മഹാകൂദാശയുടെ നെരെ ഭക്തിയും വണക്കവും അവരിൽ വർദ്ധിപ്പിക്കുന്നതിനും ഈ ക്രമം കഴിക്കുന്ന തന്ന രണ്ട ഞായറാഴ്ചമുമ്പെ പള്ളിയിൽ ഈ സംങ്ങതിയ്ക്കടുത്ത ഗുണദൊഷങ്ങളെ പറകയും പ്രത്തെ്യകമായിട്ട പള്ളിയ്ക്കകത്ത അടക്കവും വെടിപ്പും കാർക്കെണ്ടുന്ന കാര്യംകൊണ്ടും പള്ളിയുടെ

മിറ്റത്തിൽ മിണ്ടടക്കവും കാർക്കെണകാര്യംകൊണ്ടും എത്രയും താൽപ്പര്യമായിട്ട ഗുണദൊഷിയ്ക്കയും വെണം. എന്നാൽ പള്ളിയുടെ മിറ്റത്തിൽ മിണ്ടടക്കവും ക്രെമവും കാർപ്പിക്കുന്നതിന്ന് രണ്ട ദെരിശന കാരെങ്കിലും മറ്റ തക്കതായ രണ്ടുപെരംകിലും നിയമിച്ച വച്ചാൽ കൊള്ളാം.